ശ്രീ. സി. എഫ്. തോമസ്: നിയമമായി കഴിഞ്ഞു എന്നു പറഞ്ഞതിൽ സന്തോഷം ഉണ്ട്. പെട്ടിക്കടകളിലെല്ലാം വ്യാപകമായിട്ട് നടക്കുന്ന മദ്യവിൽപ്പന തടയാൻ നടപടി എടുത്തു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷേ അത് ഫലപ്രദമല്ല. ഒരിടത്തും നടപടി ശരിയായി നടക്കുന്നില്ല. അതുകൊണ്ട് ഈ ചർച്ചയുടെ വെളിച്ചത്തിലെങ്കിലും കർക്കശമായ നടപടി എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: മെക്കാളെ ഇന്ത്യൻ പീനൽകോഡ് ഉണ്ടാക്കിയിട്ട് കൊല്ലങ്ങളേറെയായി. കോടതിയുണ്ട്. ശിക്ഷിക്കാൻ, ശിക്ഷിക്കുന്നുമുണ്ട്. ഇന്നും കുറ്റം. നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എ.വി. താമരാക്ഷൻ: പത്തുവർഷംകൊണ്ട് കേരളത്തിൽ മദ്യനിരോധനം പൂർണ്ണമായി നടപ്പിലാക്കാൻ ലെയ്സൺ കമ്മിറ്റി കൂടി തീരുമാനിച്ചതായി പത്രത്തിൽ വാർത്തയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് ഈ വർഷം നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: അതാണ് ഞാൻ നേരത്തേ പറഞ്ഞത്. അങ്ങനെ തീരുമാനം ആയിട്ടില്ല. അതിന്റെ നാനാവശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: മാള മണ്ഡലത്തിൽ പുത്തൻചിറ പള്ളിയുടെ 400 മീറ്ററിനകത്ത് അനധികൃതമായി ഒരു ഷോപ്പ് നടത്തുന്നുണ്ട്. ആറുമാസമായിട്ട് ആ ഷോപ്പിന്റെ മുമ്പിൽ സത്യാഗ്രഹവും സമരവും പിക്കറ്റിംഗും നടക്കുകയാണ്. ആ ഷോപ്പ് അവിടെനിന്ന് മാറ്റാൻ സത്വരനടപടികൾ സ്വീകരിക്കുമോ?

ശ്രീ. എൻ. ശ്രീനിവാസൻ: സ്പെഷ്യൽ പെർമിറ്റോടുകൂടിയാണോ അല്ലയോ അത് നടത്തുന്നതെന്ന് നിശ്ചയമില്ല. ഇതിനെക്കുറിച്ച് പരാതി തന്നാൽ അന്വേഷിച്ച് വേണ്ടത് ചെയ്യാം.

V. നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1983–ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്) സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1983–ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) Sir, I second it.

ശ്രീ. ടി.എം. ജേക്കബ്: സർ, ഇതിനെക്കുറിച്ച് കൂടുതലായി ഒന്നും പറയാനില്ല. പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും വേണ്ടിയുള്ള അപേക്ഷകൾ സിൻഡിക്കേറ്റ് പരിഗണിക്കുന്നതിനുള്ള സമയപരിധി നീട്ടികൊടുക്കാൻ ചാൻസിലറെ അധികാരപ്പെടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കയാണ് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. നമ്മുടെ നിയമസഭയിൽ പല ദിവസങ്ങളിൽ ഇതു് ചർച്ചചെയ്തതാണ്. അതിനുശേഷം സബ്ജക്ട് കമ്മിറ്റിക്കു് പോയി. സബ്ജക്ട് കമ്മിറ്റി ഇതു് പരിശോധിച്ചതാണ്. അതുകൊണ്ടു് മാറ്റ് വലിയ പ്രശ്നങ്ങളൊന്നുമുള്ള ബില്ലല്ല ഇതു്. കഴിയുന്നതുംവേഗം ഈ ബിൽ പാസ്സാക്കിത്തരണമെന്നാണ് എനിക്കുപറയാനുള്ളതു്.

ശ്രീ. ഇ. പത്മനാഭൻ: സർ, ഞാൻ എന്റെ ഡിസെന്റിംഗ് നോട്ട് അവതരിപ്പിക്കുന്നു. 1982 നവംബർ മാസത്തിൽ കൊണ്ടുവന്ന ഒരു ഓർഡിനൻസിനെയും തുടർന്നുണ്ടായിട്ടുള്ള മറ്റു് ഓർഡിനൻസുകളേയും നിയമമാക്കി മാറ്റുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിതു്. ഇതിൽ പറഞ്ഞിട്ടുള്ളതു് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് പുതിയ കോളേജുകൾക്കോ പുതിയ കോഴ്സുകൾക്കോ അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള സമയം ആവശ്യമാണെന്നു കണ്ടാൽ പ്രത്യേക നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകൊണ്ടു് യൂണിവേഴ്സിറ്റി ചാൻസലർകൂടിയായ ഗവർണ്ണർക്കു് നീട്ടികൊടുക്കാമെന്നാണ്. എന്തായാലും ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു് കുറേയേറെ സംസാരിക്കേണ്ടതായിരുന്നു. എന്നാൽ അദ്ദേഹം ഒരക്ഷരം ഉരിയാടിയില്ല. ബിൽ അവതരിപ്പിച്ചു എന്നു മാത്രമേ അദ്ദേഹം പറഞ്ഞിട്ടുള്ളു. ഹൈക്കോടതിയുടെ പ്രത്യേക തീരുമാനമനുസരിച്ചു് ഉണ്ടായിട്ടുള്ള പ്രയാസം തീർക്കാനാണ് ഈ നിയമം കൊണ്ടുവന്നതെന്നാണ് സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ അദ്ദേഹം പറഞ്ഞതു്. ഞങ്ങളും ആ കമ്മിറ്റികളിലെല്ലാം വളരെ വ്യക്തമായി കാര്യങ്ങളും പറഞ്ഞതാണു്. ഒരു പ്രത്യേക സാഹചര്യം വന്നപ്പോഴും, തുടർച്ചയായി ഉണ്ടാകുമെന്നു് പ്രതീക്ഷിക്കാൻ ഇടയില്ലാത്ത ഒരു പ്രത്യേക സാഹചര്യത്തെ മറികടക്കുന്നതിനുവേണ്ടി, ഇങ്ങനെ സ്ഥിരമായി നിയമത്തിൽ ഭേദഗതി കൊണ്ടുവരേണ്ട ആവശ്യം ഉണ്ടോ എന്നു് ഞങ്ങളും ചോദിച്ചതാണ്. അതു് വേണ്ട എന്നു് ഞങ്ങളും ആവർത്തിച്ചാവർത്തിച്ചു് ആവശ്യപ്പെട്ടതാണു്. പക്ഷെ അതിനനുകൂലമായ ഒരു സമീപനമല്ല ഗവൺമെന്റ് എടുത്തതു്. ഇവിടെ കൊണ്ടുവന്നിട്ടുള്ള പുതിയ 56-ാം വകുപ്പിലെ ഉപവകുപ്പു് (2)

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. സീതിഹാജി]

മാറ്റി എഴുത്തികൊണ്ടു് അതിന്റെകൂടെ ഒരു പ്രൊവിഷൻകൂടി ചേർത്തിരിക്കുകയാണു്. 56-ാം വകുപ്പനുസരിച്ചു് പുതിയ കോളേജുകൾ അഫിലിയേറ്റ് ചെയ്യുന്നതിനുള്ള കാര്യം മാത്രമേ പറഞ്ഞിട്ടുള്ളു. എന്നാൽ പുതിയതായി ഇതു് പുനരാവിഷ്ക്കരിച്ച സമയത്തു് പുതിയ കോഴ്സുകൂടി ഉൾക്കൊള്ളിച്ചു. അതുമാത്രമല്ല അപേക്ഷ സ്വീകരിച്ചാൽ അതു് പരിശോധിക്കാനുള്ള സമയം നീട്ടികൊടുക്കാൻ വേണ്ടിയാണ് ഗവർണ്ണർക്കു് പ്രത്യേക അധികാരം നൽകിയിരിക്കുന്നതെന്നാണ് ബില്ലിന്റെ പ്രൊവിസോ പറയുന്നതു്. യഥാർത്ഥത്തിൽ ഇതു് നീട്ടികൊടുക്കുകയല്ല. സത്യവിരുദ്ധമായിട്ടുള്ള ഒരു പ്രസ്താവനയാണു് ഈ നിയമത്തിൽ എഴുതിയിട്ടുള്ളതു്. സമയം നീട്ടി കൊടുക്കുക എന്നു പറഞ്ഞാൽ നിലവിലുള്ള കാലാവധി അവസാനിക്കുന്ന ദിവസമെങ്കിലും അതിനും ഒരു ഉത്തരവു് ഉണ്ടാകണം. ഇതു് അതല്ല. കാലാവധി

LIBRARY ARCHIVES Kerala Legislative Assembly

ള്ളത് കാലത്ത് അവസാനിച്ചാലും ശരി കാലാവധി അവസാനിച്ച് വർഷങ്ങളും കഴിഞ്ഞാലും ശരി ഗവർണ്ണർക്ക് ഇതനുസരിച്ച് പുതിയതായി വീണ്ടും ഇത്തരം അപേക്ഷകളും പരിഗണിക്കുന്നതിനുള്ള സമയം നീട്ടികൊടുക്കാമെന്നാണ് ഇതിൽ എഴുതി വച്ചിരിക്കുന്നത്. ഇങ്ങനെ നീട്ടികൊടുക്കുന്ന സമയം ഒരു വർഷം ആയിരിക്കണമെന്നാണ് ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. നീട്ടികൊടുക്കുകയെന്നുള്ള പദപ്രയോഗത്തിന് യാതൊരു അർത്ഥവുമില്ല. നിലവിലുള്ള കാലപരിധി അവസാനിക്കുന്നതിനുമുമ്പ് ഉത്തരവുകളും പാസ്സാക്കുകയാണെങ്കിൽ സമയം നീട്ടികൊടുക്കുകയെന്നു പറഞ്ഞാൽ ഒരു കാര്യം വളരെ വ്യക്തമാണ്. അതായത് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് നിശ്ചയിച്ചിട്ടുള്ള സമയത്തിൽ നിന്ന് ഒരു വർഷമേ നീളാൻ പോകുന്നുള്ളു എന്നുള്ള കാര്യം വളരെ വ്യക്തമാണ്. എന്നാൽ ഈ നിയമത്തിൽ അതല്ല. ഇപ്പോഴും കൊണ്ടുവന്ന ഈ ഭേദഗതി അനുസരിച്ച് സിൻഡിക്കേറ്റ് ഏതെങ്കിലും ഒരു നിശ്ചയിച്ച് നേരത്തെ അപേക്ഷകളും സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ അപേക്ഷ പരിഗണിച്ച് കഴിഞ്ഞ് — എല്ലാ അപേക്ഷകളും പരിഗണിക്കാൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് നിർബന്ധിതമാണ്—ഇതിലെല്ലാത്തിനും കമ്മീഷനെ നിയമിക്കുന്നു. കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പുതിയ അപേക്ഷകളും പരിശോധിക്കുന്നത്. പുതിയ കോഴ്സുകൾക്കായാലും പുതിയ കോളേജുകൾക്കായാലും അതെല്ലാം പരിശോധിക്കുന്നത് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എല്ലാ അപേക്ഷകളും പരിഗണിച്ച് കഴിഞ്ഞ് സ്വീകരിക്കാവുന്നത്—വിദ്യാഭ്യാസത്തിന്റെ സൗകര്യങ്ങൾ മാനേജുമെന്റിനോ അല്ലെങ്കിൽ ഗവൺമെന്റിനോ നൽകാൻ കഴിയുന്ന പുതിയസൗകര്യങ്ങൾ, ഇതെല്ലാം കണക്കിലെടുത്തുകൊണ്ട്, വിദ്യാഭ്യാസത്തിന്റെ ആവശ്യംകൂടി കണക്കിലെടുത്തുകൊണ്ട് അവർ വിദ്യാർത്ഥികളുടെ ആവശ്യംകൂടി കണക്കിലെടുത്തുകൊണ്ട് റെക്കമെന്റേഷൻ നടത്തും. ആ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിലാണ് സിൻഡിക്കേറ്റ് തീരുമാനം എടുക്കുന്നത്. അങ്ങനെ തീരുമാനം എടുക്കുന്ന സമയത്ത് നിരാകരിക്കപ്പെട്ട അപേക്ഷകളും മാറ്റിവയ്ക്കുന്നു. അവർ ശുപാർശ ചെയ്യുന്ന അപേക്ഷകളാണ് ഗവൺമെന്റിലേക്ക് ലഭിക്കുന്നത്. ഇന്ന കാലയളവിനുള്ളിൽ സിൻഡിക്കേറ്റ് തീരുമാനം എടുത്താലും തീരുമാനം എടുത്തില്ലെങ്കിലും രണ്ടായാലും ഇത് ഉപയോഗിക്കാം. തീരുമാനം എടുത്തു കഴിഞ്ഞാൽ നിരാകരിച്ച അപേക്ഷകൾ പിൽക്കാലത്ത് ഗവൺമെന്റിന് ആവശ്യമാണെന്നു തോന്നുകയാണെങ്കിൽ, ആ അപേക്ഷ വീണ്ടും പരിഗണിക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ മേൽ സമ്മർദ്ദം ചെലുത്താനും യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ അനുകൂലമായ സാഹചര്യം ഉണ്ടാക്കിയെടുക്കാനും ഇന്ന് നിലവിലുള്ള സാങ്കേതികമായിട്ടുള്ള കാലത്തിനുള്ളിൽ പരിഗണിക്കുക എന്ന വ്യവസ്ഥ പ്രതിബന്ധമായിത്തീരും. അങ്ങനെയുള്ള പ്രതിബന്ധം മാറ്റി എടുക്കുന്നതിനുവേണ്ടി എത്ര വർഷങ്ങൾ കഴിഞ്ഞിട്ടാണെങ്കിലും ശരി, പഴയ അപേക്ഷ പരിഗണിക്കണമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയാണെങ്കിൽ (മന്ത്രിക്കു ആവശ്യമാണെന്നു തോന്നുകയോ രാഷ്ട്രീയ പരിഗണന ഉള്ളതുകൊണ്ട് ആവശ്യമാണെന്നു തോന്നുകയോ ആണെങ്കിൽ) അന്ന് ഇതനുസരിച്ച് ഒരു നോട്ടിഫിക്കേഷൻ കൊണ്ടുവരാം. അതിൽ ഒരു പ്രത്യേക കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പറയണമെന്നേയുള്ളൂ. ഒരു നോട്ടിഫിക്കേഷൻ കൊണ്ടുവന്ന് ആ അപേക്ഷ സിൻഡിക്കേറ്റിന്റെ മുമ്പിൽ പരിഗണനയ്ക്ക് വയ്ക്കാൻ ഈ നിയമംകൊണ്ട് അധികാരം നൽകുന്നു. എത്ര വർഷം കഴിഞ്ഞാലും ഒരു നോട്ടിഫിക്കേഷൻ കൊണ്ടുവന്നാൽ അന്നു മുതൽക്ക് ഒരു കൊല്ലക്കാലം ഇതിന് പ്രാബല്യം ഉണ്ടായിരിക്കുമെന്നു മാത്രമേ പറയുന്നുള്ളൂ. ഇങ്ങനെ ഒരു അധികാരം നൽകിയതുകൊണ്ടാണ് ഈ വിധം സംഭവിക്കുക. ഉദ്ദേശിക്കുന്ന തീരുമാനം നിർദ്ദോഷമായിട്ടുള്ള ഒരു ഭേദഗതിയാണെന്ന് ഇവിടെ പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുന്നു. അതേസമയത്ത് സ്ഥാപിത താൽപ്പര്യക്കാരനെ സംരക്ഷിക്കുന്നതിനും സ്വജനപക്ഷപാതം കാണിക്കുന്നതിനും മാത്രമേ ഇത് ഉപകരിക്കുകയുള്ളൂ എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്.

മറ്റൊരു കാര്യം കൂടിയുണ്ട്. ഒരു പ്രാവശ്യം എല്ലാവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് കുറെ റെക്കമെന്റേഷൻ നടത്തി കുറെയെണ്ണം യൂണിവേഴ്സിറ്റി നിരാകരിക്കുന്നു. എന്നിട്ട് വർഷങ്ങൾ കഴിഞ്ഞതിനുശേഷം പുതിയ അപേക്ഷകൾ സ്വീകരിക്കാതെ തന്നെ പഴയ അപേക്ഷകൾക്ക് (പുതിയ കോളേജുകൾക്കോ) പുതിയ അപേക്ഷകൾക്കോ അനുവാദം കൊടുക്കുന്നതിനും ഇത് ഉപയോഗിക്കാം. ഗവൺമെന്റ് പുതിയ കോളേജോ കോഴ്സോ തുടങ്ങാൻ തീരുമാനിക്കുകയാണെങ്കിൽ അത് ആ മേഖലയിലുള്ള എല്ലാവർക്കും പുതുതായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസര സമത്വം നിഷേധിച്ചുകൊണ്ടാകരുത്. എല്ലാവരേയും അപേക്ഷ സമർപ്പിക്കുന്നതിൽ നിന്നും വിലക്കാനും അവർക്ക് അവസരം നൽകാതിരിക്കാനും ഉള്ള അവകാശം ഈ ഭേദഗതികൊണ്ട് ഗവൺമെന്റിന് ലഭിക്കുകയാണ്. അങ്ങനെ തുല്യ അവകാശമോ തുല്യ അവസരമോ ഈ രാജ്യത്തുള്ള കോളേജുകൾക്കോ അല്ലെങ്കിൽ മാനേജ്മെന്റുകൾക്കോ നൽകാത്ത ഒരു അവസ്ഥാവിശേഷം ഉണ്ടാകും. അപേക്ഷകൾ കൊടുത്തതിൽ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റും ഇൻസ്പെക്ഷൻ കമ്മീഷനും ചെയ്ത ശുപാർശയുടെ അടിസ്ഥാനത്തിൽ നിരാകരിച്ച അപേക്ഷകൾ കണക്കിലെടുത്ത് വീണ്ടും പുതിയ കോളേജുകളും കോഴ്സുകളും കൊടുക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാടായി ഇത് അധഃപതിക്കും. ഈ മേഖലയിലുള്ള എല്ലാവർക്കും തുല്യ അവസരം ഇല്ലാത്ത അവസ്ഥ ഇതുണ്ടാക്കും. അതാണ് ഈ നിയമത്തിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നുകൊണ്ട് എനിക്കു പറയാനുള്ളത്.

മറ്റൊരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്. ഇങ്ങനെ ദുരുദ്ദേശപരമായി, ഉദ്ദേശശുദ്ധി ഇല്ലാതെ ഗവൺമെന്റ് പെരുമാറും എന്നു പറയാൻ പ്രത്യേക കാരണമുണ്ട്. ഇന്നത്തെ 'മാതൃഭൂമി' ദിനപ്പത്രത്തിൽ വന്നിരിക്കുന്ന ഒരു കാര്യമാണ്. നാൽപ്പതു വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കുന്ന ഒരു പുതിയ യൂണിറ്റ് ഒരു ട്രെയിനിംഗ് സ്കൂളിൽ അനുവദിച്ചിരിക്കുന്നു. ഈ രാജ്യത്ത് പുതിയ ട്രെയിനിംഗ് സ്കൂളുകൾക്ക് പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനോ പുതുതായി അഡ്മിഷൻ കൊടുക്കാം എന്നതിനോ യാതൊരു നോട്ടിഫിക്കേഷനും ഇല്ലാതെയാണ് അനുവദിച്ചിരിക്കുന്നത്. അതേസമയം പരിമിതമായ സീറ്റുള്ള ട്രെയിനിംഗ് സ്കൂളുകളിൽ വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ട് കാര്യമില്ലെന്നു കണ്ട് അപേക്ഷകൾ അയയ്ക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികൾ ഉണ്ട്. സ്വകാര്യ മേഖലയിലും അതുപോലെ തന്നെ ഗവൺമെൻറ് മേഖലയിലും ടി.ടി.സി.ക്ക് അപേക്ഷ അയച്ച നൂറുകണക്കിന് അപേക്ഷകരും ഇന്നു ബാക്കിയുണ്ട്. ആ സന്ദർഭത്തിൽ അവർക്ക് അവസരം കൊടുക്കാതെ, ഈ 'മാതൃഭൂമി' ദിനപ്പത്രത്തിൽ പറയുന്നതു ശരിയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ഉത്തരവു നൽകി നാൽപതു വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കുന്ന ഒരു പുതിയ യൂണിറ്റ് സ്വകാര്യ മേഖലയിലുള്ള ഒരു പ്രത്യേക ട്രെയിനിംഗ് സ്കൂളിൽ അനുവദിച്ചിരിക്കുന്നു. ഈ മന്ത്രിസഭയും ഈ മന്ത്രിയും ഗവൺമെൻറും പക്ഷപാതപരമായി പെരുമാറുന്നു എന്നുള്ളതിന് മറെറന്തെങ്കിലും തെളിവു വേണമോ? എല്ലാ കാര്യത്തിലും പക്ഷപാതപരമായിട്ടേ പെരുമാറിയിട്ടുള്ളൂ. സ്വകാര്യ പോളിടെക്നിക്കുകൾ കൊടുക്കുന്നു, സ്വകാര്യ മേഖലയിൽ ആയുർവേദകോളേജുകൾ കൊടുക്കുന്നു.. ഇതിൽ എല്ലാറിലും ഉള്ളത് ഗവൺമെൻറിൻെറ നയമാണോ? അങ്ങനെ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അത് പൊതുജനങ്ങളുടെ അറിവിനായി പരസ്യപ്പെടുത്തിയിരുന്നില്ല.

ആയുർവേദ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രയാസം ഉണ്ടായിട്ടില്ല. സ്വന്തക്കാർ അപേക്ഷിച്ചതുകൊണ്ട്, പണ്ടു പൂട്ടികഴിഞ്ഞിരുന്ന ഒരു ആയുർവേദകോളേജിൻെറ മാനേജിംഗ് ബോഡിയിൽ പുതിയ ചില ആളുകൾ കടന്നുകൂടി അവർക്കു ഈ രംഗത്ത് ഡിഗ്രി വന്നതോടുകൂടി പ്രവേശനത്തിന് തുകകൾ വാങ്ങിക്കൂട്ടാം എന്ന പുതിയ സാഹചര്യം ഈ രംഗത്ത് ഉണ്ടാക്കിയിരിക്കുകയാണ്. അതു ചൂഷണം ചെയ്യാം എന്ന ലാക്കോടുകൂടി ആ പൂട്ടാൻ തീരുമാനിച്ച ആയുർവേദകോളേജിൻെറ മാനേജിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ച് അതിൻെറ ആളുകൾ ഗവൺമെൻറിൽ സ്വാധീനം ചെലുത്തുകയാണ് ചെയ്തത്. അങ്ങനെയാണ് പുതിയതായി കോളേജ് ആരംഭിക്കാനുള്ള തീരുമാനമുണ്ടായത്. അവിടേയും തുല്യ അവസരം ഈ രംഗത്ത് നൽകിയില്ല. ആയുർവേദ വിദ്യാഭ്യാസ രംഗത്ത് താൽപ്പര്യമുള്ള എത്രയോ സ്ഥാപനങ്ങളുണ്ട്? അവർക്കെല്ലാം അപേക്ഷിക്കാനുള്ള അവസരം കൊടുത്തോ? കൊടുത്തില്ല. ഒരു നിയമം കൊണ്ടുവന്നാൽ ആ നിയമത്തിൽ ഒതുങ്ങിനിന്നു ചർച്ച ചെയ്യണം എന്നു പലപ്പോഴും ചെയർ തന്നെ ആവശ്യപ്പെടാറുണ്ട്. എങ്ങനെയാണ് സർ, ഈ സന്ദർഭത്തിൽ നിയമത്തിൽ ഒതുങ്ങി നിന്നുകൊണ്ട് സംസാരിക്കുന്നത്, നിയമമാണോ ഇവിടെ നടപ്പാക്കുന്നത്? നിയമത്തിൽനിന്നും വഴിവിട്ട പ്രവർത്തനമാണ് ഇവിടെ നടക്കുന്നത്. അതിന് ഉദാഹരണമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇന്നത്തെ പത്രത്തിൽ, ഒരു ട്രെയിനിംഗ് സ്കൂളിൽ 40 സീറ്റുകൾ ഉള്ള ഒരു പുതിയ യൂണിറ്റുകൂടി കൊടുത്തിട്ടുള്ളതായി വാർത്ത വന്നിരിക്കുന്നു. ഇതിന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയണം. ഈ വർഷം ടി.ടിസി.ക്ക് അപേക്ഷ സ്വീകരിച്ചപ്പോൾ ഗവൺമെൻറ് മേഖലയിലേക്ക് തന്നെ കിട്ടിയ എത്ര അപേക്ഷകളുണ്ട്? അതിൽ അഡ്മിഷൻ കിട്ടാത്ത വിദ്യാർത്ഥികൾ എത്രമാർക്ക് കിട്ടിയ വിദ്യാർത്ഥികളാണ് എന്നു പറയാൻ കഴിയുമോ? ഏറ്റവും അധികം മാർക്ക് കിട്ടിയ 70 ശതമാനം മാർക്ക് കിട്ടിയ വിദ്യാർത്ഥികൾക്കുപോലും ടി.ടി.സി.ക്ക് അഡ്മിഷൻ കിട്ടാത്ത സ്ഥിതിവിശേഷമാണ് നമ്മുടെ സ്റേറററിൽ ഉണ്ടായിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അഡ്മിഷൻ മുഴുവൻ കംപ്ലീറ്റ് ചെയ്തു കഴിഞ്ഞു. അപേക്ഷ അയയ്ക്കാനുള്ള അവസരം കഴിഞ്ഞു. അഡ്മിഷൻ വേണമെന്നുള്ളവർക്ക് അപേക്ഷിക്കാൻ അവസരം കൊടുത്തില്ല. നാൽപ്പതു സീറോ ഉള്ളൂ എന്ന നിലയ്ക്കാണ് അപേക്ഷകരും സമർപ്പിച്ചത്. അപേക്ഷകരും അയയ്ക്കുന്നതിന് നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള അവസാന തീയതി കഴിഞ്ഞു. ക്ലാസ് തുടങ്ങികഴിഞ്ഞതിനുശേഷം പുതുതായി ഒരു യൂണിറ്റ് ആരംഭിച്ചു. വ്യക്തമായും മാനേജ്മെൻറിന് പ്രത്യേക സഹായം ചെയ്യാനുള്ള ഉദ്ദേശത്തോടുകൂടിയല്ലേ ഇതു ചെയ്തത്. ഒരു സർക്കാർ എന്ന നിലയ്ക്ക് തുല്യ അവസരം—എല്ലാവർക്കും ലഭ്യമാക്കാനുള്ള ഒരു നടപടി വിദ്യാഭ്യാസവകുപ്പിൽ ഉണ്ടാകുന്നുണ്ടോ എന്നു പരിശോധിക്കണം. വിദ്യാഭ്യാസ വകുപ്പിൽപെടാത്ത ആയുർവേദ കോളേജുകളും ഇതിൽനിന്നും വ്യത്യസ്തമല്ല. ഒരു വകുപ്പോ ഒരു മന്ത്രിയോ മാത്രമല്ല ഈ ഗവൺമെൻറ് അടിമുടി അഴിമതിയിലൂടെയാണ് കാര്യങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. വഴിവിട്ട പ്രവർത്തനമാണ് നടത്തുന്നത്. നിയമങ്ങളും കാറ്റിൽ പറത്തിക്കൊണ്ടുള്ള പ്രവർത്തനമാണ് നടത്തുന്നത്. അതുകൊണ്ടാണ് ഇത്തരം ഒരു ചെറിയ ഭേദഗതികൊണ്ടുവരുന്ന അവസരത്തിൽ പ്രത്യക്ഷത്തിൽ നിർദ്ദോഷമെന്നു തോന്നാമെങ്കിലും അതിനെ ആ രീതിയിൽ സ്വീകരിക്കുവാൻ കഴിയില്ല. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ ഉന്നതവിദ്യാഭ്യാസരംഗത്ത്, സ്വകാര്യ കോളേജുകളും ഗവൺമെൻറ് കോളേജുകളും ഉണ്ട്. അതിൽ പുതിയ കോഴ്സുകൾ കൊടുക്കുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചിട്ട് രണ്ടുവർഷമായി. രണ്ടുവർഷമായി അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. രണ്ടുവർഷമായിട്ട് കേരളത്തിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നില്ല. പുതിയതായി ആരംഭിച്ച കോളേജുകളിൽ ഒന്നും രണ്ടും യൂണിറ്റുകൾ മാത്രമുള്ള കോളേജുകളിൽ ആവശ്യമായ സ്റ്റാഫ് ഉണ്ടായിട്ടും അനുവാദം ഇല്ലാത്തതിനാൽ പുതിയ യൂണിറ്റുകൾ നടത്താൻ കഴിയാത്ത കോളേജുകളും ഉണ്ട്. പരിപൂർണ്ണമായും നിശ്ചലാവസ്ഥയാണ് ഉള്ളത്. എന്താണ് ഇതിനു കാരണം? പ്രത്യേക താൽപ്പര്യത്തിൽ മന്ത്രിസഭയെ സ്വാധീനിച്ചുകൊണ്ട്, മന്ത്രിയെ സ്വാധീനിച്ചുകൊണ്ട്, മുഖ്യമന്ത്രിയെ സ്വാധീനിച്ചുകൊണ്ട് പ്രത്യേകമായി ഏതെങ്കിലും കോഴ്സ് വേണമെന്നു ബോദ്ധ്യപ്പെടുത്താൻ കഴിയാത്തതുകൊണ്ടായിരിക്കും രണ്ടു വർഷമായി ആ അപേക്ഷകളും കെട്ടിക്കിടക്കുകയാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് വളരെ വലിയ ഒരു സ്തംഭനം ഉണ്ടായിരിക്കുകയാണ്. ടി.ടി.സി. കോഴ്സ് പുതുതായി അനുവദിക്കുന്നതിന് ഒരു സാങ്കേതിക പ്രശ്നവും ഉണ്ടായില്ല. അവിടെ ചെലവു ചുരുക്കലിൻെറ പ്രശ്നം ഉണ്ടായിട്ടില്ല. സാമ്പത്തിക പ്രയാസത്തിൻെറ പ്രശ്നം ഉണ്ടായിട്ടില്ല. അവിടെ ഉദ്യോഗസ്ഥൻമാരുടെ റെവ്യൂ കമ്മിറ്റിയും ഒന്നും വന്നില്ല. രായ്ക്കുരാമാനം ആരും അറിയാതെ കോഴ്സ് അനുവദിച്ചുകൊടുക്കുവാൻ സാധിച്ചു. എന്നാൽ കോളേജുകളുടെ രംഗത്ത് ആവശ്യമായ കോഴ്സുകൾ കൊടുക്കുന്നതിന് യൂണിവേഴ്സിറ്റിയുടെ റെക്കമെൻേറഷൻ ഉണ്ടായിട്ട് ഇതുവരെ കൊടുക്കാൻ ഗവൺമെൻറിൻെറ നിഷ്ക്രിയത്വംകൊണ്ട് കഴിഞ്ഞിട്ടില്ല. കോഴ്സുകൾ പങ്കുവയ്ക്കുന്നതിൽ ഭരണകക്ഷികൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം ആയിരിക്കും അതിനു കാരണം. അതുകൊണ്ടാണ് നമ്മുടെ വിദ്യാഭ്യാസരംഗത്ത് ഇത്ര വലിയ

LIBRARY ARCHIVES Kerala Legislative Assembly

അനിശ്ചിതത്വം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നത്. അല്ലാതെ നിയമം ഇല്ലാത്തതുകൊണ്ടല്ല. നിയമപ്രകാരം പരിശോധിക്കാൻ ഗവൺമെന്റ് എന്നോ തീരുമാനമെടുക്കേണ്ടതാണ്. സിൻഡിക്കേറ്റിന്റെ ശുപാർശകൾ സർക്കാരിന്റെ ഫയലിൽ കിടക്കുകയാണ്. അതുകൊണ്ട് നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഈ സർക്കാരിനോട് സംസാരിക്കണമെന്നു പറയുന്നതിൽ അർത്ഥം ഇല്ല. നിയമത്തിന്റെ അടിസ്ഥാനത്തിൽ അവർ പ്രവർത്തിക്കും എന്നു പറയാൻ കഴിയില്ല. ചില വ്യക്തികളുടെ, സ്ഥാപിത താൽപ്പര്യത്തിന്റേയും അഴിമതിയുടെയും അടിസ്ഥാനത്തിൽ അല്ലാതെ ഇവരുടെ പ്രവർത്തനം ഒരു രംഗത്തും നടക്കുന്നില്ല. വിദ്യാഭ്യാസരംഗത്ത് വിശേഷിച്ചു നടക്കുന്നില്ല. അതിനു സൗകര്യമുള്ള എല്ലാ രംഗത്തും അവർ കയറിപ്പിടിക്കും.

'ആദിശേഷയ്യ' റിപ്പോർട്ടിനെപ്പറ്റി ഇവിടെ സംസാരിച്ചു. 'ആദിശേഷയ്യ റിപ്പോർട്ട്' എന്തു ചെയ്യാൻപോകുന്നു? അപ്പുറത്തുള്ളവർ അതിനോട് എന്തു സമീപനമാണ് എടുക്കുന്നത് എന്ന് എനിക്കറിയില്ല. ഈ രാജ്യത്ത് യൂണിവേഴ്സിറ്റികളുണ്ട്. ഒരുപാട് കാലങ്ങളായി യൂണിവേഴ്സിറ്റികൾ വന്നിട്ട്. എന്നാൽ പുതുതായി ''പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ'' എന്നു പറയുന്ന ഒരുതരം യൂണിവേഴ്സിറ്റികൾ ഉണ്ടാകാൻ പോകുകയാണ്. ഗവൺമെന്റിന് അതിന്റെ കാര്യത്തിൽ യാതൊരു വിധത്തിലും ഇടപെടാനാകാത്ത രീതിയിലുള്ള യൂണിവേഴ്സിറ്റിയാണ് അത്. ആട്ടോണമസ് കോളേജ് എന്നു പേരു മാറ്റി പറഞ്ഞതുകൊണ്ട് ഒരു കാര്യമില്ല. യഥാർത്ഥത്തിൽ പ്രൈവറ്റ് യൂണിവേഴ്സിറ്റികളായിട്ടാണ് അവ വരാൻ പോകുന്നത്. അതിലുള്ള നിയമനം, പഠനം തുടങ്ങി എല്ലാ കാര്യങ്ങളും, അതിന്റെ മാനേജുമെന്റും അവർ സംഘടിപ്പിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും മാത്രം നിശ്ചയിക്കുന്ന രീതിയിലാണ് വരാൻ പോകുന്നത്. അതാണ് ആദിശേഷയ്യ കമ്മീഷൻ ശുപാർശ ചെയ്യുന്നത്. അതു തീർച്ചയായും ഇവർ സ്വീകരിക്കും. അതിന്റെ പിന്നാലെ വളരെ ആവേശം കാണിച്ചു പോകുന്നുണ്ട്. അവിടേയും, ഈ രാജ്യത്തിന്റെ വിദ്യാഭ്യാസ നയമല്ലേ പ്രശ്നമെന്നു കാണാം. സ്വകാര്യ മേഖലയിൽ എത്ര കോളേജുകൾ കൊടുക്കണം. സ്വകാര്യമേഖലയെ എത്തു പരിധിവരെ വളർത്തിക്കൊണ്ടുവരണം? അതിനെസംബന്ധിച്ച ഒരു കാഴ്ചപ്പാട് ഇതുവരെയായും ഈ ഗവൺമെന്റിന് ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഒരിക്കൽ ചോദ്യോത്തര സമയത്ത് പറഞ്ഞു, ഗവൺമെന്റ് മേഖലയിൽ ഹൈസ്കൂൾ തുടങ്ങാനാണ് ഗവൺമെന്റ് തീരുമാനിച്ചത് എന്ന്. എന്നാൽ വരുന്ന നോട്ടിഫിക്കേഷൻ പ്രൈവറ്റ് മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ തുടങ്ങാനായിരുന്നു. ഏഴാം പഞ്ചവൽസരപദ്ധതിക്കാലത്ത് മുതൽ എഞ്ചിനീയറിംഗ് കോളേജുകൾ പ്രൈവറ്റ് മേഖലയിൽ തുടങ്ങാൻ പോകുന്നുവെന്നാണ് കേൾക്കുന്നത്. ഇപ്പോൾ പോളിടെക്നിക്കുകളുടെ നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞിരിക്കുകയാണ്. ഈ രീതിയിൽ വിദ്യാഭ്യാസമേഖലയെ കുളംകോരുന്ന സ്ഥിതിയിലേക്കാണ് കൊണ്ടുപോകുന്നത്. അങ്ങനെയുള്ള സന്ദർഭത്തിൽ ഇത്തരം ഒരു നിയമഭേദഗതികൊണ്ടുവരുന്നതിനെ ഒരിക്കലും അംഗീകരിക്കുവാൻ ആകുകയില്ല. കോടതി ജഡ്ജ്മെന്റ്മൂലം ഉണ്ടാക്കുന്ന പ്രയാസം തീർക്കുന്നതിന് അത്തരം തീരുമാനങ്ങളെ വാലിഡേറ്റ് ചെയ്യാനുള്ള ഭേദഗതികൊണ്ടുവന്ന് അവസാനിപ്പിക്കേണ്ടതാണ്. ഇന്ന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ തീരുമാനം, അവർ ആഗ്രഹിക്കാത്ത തീരുമാനം, അതായത്

LIBRARY ARCHIVES, Kerala Legislative Assembly

കൊണ്ട് ഇന്നല്ലെങ്കിൽ നാളെ മാറ്റിയ്ക്കാം. സിൻഡിക്കേറ്റ് പുനഃസംഘടിപ്പിച്ചും പണ്ടുകാലത്തു നിരാകരിച്ചിട്ടുള്ള ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ടുകളോ അല്ലെങ്കിൽ സിൻഡിക്കേറ്റിന്റെ തീരുമാനങ്ങളോ പുനഃപരിശോധിച്ച് പുതിയ തീരുമാനങ്ങളും എടുപ്പിക്കാനുള്ളതാണ്. ഈ നിയമഭേദഗതി എന്നുള്ളത് തർക്കമറ്റ കാര്യമാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നത്.

മറ്റു ചില കാര്യങ്ങൾകൂടി എനിക്കു പറയുവാനുണ്ട്. യൂണിവേഴ്സിറ്റികളെക്കുറിച്ച് സംസാരിക്കുന്ന സമയത്ത് അർത്ഥഗർഭമായ മൗനമാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വീകരിക്കുന്നത്. ഒരിക്കൽ പത്ര പംക്തികളിൽ കോട്ടയം യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷന്റെ അംഗീകാരം ഇല്ലെന്നു പറഞ്ഞു. ഉണ്ടോയെന്ന് വ്യക്തമായിപറയണം. ഞങ്ങൾക്ക് ചില കാര്യങ്ങൾ വ്യക്തമായി അറിയാനുണ്ട്. ഈ യൂണിവേഴ്സിറ്റികൾക്ക് അംഗീകാരം കൊടുക്കുന്ന ബോഡിയാണോ യു.ജി.സി. എന്ന് അറിഞ്ഞാൽ കൊള്ളാം. [അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. സീതിഹാജി] അതിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്? ഞാൻ മനസ്സിലാക്കിയിടത്തോളം ഇൻഡ്യാരാജ്യത്ത് 1950 കളിൽ യു.ജി.സി. രൂപീകരിച്ച സമയത്ത് കേന്ദ്രഗവൺമെന്റ് യൂണിവേഴ്സിറ്റികൾക്ക് നൽകേണ്ട ഗ്രാന്റുകൾ നൽകുന്നതിന് ന്യായമായ ഒരു മാനദണ്ഡം സ്വീകരിക്കണം. അതായത്, ഗവൺമെന്റിനുവേണ്ടി, ധനസഹായം യൂണിവേഴ്സിറ്റികൾക്ക് കൊടുക്കുന്നതിന് മാന്യമായ, ന്യായമായ മാനദണ്ഡം ഉണ്ടാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ടതാണ്. അല്ലാതെ അത് യൂണിവേഴ്സിറ്റി വിദ്യാഭ്യാസ മേഖലയിലെ ഒരു പോലീസ് സ്റ്റേഷൻ ആണെന്നു നമ്മൾ ഇതുവരെ മനസ്സിലാക്കിയിട്ടില്ല. ഒരു യൂണിവേഴ്സിറ്റി തുടങ്ങുമ്പോൾ ആരൊക്കെയായിരിക്കണം വിവിധ ബോഡികളിൽ ഉള്ള മെമ്പർമാർ, അവരുടെ യോഗ്യത എന്തായിരിക്കണം, എന്തു പഠിപ്പിക്കണം എന്നിത്യാദി കാര്യങ്ങളിലെല്ലാം തന്നെ അവസാനവാക്കു പറയുന്ന ബോഡിയാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നു തോന്നും കോട്ടയം യൂണിവേഴ്സിറ്റിയെക്കുറിച്ച് അവർ നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ കേട്ടാൽ. അതിനെ സംബന്ധിച്ച് നമ്മുടെ സർക്കാർ ഒന്നും പറയുന്നില്ല. എന്താണ് യൂണിവേഴ്സിറ്റി വിദ്യാഭ്യാസവും യു.ജി.സി. യുടെ അധികാരവും. സർക്കാരിന്റെ നിലപാടെന്താണ്? നിയമപരമായി യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്ട് കൊണ്ടുവന്ന സമയത്ത് അതിനു മുമ്പുണ്ടായിരുന്ന നിയമപരമല്ലാതെ തന്നെ സർക്കാരിന്റെ തീരുമാനം അനുസരിച്ച് ഒരു കമ്മിറ്റി പ്രവർത്തിച്ചിരുന്ന കാലത്തെല്ലാം അത് എന്തിനുവേണ്ടിയാണ് ഉദ്ദേശിച്ചിരുന്നത് എന്ന് അസന്ദിഗ്ധമായി, അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധം വ്യക്തമാക്കിയതാണ്. ഇപ്പോഴും അതെല്ലാം മാറിക്കഴിഞ്ഞിരിക്കുന്നു. യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കണം എന്ന് അവർ തീരുമാനിക്കും. യൂണിവേഴ്സിറ്റി ഭരിക്കേണ്ടത് ആരാണെന്ന് അവർ തീരുമാനിക്കും. എല്ലാം അവരിലേക്ക് നീങ്ങിയിരിക്കുകയാണ്. അങ്ങിനെ വിദ്യാഭ്യാസ രംഗത്ത് യൂണിവേഴ്സിറ്റികളുടെ യൂണിവേഴ്സിറ്റിയായി ഗ്രാന്റ്സ് കമ്മീഷൻ മാറിയിരിക്കുകയാണ്. അത് ഗ്രാന്റ്സിനു മാത്രം ഉള്ള കമ്മീഷനാണ്. അതിന്റെ ഇപ്പോഴത്തെ പ്രവർത്തനം എന്താണെന്ന് പരിശോധിക്കണം. അവർക്ക് സംസാരിക്കാനുള്ള അർഹതയില്ല. യൂണിവേഴ്സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാൻറ്സ് കമ്മീഷനുമായി ഒരു വാഗ്വാദത്തിന് അല്ലെങ്കിൽ ഒരു സംവാദത്തിന് കേരള സർക്കാരിന് കഴിയുകയില്ല. കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിയ്ക്കും തയ്യാറാകാൻ കഴിയുകയില്ല. കാരണം യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷന്റെ മുമ്പിൽ യൂണിവേഴ്സിറ്റികളും കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും അത്ര പ്രസക്തമായ വിധം പ്രശ്നമായിട്ടില്ല. കോളേജുകളുടെ എണ്ണമാണ് അഞ്ചും ആറും പദ്ധതികളിൽ നമ്മൾ കൂട്ടിയത്. കോളേജുകളുടെ എണ്ണത്തിൽ ഉള്ള വർദ്ധനവേ ഉണ്ടായിട്ടുള്ളു. ഗുണത്തിലുള്ള വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. യു.ജി.സി. ആണെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത്, ഗവേഷണ രംഗത്ത് അതിന്റെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള സഹായങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് അതിന്റെ ഫണ്ട് ഉപയോഗിക്കുന്നത്. ഇവിടെ വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിന്, ഗവേഷണത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഇനിയും എന്തു ചെയ്തു എന്നുള്ളതിനെ സംബന്ധിച്ച് ഒന്നു പരിശോധിച്ചുനോക്കേണ്ടതാണ്. രണ്ടു പഞ്ചവൽസരപദ്ധതികളായിട്ട് നമ്മുടെ രാജ്യത്ത് നടന്നിട്ടുള്ളത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുക എന്നുള്ളത് മാത്രമാണ്. ഗുണത്തെ സംബന്ധിച്ച് തീർത്തും അവഗണനയാണ് ഉണ്ടായിട്ടുള്ളത്. അതിന്റെ ഫലമായിട്ട് യു.ജി.സി.യുടെ മുന്നിൽ ഒന്നും പറയാനില്ല. എന്നുള്ളതാണ് വസ്തുത. ഏതെങ്കിലും യൂണിവേഴ്സിറ്റി ഉണ്ടായാൽ നാലു കെട്ടിടം കെട്ടാനോ അല്ലെങ്കിൽ രണ്ടു ഹോസ്റ്റലുകൾ കെട്ടാനോ ഉള്ള ഗ്രാൻറ് വാങ്ങിക്കും. അല്ലാതെ ഗ്രാൻറ്സ് കമ്മീഷനും അതുപോലെ കേന്ദ്ര ഗവൺമെൻറും പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള കോടിക്കണക്കിന് രൂപയുടെ സഹായത്താൽ വിദ്യാഭ്യാസ മണ്ഡലത്തെ വികസിപ്പിച്ചെടുക്കാൻ നമുക്ക് ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇന്നിവിടെ യൂണിവേഴ്സിറ്റി എന്നു പറഞ്ഞാൽ, നമുക്ക് ആകെ മനസ്സിലാകുന്നത് യൂണിവേഴ്സിറ്റിയുടെ ഭരണം എങ്ങിനെ വേണമെന്നതുമുതൽ പോളിസി ഓഫ് എഡ്യുക്കേഷൻ ഉൾപ്പെടെ യു.ജി.സി. ഫിക്സ് ചെയ്യുന്നത് എന്ന രീതിയിലാണ്. ആ സമീപനം ഒന്നു മാറണം. ഈ കാര്യത്തിൽ ചില വ്യക്തതകൾ വരേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് വലിയ പരിഷ്കാരങ്ങൾ വന്നു കഴിഞ്ഞു എന്നാണ് പറയുന്നത്. നമ്മുടെ രാജ്യത്ത് ഉന്നത വിദ്യാഭ്യാസരംഗത്ത് തികഞ്ഞ അരാജകത്വമാണ് നിലനിൽക്കുന്നത്. നമ്മുടെ കാലാലയങ്ങൾ എങ്ങിനെയാണ് പ്രവർത്തിക്കുന്നത്? നമ്മുടെ കലാലയങ്ങൾ ഇങ്ങിനെയാണ് പ്രവർത്തിക്കേണ്ടത്. കലാലയങ്ങൾ പ്രവർത്തിക്കുന്നതിൽ പണ്ടുപണ്ടു കാലം മുതൽക്കേ നിലനിന്നുവരുന്ന കീഴ്വഴക്കങ്ങൾ അനുസരിച്ചുള്ള ഒരു ഭരണ സമ്പ്രദായം എന്നല്ലാതെ ആധുനിക മാനേജ്മെൻറ് സമ്പ്രദായം വിദ്യാർത്ഥി–അദ്ധ്യാപക ബന്ധങ്ങൾ, വിദ്യാഭ്യാസത്തെ സംബന്ധിച്ച് ദേശീയനയം വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഭരണ സംവിധാനങ്ങൾ, വിദ്യാർത്ഥികൾ, സജീവ പങ്കാളിത്തമുള്ള അദ്ധ്യാപകരെ സജീവമായി പങ്കെടുപ്പിച്ചു കൊണ്ടുള്ള കോളേജ് തലത്തിലുള്ള പുതിയ ഭരണ സംവിധാനങ്ങൾ എന്നിവയെ സംബന്ധിച്ച് ആധികാരികമായിട്ട് റിസർച്ച് നടത്തി രേഖകൾ ഉണ്ടാക്കി പരീക്ഷണങ്ങൾ ഇൻഡ്യയിൽ ഉടനീളം നടന്നുകൊണ്ടിരിക്കുകയാണ്. യു.ജി.സി. ആ കാര്യത്തിലാണ്

LIBRARY, ARCHIVES, Kerala Legislative Assembly

സഹായം ചെയ്യുന്നത്. ആ രീതിയിൽ ഉള്ള പുസ്തകങ്ങൾ തയ്യാറാക്കി, അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സ്കീമുകൾ തയ്യാറാക്കി, പ്രഗൽഭരായിട്ടുള്ള ഭരണാധികാരികളെക്കൊണ്ട് അതു പോലെയുള്ള വിദ്യാഭ്യാസ പണ്ഡിതന്മാരെക്കൊണ്ട്. പഠനം നടത്തി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഇതൊന്നും ബാധകമല്ല. നമുക്കാർക്കും അറിഞ്ഞുകൂടാ. നമ്മുടെ ഡിപ്പാർട്ടുമെന്റിന് അറിഞ്ഞുകൂടാ. നമ്മുടെ യൂണിവേഴ്സിറ്റി ഈ കാര്യങ്ങൾ പരിശോധിക്കുന്നില്ല. അതു നടപ്പാക്കാൻവേണ്ടി ഒരുതരത്തിലുള്ള പരിശ്രമവും ഇന്നുവരെ കൈക്കൊള്ളുന്നില്ല. ഇവിടെ ചെയ്യുന്നത് എന്താണെന്നറിയാമോ? ആർക്കൊക്കെ കോളേജ് കൊടുക്കണം. അതൊക്കെയാണ് എന്തെല്ലാം സൗകര്യങ്ങളും സൗജന്യങ്ങളും ആണ് ചെയ്യുന്നത്. എന്തെല്ലാം കൈമാറ നടപടികളിൽ ഒപ്പു വയ്ക്കണം. അതു മാത്രമേ ഇവിടുള്ളൂ. വഴിവിട്ട് നിയമം കാറ്റിൽ പറത്തി സൗജന്യങ്ങൾ വാരിക്കോരി പതിച്ചു കൊടുക്കുക എന്നുള്ളതാണ്, അല്ലാതെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ തൊട്ടുകൊണ്ട് വിദ്യാഭ്യാസത്തിന്റെ പുരോഗതിയെ ലക്ഷ്യമാക്കിക്കൊണ്ട് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗണനീയമായ ഒരു കേന്ദ്രമായി കേരളത്തിൽ ഒരു യൂണിവേഴ്സിറ്റിയോ ഒരു കോളേജോ വികസിപ്പിച്ചെടുക്കാൻ നമുക്ക് ഇത്രയും കാലം കഴിഞ്ഞിട്ടില്ല. ഇപ്പോഴും ഏഴാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടമാണ്. 1950—മുതൽ യു.ജി.സി. തുടങ്ങിയതാണ്. ഇന്ന് എവിടെ എത്തിക്കഴിഞ്ഞിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് എന്തു സംഭാവന ചെയ്തു? കുട്ടികൾ പഠിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന സബ്സിഡിയറി പുസ്തകങ്ങൾ ഉണ്ട്. ടെക്സ്റ്റ് ബുക്കല്ലാത്ത പുസ്തകങ്ങൾ. ആധികാരികമായ ഏത്ര പുസ്തകങ്ങൾ നമ്മുടെ പ്രൊഫസർമാർ എഴുതിയിട്ടുണ്ട്. രാമൻ ഈ ഡിസൻറിംഗ് നോട്ടിൽ ഉറച്ചു നിൽക്കുന്നുണ്ടോ എന്നാണ് എനിക്ക് സംശയം അതിന് സമയം വരുമ്പോൾ പറഞ്ഞാൽ മതി.

ശ്രീ. പി.എം. അബൂബേക്കർ: രാമന്റെ കാര്യം ഞങ്ങൾ നോക്കിക്കൊള്ളാം.

ശ്രീ. ഇ. പത്മനാഭൻ: നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ സ്ഥിതി എന്താണ്? അതിന് ഒരു പരിഹാരം ഉണ്ടാക്കണ്ടേ? ആദിശേഷയ്യാ റിപ്പോർട്ട് ഇവിടെ വന്നിരിക്കുകയാണ്. എനിക്ക് അധികാരികമായി ഇതിനെക്കുറിച്ച് ഒന്നും പറയാൻ സാധിക്കുകയില്ല. ഞാൻ പറയുന്നതെന്തും മന്ത്രി നിഷേധിക്കും. കാരണം ഞാൻ നിസ്സഹായനാണ്. പത്രങ്ങളിൽ വന്നതു മാത്രമല്ല ഈ നിയമസഭയിൽ അദ്ദേഹം പ്രഖ്യാപിച്ചതുകൂടിയാണ്. കമ്മീഷന്റെ റിപ്പോർട്ട് രാജ്യത്തെല്ലാം ചർച്ചാ വിഷയമാണ്. ഈ നിയമസഭയിലെ അംഗങ്ങൾക്ക് അതിന്റെ ഒരു കോപ്പി കൊടുക്കാൻ പോലും വിദ്യാഭ്യാസമന്ത്രി തയ്യാറായിട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ എന്തു ചർച്ച ചെയ്യണം എന്നുള്ളതിനെപ്പറ്റി ആലോചിക്കണം. പ്രസിദ്ധീകരിച്ചു കഴിഞ്ഞിട്ടുള്ള എങ്കിലും ചില രേഖകൾ മേശപ്പുറത്തു വയ്ക്കാൻ സന്നദ്ധമാകേണ്ടേ? അല്ലെങ്കിൽ, മെമ്പർമാർക്ക് തരേണ്ടേ? അങ്ങനെയെങ്കിൽ ഒന്നറിയണം, എന്താണ് ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണപരമായ നിലവാരം വർദ്ധിപ്പിക്കാൻ വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 50 ശതമാനം മാർക്ക് ഉള്ളവർക്ക് മാത്രമേ പരീക്ഷയ്ക്ക് ഇരിക്കാനും പ്രീഡിഗ്രിയ്ക്ക് ചേരാനും അർഹതയുള്ളു എന്നാണ് പറയുന്നത്. നമ്മുടെ നാട്ടിൻപുറത്ത് ആധുനിക ജീവിത സൗകര്യങ്ങളില്ല, പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങളില്ല. ലബോറട്ടറിയില്ല. അതുപോലെതന്നെ അവശ്യംവേണ്ട ഡെമോൺസ്ട്രേഷൻ എക്വിപ്മെന്റ്സും മാപ്പും മറ്റും ഇല്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ എന്തു ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. ഇരിക്കാൻ ബെഞ്ചില്ല. കെട്ടിടം ഇല്ലാത്തതുകൊണ്ട് മാവിന്റെ ചുവട്ടിലും മറ്റും വച്ചാണ് ക്ലാസ് നടത്തുന്നത്. പട്ടണ പ്രദേശങ്ങളിൽ സകലവിധ സൗകര്യങ്ങളും ഉള്ള സ്ഥലത്ത് പ്രഭാതം മുതൽ പ്രദോഷം വരെ ട്യൂഷന് സൗകര്യമുള്ള, സാമാന്യം സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്നു. എല്ലാ സൗകര്യങ്ങളും ഇത്രവിധം ലഭിക്കുന്നവരുമായി മൽസരിച്ച് ആണ് നമ്മുടെ നാട്ടിൻപുറങ്ങളിലെ കുട്ടികൾ എസ്.എസ്.എൽ.സി. ഒന്നു പാസ്സാകുന്നത്. അവരെയൊക്കെ ആദിശേഷയ്യ കണ്ടില്ലേ? ആ കമ്മീഷനിലെ അംഗങ്ങൾ കണ്ടില്ലേ? പിന്നോക്കപ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ ഈ നഗര പ്രദേശങ്ങളിലെ കുട്ടികളുമായിട്ട് മൽസരിച്ചിട്ടാണ് 210 മാർക്ക് വാങ്ങുന്നത്. അവരുടെ കഴിവ് അംഗീകരിച്ചേ മതിയാകൂ. ഇങ്ങനെ 210 മാർക്കുള്ളവർ വരുന്നത് ഈ സർക്കാരിന്റെ പരാജയം കൊണ്ടാണെന്ന് ആണ് എനിക്ക് പറയാനുള്ളത്. പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലത്തു നിന്നാണ് കുട്ടികൾ പരീക്ഷയ്ക്ക് വരുന്നത്. അതൊന്നും ആദിശേഷയ്യയുടെ കമ്മിറ്റി പരിഗണിച്ചിട്ടില്ല. മാർക്ക് 50 ശതമാനമാക്കിയാൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന് വരുന്നവരുടെ എണ്ണം കുറയ്ക്കാമല്ലോ. അദ്ദേഹം ഒരു ഫിൽറ്റർ ആണ് അപ്ലൈ ചെയ്തിരിക്കുന്നത്. അതല്ലാതെ ഈ രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക അവസ്ഥ അത് പരിഗണിക്കുന്നുണ്ടോ? വിവിധ ജനവിഭാഗങ്ങൾക്ക് അതിൽ അർഹമായ സ്ഥാനം നേടണമെന്നുണ്ടെങ്കിൽ വിദ്യാഭ്യാസ മേഖലയിൽ എന്തു സമീപനം സ്വീകരിക്കണം എന്നുള്ള ദീർഘവീക്ഷണത്തോടുകൂടി ഉള്ള സ്റേറാറ്റ്മെന്റ് ഷിപ്പോടുകൂടിയ ഒരു സമീപനമല്ല സ്വീകരിച്ചിരിക്കുന്നത്. അതു കൊണ്ട് പിന്നോക്കപ്രദേശത്തെ അർഹതപ്പെട്ടവരെയെല്ലാം ഒഴിച്ചു നിറുത്തുക എന്നുള്ളതല്ലാതെ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിൽ എന്തുണ്ട്? വിദ്യാഭ്യാസത്തിന്റെ ഗുണപരമായ നിലവാരം പരിശോധിച്ചിട്ടുണ്ടോ? കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിന്റെ സ്ഥിതി എന്ത്? ഇൻഡ്യയിലെ ഇതര യൂണിവേഴ്സിറ്റികളുടെ സ്ഥിതി എന്ത്? 21-ാം നൂറ്റാണ്ടിലേയ്ക്ക് കുതിച്ചു ചാടുന്നവരാണല്ലോ നമ്മൾ. 21-ാം നൂറ്റാണ്ടിലെ സാങ്കേതികമായി മുന്നേറ്റം നിൽക്കുന്ന യൂണിവേഴ്സിറ്റികളിൽ ഉള്ള പഠന സമ്പ്രദായം എന്ത്? അവിടത്തെ പുരോഗതി എന്ത്? നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ എന്തു മാറ്റം വരുത്തണം? കരിക്കുലത്തിൽ എന്തു മാറ്റം വരുത്തണം? സിലബസ്സിൽ എന്തു മാറ്റം വരുത്തണം? അദ്ധ്യാപകരിൽ ഗുണനിലവാരം ഉയർത്താൻ എന്തു ചെയ്യണം? വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കാൻ എന്തു ചെയ്യണം? ഇതിനെല്ലാം ആദിശേഷയ്യ എന്തു പറഞ്ഞിട്ടുണ്ട്. ഞങ്ങളെപ്പോലെയുള്ള പൊതു പ്രവർത്തകരെ സംബന്ധിച്ച് ജിജ്ഞാസ ഉളവാക്കുന്ന കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശ അതിൽ ഉണ്ട്. അത്, പിൻവലിക്കണം എന്നു പറഞ്ഞിട്ടുണ്ട്. അതാണ് 50 ശതമാനം മാർക്കും അതിന്റെ പുറത്തു വന്നിട്ടുള്ള ശുപാർശകളും. വിദ്യാഭ്യാസ പണ്ഡിതൻമാരെ സംബന്ധിച്ചിടത്തോളം, ഇങ്ങനെ ഒരു ഫിൽറ്ററർ ഉണ്ടാക്കി എണ്ണം കുറയ്ക്കണം എന്നു മാത്രമേ ഉള്ളൂ? എല്ലാ രാജ്യങ്ങളിലേയും പോലെ ഈ വിദേസമൃദ്ധമായ രാജ്യത്ത് ജനിച്ചവർക്ക് അവർക്ക് ആവശ്യമായ വിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യം എങ്ങനെ ലഭിക്കും എന്നുള്ളതാണ് വിദ്യാഭ്യാസപണ്ഡിതൻമാർ പരിശോധിക്കേണ്ടത്. അതല്ലാതെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസമാണ് ഇവിടെ കാണുന്നത്. ഞാൻ ഈ ഗവൺമെൻറിനോട് പറയുകയാണ്, ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കണം. ഈ നിയമസഭയ്ക്ക് അത് ചർച്ച ചെയ്യാനുള്ള അവസരം വേണം. യൂണിവേഴ്സിറ്റികൾ ചർച്ച ചെയ്തതിനുശേഷം ഞങ്ങൾ അത് ചർച്ച ചെയ്താൽ മതിയോ? കേരളാ യൂണിവേഴ്സിറ്റി സെനറ്റ് അത് നിരാകരിക്കണമെന്നു ശുപാർശ ചെയ്തുപോലും. ഞങ്ങൾ അജ്ഞരാണ്. ഇതിന്റെ കാര്യകാരണങ്ങളെ സംബന്ധിച്ച് റിപ്പോർട്ട് തരാമെന്ന് മന്ത്രി എപ്പോഴും പറയും. ഈ ചർച്ച കഴിഞ്ഞാൽ ഇപ്പോൾ പറയില്ലേ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് തരാമെന്ന്. പക്ഷേ തരുമെന്ന കാര്യത്തിൽ യാതൊരു ഉറപ്പുമില്ല. അതൊന്ന് പഠിച്ചിട്ട് അതിനെപ്പറ്റി ചർച്ച ചെയ്യാനുള്ള അവസരമുണ്ടാകണം. എന്താണ് നമ്മൾ ഉദ്ദേശിച്ചത്. നിയമസഭ എന്തു ഉദ്ദേശിച്ചു, ഗവൺമെൻറ് എന്തു ഉദ്ദേശിച്ചു ഈ കമ്മീഷനെ നിയമിക്കുമ്പോൾ? പത്തുകൊല്ലം കൂടുമ്പോഴെങ്കിലും കൃത്യമായ കാലയളവിൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് റിവ്യൂ നടത്തണം. നടക്കുന്നില്ല. അതിനാണ് കമ്മിറ്റിയെ നിയമിച്ചത്. അവർ എന്താണ് ചെയ്യേണ്ടത്? സാമ്പത്തിക ഇടപാടിനെ സംബന്ധിച്ചും നിയമനത്തിന്റെ കാര്യത്തെ സംബന്ധിച്ചും രാഷ്ട്രീയക്കാരെ ഈ രംഗത്ത് വരാതിരിക്കുവാനുള്ള രീതിയിലുള്ള ശുപാർശകളാണോ നൽകേണ്ടത്? കേരളപ്പിറവിയ്ക്കുശേഷം ഇന്നോളമുണ്ടായിട്ടുള്ള യൂണിവേഴ്സിറ്റി നിയമങ്ങൾ വന്ന് ഇത്രയും വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ്, പത്തു പന്ത്രണ്ടു വർഷം കഴിഞ്ഞതിനുശേഷമാണ് കമ്മീഷനെ നിയമിക്കുന്നത്. എന്താണ് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളത്തിനുള്ള സ്ഥാനം? ആ സ്ഥാനത്തിൽ നമ്മുടെ ഗുണനിലവാരം എന്താണ്? അതിന് തകർച്ച പറ്റിയിട്ടുണ്ടെങ്കിൽ, അതിന് ഇടിവ് പറ്റിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്? പോരായ്മ എങ്ങനെ നികത്തണം, അതിനുവരുത്തേണ്ട ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാം എന്നതിനെ സംബന്ധിച്ചുള്ള ശുപാർശകൾ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലുണ്ടോ? ഞങ്ങൾക്കറിയണം. ഉന്നതവിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ ഈ ചെപ്പടിവിദ്യകൊണ്ടൊന്നും തീരില്ല. എന്തെങ്കിലും രണ്ടു പ്രഖ്യാപനങ്ങളുണ്ടാക്കിയാൽ പോരാ. ഈ ഗതികേടിൽനിന്നും ഈ രാജ്യത്തെ ഒന്ന് രക്ഷിക്കാൻ കഴിയണമെങ്കിൽ, ആ കാര്യത്തിൽ കുറച്ചുകൂടി താൽപ്പര്യപൂർവ്വം ബന്ധപ്പെട്ട മന്ത്രിയും സർക്കാരും കാണിച്ചേ മതിയാവൂ. കുറെ ആളുകയ്ക്കു കോളേജ് കൊടുക്കണം. അത് വഴിവിട്ടുകൊടുക്കണമെങ്കിൽ അങ്ങനേയും കൊടുക്കണം അത് കോടതിയിൽ പോയി

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമായാൽ അപ്പോഴാണ് ഈ നിയമനിർമ്മാണം വരുന്നത്. അതല്ലാതെ വിദ്യാഭ്യാസ രംഗത്ത് ഇന്ന മാറ്റം ഉണ്ടാക്കുമെന്നു പറഞ്ഞ് നിയമം കൊണ്ടുവരലല്ലേ ഇവിടെ നടക്കുന്നത്. അതാണ് ഞാൻ പറയുന്നത് സമഗ്രമായ ഒരു സമീപനം. ഉന്നതവിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം ഇന്ന് ഇല്ലാതെപോയിരിക്കുന്നു. ഇന്ന് വന്നു കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളും മാറ്റങ്ങളും വരുത്തുമെന്നു പറയുന്നതുതന്നെ ഭാഗികമായി ചില നീക്കുപോക്കുകളും മിനുക്കുപണികളും മാത്രമാണ്. പ്രശ്നങ്ങൾ പരിഹരിച്ചു എന്നു വരുത്താനുള്ള ഒരു വമ്പിച്ച അവകാശവാദം മുന്നോട്ടുവയ്ക്കാനുള്ള ഉപാധി മാത്രമാണ്. അതുകൊണ്ട് ഈ നിയമം പാസാക്കിയതുകൊണ്ട് നിർവ്വഹിക്കാനാവില്ല. സാങ്കേതികമായി നിയമപരമായി ഈ പ്രശ്നം പരിഹരിക്കുമോ ഈ നിയമം പാസാക്കിയാൽ? യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഒരിക്കൽ പരിശോധിച്ച, ഇൻസ്പെക്ഷൻ കമ്മീഷൻ ഒരിക്കൽ പരിശോധിച്ചു കൺസിഡർ ചെയ്ത ആപ്ലിക്കേഷൻ പിന്നീട് ഏതെങ്കിലും കാലം കഴിഞ്ഞതിനുശേഷം സിൻഡിക്കേറ്റിനോട് ആവശ്യപ്പെട്ടു എന്നുവച്ച് അത് റീ കൺസിഡർ ചെയ്യാൻ ഇതിൽ വകുപ്പുണ്ടോ? ഒരിക്കൽ കൺസിഡർ ചെയ്തത് വീണ്ടും റീ കൺസിഡർ ചെയ്യുന്നതിനുള്ള വകുപ്പുണ്ടോ? അപ്പീൽ ഇല്ലാത്ത ഒരു തീരുമാനമാണ് സിൻഡിക്കേറ്റിന്റെ ശുപാർശ. ഗവൺമെന്റാണ് പണം ചെലവാക്കുന്നത്. എന്നുള്ളതുകൊണ്ട് ഗവൺമെന്റാണോ അതിന്റെ അവസാന തീരുമാനമെടുക്കുന്നത്? വിദ്യാഭ്യാസപരമായി, സാങ്കേതികപരമായി സർവ്വ അർത്ഥത്തിലും സിൻഡിക്കേറ്റിന്റെ തീരുമാനമാണ് അതിനു അടിസ്ഥാനമായിരിക്കേണ്ടത്. അങ്ങനെ തീരുമാനം നിരാകരിച്ചിട്ടുള്ളത് പുനഃപരിശോധിക്കാൻ ഈ നിയമമുണ്ടായാൽ മതിയോ? പുതിയ ആപ്ലിക്കേഷൻ സ്വീകരിക്കാതെ പഴയ ആപ്ലിക്കേഷൻ തന്നെ എടുത്ത് പരിശോധിച്ചുകൊണ്ട് കോളേജ് കൊടുക്കാൻ ഇന്നു കൊണ്ടുവന്ന ഈ ഭേദഗതികൊണ്ടു മതിയോ? നിയമത്തിന്റെ മുന്നിൽനിന്ന് ഇനിയും രക്ഷപ്പെടാൻ പോകുന്നില്ല. ഇനിയുമെടുക്കുന്ന തീരുമാനങ്ങളും, ഈ ഭേദഗതി കൊണ്ടുവരുന്നതു പാസ്സായാൽ പോലും വീണ്ടും സംശയാസ്പദമാണ്, ചോദ്യം ചെയ്യപ്പെടുന്നതാണ്. ഒരു പക്ഷേ നിയമത്തിന്റെ മുമ്പിൽ നിലനിൽക്കാത്തതാകും എന്നുകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. കാരണം ആ പ്രശ്നം അങ്ങനെ കൈകാര്യം ചെയ്യാൻ പറ്റുമോ? രണ്ടാം ഉപവകുപ്പും അതിന്റെ പ്രൊവിസോയും എഴുതിച്ചേർത്ത് ഒന്നാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളുമെല്ലാം ഇതിനനുസരിച്ചായിരിക്കുമെന്നെല്ലാം എഴുതിയിട്ടുണ്ട്. ഞാൻ അതിന്റെ സാങ്കേതികമായ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. പക്ഷേ നിയമപരവും സാങ്കേതികവുമായ പ്രയാസങ്ങളും തരണം ചെയ്യാനാണ് ഈ ഭേദഗതിയെങ്കിൽ അത് തരണം ചെയ്യാൻ ഈ ഭേദഗതികൊണ്ട് കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അതാണ് ഞാൻ പറയുന്നത്. ഇതുതന്നെ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. കഴിഞ്ഞകാലത്ത് കോടതി ചോദ്യം ചെയ്തിട്ടുള്ള ആ പ്രത്യേക പ്രശ്നത്തിൽ നിയമപരമായിട്ടോ അല്ലെങ്കിൽ കോടതിവിധികൊണ്ടുവന്നിട്ടുള്ളതോ ആയ കുഴപ്പം തീർക്കാൻ വേണ്ടിയുള്ള ആ ഒരൊറ്റ തീരുമാനത്തെ ബാധിക്കുന്നതായിയിട്ടുള്ള ഒരു നിയമം ഭേദഗതിയിൽ ഒതുങ്ങിനിൽക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി നിയമങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമം നില നിന്നാലും ഇത് ഭേദഗതി ചെയ്താലും എല്ലാം ശരിയാണെന്ന അഭിപ്രായവും എനിക്കില്ല. കേരളത്തിൽ ഇപ്പോഴും നാലു യൂണിവേഴ്സിറ്റികളുണ്ട്. നാലും പല രീതിയിലാണ് നടക്കുന്നത്. ഇതിനെല്ലാം പ്രത്യേകം പ്രത്യേകം നിയമങ്ങളാണ് കൊണ്ടുവന്നിരിക്കുന്നത്. ഈ നിയമങ്ങളും ഏകീകരിക്കുമെന്ന് ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ നിയമം ഇവിടെ ചർച്ച ചെയ്തപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നത് കേട്ടു. എന്നാൽ അതുവരെ കാത്തിരിക്കുക. പുതിയ യൂണിവേഴ്സിറ്റി നിയമം കൊണ്ടുവരുന്ന സമയത്ത് എങ്ങനെ അത് ആകാം എന്നുള്ളകാര്യത്തെ സംബന്ധിച്ച് പുതിയ യൂണിവേഴ്സിറ്റി നിയമം പരിശോധിക്കുന്ന് സമയത്ത് അടിസ്ഥാന നയങ്ങളും വീണ്ടും ആലോചിക്കേണ്ടിവരും. കാരണം യു. ജി. സി. ഗാന്ധിജി യൂണിവേഴ്സിറ്റിയ്ക്ക് എതിരായി പറഞ്ഞിട്ടുള്ള ആ എതിർപ്പ് നിലനിൽക്കുന്നുണ്ട്. അതാണ് ഞാൻ അതിനെസംബന്ധിച്ച് വീണ്ടും പരിശോധിക്കേണ്ടി വരുമെന്നു പറഞ്ഞത്. ആ കാര്യത്തെ സംബന്ധിച്ച് നയപരമായ തീരുമാനം എടുക്കേണ്ടിവരും. യു.ജി.സി. യുടെ നിലപാട് എന്ത്, സംസ്ഥാന ഗവൺമെൻറിന് വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം അധികാരം ഉപയോഗിക്കാൻ കഴിയും, കേന്ദ്രഗവൺമെൻറ് കൊണ്ടുവരുന്ന ധനപരമായ ചില ആശ്വാസങ്ങളും നൽകുന്ന, ഗ്രാൻറ് നൽകുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തിൻറെ ആഭ്യന്തരമായിട്ടുള്ള അതിൻറെ ആട്ടോണമിയിൽ അല്ലെങ്കിൽ ഭരണഘടനയിൽ നൽകിയിട്ടുള്ള ചില അധികാരങ്ങളിൽ എത്രമാത്രം കൈ കടത്താം എന്നീ പ്രശ്നങ്ങളെല്ലാമുണ്ട്. അതുകൊണ്ടാണ് ഈ യൂണിവേഴ്സിറ്റി നിയമത്തെ സംബന്ധിച്ച്, ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച് ഇന്ന് യു.ജി.സി.യും, കേന്ദ്രഗവൺമെൻറും എടുക്കുന്ന നിലപാട് ഇതെല്ലാം പരിഗണിക്കണം. ഭാഗികമായ നിർദ്ദോഷമായത് എന്നു പറയാവുന്ന ഭേദഗതികൊണ്ട് സ്ഥാപിത താൽപ്പര്യക്കാരെ രക്ഷിക്കാനും അഴിമതിയും സ്വജനപക്ഷപാതവും മൂടിവയ്ക്കാനും വേണ്ടി നിയമം കൊണ്ടുവരുന്ന സമയത്ത് ഞങ്ങളും ശക്തിയായി എതിർക്കും. അതുകൊണ്ട് ഈ സബ്ജക്ട് കമ്മിറ്റിയിൽ കൊണ്ടുവന്നിട്ടുള്ള വിയോജനക്കുറിപ്പ് ഞാൻ ശക്തിയായി അവതരിപ്പിക്കുന്നു. ഈ നിയമം പാസ്സാക്കരുതെന്ന് ഈ നിയമസഭയോട് അപേക്ഷിക്കുന്നു. ഇത് കരിക്കലും നമ്മുടെ വിദ്യാഭ്യാസരംഗത്ത് ഗുണമുണ്ടാക്കുകയില്ല. മറിച്ച് ഇത് തീർച്ചയായിട്ടും അഴിമതിയ്ക്കും സ്വജനപക്ഷപാതത്തിനും മാത്രമേ വഴിവയ്ക്കൂ. ഇന്നോളമുള്ള ഗവൺമെൻറിൻറെ പ്രവർത്തനം.....

ശ്രീ. സി.ടി. കൃഷ്ണൻ: ഈ മന്ത്രി നിലവിലുള്ളപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളും എല്ലാംതന്നെ കോട്ടയം ജില്ലയിലും കോതമംഗലം നിയോജകമണ്ഡലത്തിലും കേന്ദ്രീകരിച്ചിരിക്കുന്നതായി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഇ. പത്മനാഭൻ: ഞാൻ അങ്ങനെയൊരു പരാതി പറയണ്ട എന്നു വിചാരിച്ചതാണ്. എനിക്ക് പറയാൻ ഒരു വിഷമമുണ്ട്. കാരണം ഇപ്പോൾ പത്തു ജെ.റി.എസ്സുകാരും സാങ്ഷൻ ചെയ്തു. മന്ത്രിമാരുടെ നിയോജകമണ്ഡലം കഴിഞ്ഞാൽപ്പിന്നെ അത് വേറൊരിടത്തുമില്ല. മന്ത്രിമാരുടെ നിയോജകമണ്ഡലത്തിലാണ് എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചത്. പത്തെണ്ണമുണ്ടായാൽ 19 മന്ത്രിമാരുടേയും നിയോജകമണ്ഡലത്തിലുണ്ടാവുകയില്ല എന്ന് നമുക്കറിയില്ലേ? പത്തു മന്ത്രിമാരുടെ നിയോജകമണ്ഡലത്തിലുമുണ്ട്: അത് ആരാണ് ഏതാണ് എന്നൊന്നും ഞാൻ വേർതിരിച്ചു പറയുന്നില്ല. എല്ലാവർക്കും അറിയാവുന്നതാണ് ആ കാര്യങ്ങളെല്ലാം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ഒന്നു ചുരുക്കിയാൽ കൊള്ളാം. അര മണിക്കൂർ കഴിഞ്ഞു.

ശ്രീ. ഇ. പത്മനാഭൻ: അങ്ങേയ്ക്കറിയാമല്ലോ മലപ്പുറം ജില്ലയിലെ സ്ഥിതിയെന്താണ്? ഉന്നതവിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയിലെ സർവ്വേ നമ്പറിൽ ഒരു യൂണിവേഴ്സിറ്റി നിലനിൽക്കുന്നതൊഴിച്ചാൽ മലപ്പുറം ജില്ലയിലെ സ്ഥിതി എന്താണ്? കഴിഞ്ഞ അഞ്ചു വർഷക്കാലമായിട്ട് അവിടെയുള്ള കോളേജുകളിൽ എത്ര പുതിയ കോഴ്സുകൾ സാംങ്ഷൻ ചെയ്തു? മലപ്പുറം ജില്ലയിലുള്ള കോളേജുകളിലെ എത്ര അപേക്ഷകൾ ഈ സർക്കാരിന്റെ കൈകളിൽ രണ്ടു കൊല്ലമായി കിടക്കുന്നുണ്ടെന്നറിയാമോ? പാലക്കാട് ജില്ലയിലെ സ്ഥിതി എനിക്കറിയാം, മലപ്പുറം ജില്ലയിലെ സ്ഥിതിയും എനിക്കറിയാം. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇവർ ആവശ്യമുള്ളിടത്തെല്ലാം കൊടുക്കും. ഒരു ട്രെയിനിംഗ് സ്കൂളിൽ 40 സീറ്റ് കൊടുത്തു എന്ന് ഇന്ന് മാതൃഭൂമി പത്രത്തിൽ വാർത്ത വന്നു. അത് സ്പെഷ്യൽ ഓർഡറാണത്രേ. നിയമമാണെങ്കിൽ സ്പെഷ്യൽ ഓർഡർ അല്ലല്ലോ നോർമൽ ഓർഡർതന്നെ ആക്കാമല്ലോ. നിയമത്തിന്റെ വലിയ ആവശ്യമൊന്നുമില്ല. ഇവിടെ നിയമനിർമ്മാണത്തിന് വലിയ ഭേദഗതിയൊന്നും കാണിക്കേണ്ട കാര്യമില്ല. അതിന്റെ ചർച്ച എത്ര കുറച്ചിട്ടും കാര്യമില്ല. നിയമത്തിൽ ഒതുങ്ങിനിന്നിട്ടും കാര്യമില്ല. നിയമപ്രകാരമാണ്. നൽകുന്നതെങ്കിൽ ഇതിലെ ചർച്ചയും അതിൽ പറഞ്ഞ കാര്യങ്ങളും ഒരു മാർഗ്ഗദർശകമായിട്ടെങ്കിലും, ഇരിക്കുമെന്ന് പ്രതീക്ഷിക്കാം. പക്ഷേ നിയമം വിട്ടുകൊണ്ടുള്ള ഏർപ്പാടുകളേ നടക്കുന്നുള്ളൂ. അതുകൊണ്ടാണ് കുറച്ചധികം നീണ്ടു സംസാരിക്കുന്നത്. ഞാൻ ഈ ഡിസൻഡിംഗ് നോട്ട് അവതരിപ്പിക്കുന്നു. ഈ നിയമം പാസ്സാക്കരുത്. ഇത് ഒരു വിധത്തിലും ഗവൺമെന്റിന് ദുഷ്പേരല്ല. മന്ത്രി തീർച്ചയായിട്ടും ഇങ്ങനെ സ്വജനപക്ഷപാതത്തിനും അഴിമതിയ്ക്കും വേണ്ടി മാത്രമുള്ള കവാടം തുറന്നുകൊടുക്കുന്ന ഇത്തരം ഒരു ഭേദഗതിയ്ക്കുവേണ്ടി നിർബന്ധിക്കരുതെന്നും ഞാൻ അദ്ദേഹത്തോട് അപേക്ഷിക്കുകയാണ്. ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: സർ, ഈ ഭേദഗതി ബിൽ ഈ സർക്കാർ കൊണ്ടുവന്നിട്ടുള്ളത് ദൂരുദ്ദേശപരമായ ഒരു സംഗതി സാധിച്ചെടുക്കാൻവേണ്ടിയാണ്. നിലവിലുള്ള ചട്ടമനുസരിച്ച് പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും അനുവാദം കൊടുക്കുന്നത് ഒരുകാലപരിധി വച്ച് നോട്ടിഫിക്കേഷൻ ചെയ്തു ഇഷ്യൂചെയ്തു അപേക്ഷ ക്ഷണിച്ച് അത് പരിശോധിച്ച് അർഹതയുള്ള കേസുകൾ പരിഗണിച്ചിട്ടാണ് ആ പീരിയഡു അവസാനിച്ചാലും, ആ പീരിയഡു കഴിഞ്ഞ് എത്രവർഷം കഴിഞ്ഞും കോളേജുകൾക്കും കോഴ്സുകൾക്കും അനുവാദം കൊടുക്കാനുള്ള അവകാശമാണ് ഈ ബില്ലിൽക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുള്ളത്. അതിന്റെ വിഷയം നമുക്കറിയാം. അഴിമതിയും കൈക്കൂലിയും നടത്താൻ വളരെ സൗകര്യം നൽകുന്ന ഒരു ബില്ലാണിത്. അപേക്ഷ ക്ഷണിച്ച് പരിശോധന നടത്തി കെട്ടിവയ്ക്കുന്ന ഈ അപേക്ഷകംകൊല്ലെല്ലാം ഒരിക്കലും അനുവാദംകൊടുക്കാൻ കഴിയില്ലെന്ന് നമുക്കറിയാം. എന്നാൽ ഈ ബില്ലനുസരിച്ചാണെങ്കിലോ പുതിയതായി അപേക്ഷകം ക്ഷണിക്കുന്നില്ല. ആർക്കെങ്കിലും പുതിയതായി കോളേജുകളും കോഴ്സുകളും ആരംഭിക്കണമെന്നുണ്ടെങ്കിൽ പുതിയതായി അപേക്ഷിക്കാനുള്ള സൗകര്യമോ സന്ദർഭമോ ഈ ബിൽ മുഖേന കൊടുക്കുന്നില്ല. സർക്കാരിന് സൗകര്യമുള്ള, ഇഷ്ടമുള്ള ആളുകൾക്ക് തോന്നുന്നതുപോലെ അനുവാദം കൊടുക്കാമെന്നുള്ളതാണ്. അവിടെയാണ് രാഷ്ട്രീയമായി ദുരുദ്ദേശം ഇതിലുള്ളത്. അത്തരം ഒരു ബിൽ പാസ്സാക്കരുതെന്ന് ഡിസെന്റിംഗ് നോട്ടിൽ ഒപ്പിട്ടിട്ടുള്ള എല്ലാ മെമ്പർമാരും ഏകകണ്ഠമായി അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. അങ്ങനെയാണ് ഈ ഡിസന്റിംഗ് നോട്ട് വന്നത്. വിദ്യാഭ്യാസ രംഗം ഇന്ന് ഒരു കച്ചവടരംഗമാണ്. ഗവൺമെന്റ് സ്കൂളുകൾ അല്ലെങ്കിൽ ഗവൺമെന്റ് കോളേജുകൾ, യൂണിവേഴ്സിറ്റി കോളേജുകൾ അവിടെ ചട്ടപ്രകാരം നിയമപ്രകാരം കാര്യങ്ങൾ നടക്കും. എന്നാൽ സ്വകാര്യമേഖലയിൽ നമുക്കറിയാം. യാതൊരു സൗകര്യവുമില്ല. സ്വകാര്യയുടമകൾക്ക്, കോളേജ് നടത്താനും കോഴ്സുകൾ നടത്താനും എല്ലാം ഇപ്പോൾ അനുവാദം കൊടുത്തുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് പ്രത്യേകിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ മുതലുള്ളത്. ഉദാഹരണമായി ഞാൻ ഒരുകാര്യം പറയാം. ഇന്നത്തെ പത്രത്തിൽ വന്ന ഒരു വാർത്തയാണ്. എനിക്കുമുമ്പ് സംസാരിച്ച മെമ്പർ ആ വിഷയം അവതരിപ്പിച്ചു. ഇന്നത്തെ മാതൃഭൂമിയിൽ ''ടി.ടി.സി.ക്ക് സ്പെഷ്യൽ ഓർഡർ, സീറൊല്ലാം മാനേജുമെന്റിന്'' എന്നൊരു വാർത്തയുണ്ട്. അത് ഞാൻ വായിക്കാം. പത്രവാർത്ത വായിക്കുന്നത് ഇവിടെ വിലക്കാറുണ്ട്. എങ്കിലും അതിന്റെ പ്രസക്തഭാഗങ്ങളിൽ ചിലത് വായിക്കാം. ''സംസ്ഥാനത്തൊട്ടാകെ ടി.ടി.സി. അഡ്മിഷൻ ക്ലോസ് ചെയ്തതിനു ശേഷം കൊട്ടാരക്കര വിദ്യാഭ്യാസജില്ലയിൽ ഒരു സ്വകാര്യ ബേസിക് ട്രെയിനിംഗ് സ്കൂളിൽ വിദ്യാഭ്യാസുവകുപ്പുമന്ത്രി 40 സീറ്റ് പുതിയതായി അനുവദിച്ചു. സ്പെഷ്യൽ ഓർഡറനുസരിച്ചാണിത്. ഈ 40 സീറ്റിലും മാനേജുമെന്റിന് നേരിട്ട് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനുള്ള സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. എഴുകോണിലെ ചൊമ്പല്ലൂർ സെന്റ് ജോർജ്ജ് ബേസിക ട്രെയിനിംഗ് സ്കൂളിനാണ് ഈ ഭാഗ്യം കൈവന്നിട്ടുള്ളത്. (പലരുടെയും തലയിൽ ലോട്ടറി ടിക്കറ്റടിക്കുന്നതുപോലെയാണ് ഭാഗ്യം ചെന്നുവീഴുന്നത്) ഓർത്തഡോക്സ് സഭയുടെ കൊല്ലം ബിഷപ്പ് മാർ കൂറിലോസാണ് സ്കൂൾ മാനേജർ. ഓർത്തഡോക്സ് സഭയുടെ ഒട്ടേറെ വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടെന്നും അവിടേയ്ക്ക് അദ്ധ്യാപകരെ പരിശീലിപ്പിച്ചെടുക്കേണ്ടതുണ്ടെന്നും പറഞ്ഞിട്ടാണ് ടി.ടി.സി.ക്ക് 40 സീറ്റുകൂടി അനുവദിച്ചത്. ഒരു ന്യൂനപക്ഷ സംരക്ഷണം സ്കൂൾ മാനേജുമെന്റിനുള്ളതുകൊണ്ട് മുഴുവൻ സീറ്റിലും മാനേജർമാരുടെ സ്വന്തം നിലയ്ക്ക് അഡ്മിഷൻ നൽകാൻ അധികാരം കൊടുത്തിരിക്കുന്നു. ഈ സെന്റ് ജോർജ്ജ ബി.ടി. സ്കൂളിൽ ഇപ്പോഴത്തെ ഒന്നും രണ്ടും വർഷ ടി.ടി.സി

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസുകളിലായി 80 കുട്ടികളെ പഠിക്കുന്നുണ്ട്. അതിനുപുറമേയാണ് 40 പേരടങ്ങുന്ന ഒരു അഡീഷണൽ ബാച്ച് (വളച്ചൊടിച്ച് ഞാൻ പറയുകയല്ല, വിവരങ്ങളെ അതേപോലെ പറയുകയാണ്) അനുവദിച്ചുകൊണ്ടുള്ള മന്ത്രിയുടെ സ്പെഷ്യൽ ഓർഡർ മാനേജുമെൻറിന് ലഭിച്ചത്. അഡ്മിഷൻ പൂർത്തിയാക്കിയപ്പോഴാണ് ഓർഡറിന്റെ കോപ്പി കൊട്ടാരക്കര ഡി.ഇ.ഒ. ഓഫീസിൽ ലഭിച്ചത്. എസ്.എസ്.എൽ.സി.ക്ക് ഫസ്റ്റ് ക്ലാസ് ലഭിച്ചവർക്കുപോലും അഡ്മിഷൻ കിട്ടാതിരിക്കുമ്പോൾ മിനിമം മാർക്കുള്ളവർ പുതിയതായി അനുവദിച്ച 40 സീറ്റും കൈവശപ്പെടുത്തിയിരിക്കുകയാണ്. എല്ലാ സൗകര്യങ്ങളുമുള്ള കൊട്ടാരക്കര ഗവൺമെൻറ് ബി.ടി. എസിൽ ഒരു ഡിവിഷൻ അനുവദിക്കണമെന്ന് നാട്ടുകാരുടെ നിരന്തരമായ അഭ്യർത്ഥനയെ നിരാകരിച്ചുകൊണ്ടാണ് ഇങ്ങനെയൊരു സ്കൂളിന് സ്പെഷ്യൽ ഓർഡർ മുഖേന 40 സീറ്റ് അനുവദിച്ചത്. ഈ സർക്കാർ അധികാരത്തിലിരിക്കുന്നിടത്തോളം വിദ്യാഭ്യാസരംഗം കച്ചവടമാക്കി അഴിമതി നടത്താൻ ഈ രംഗം ഉപയോഗിച്ചിട്ടില്ലേയെന്നുള്ളതിന്റെ പ്രധാനമായൊരു തെളിവല്ലേയിത്?

മറെറാന്ന് സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ്. മന്ത്രി, ക്യാബിനറ്റുപോലുമറിയാതെയാണ് നടപടികളെടുക്കുന്നതെന്ന് പറഞ്ഞുകേൾക്കുന്നു. നമ്മുടെ നാട്ടിൽ സ്വകാര്യവിദ്യാഭ്യാസരംഗം കൈകാര്യം ചെയ്യുന്ന ആളുകൾക്ക് ബേസിക്കായി അത്യാവശ്യം വേണ്ടുന്ന സൗകര്യങ്ങൾപോലുമില്ലാതെ പോളിടെക്നിക്കുകൾ അല്ലെങ്കിൽ കോളേജുകൾ നടത്താൻ കഴിയുമെന്ന് മാത്രം പറഞ്ഞാൽമതി അനുവാദം കൊടുക്കും. അനുവാദം കിട്ടിക്കഴിഞ്ഞാൽ ആ സ്കൂളിൽ ഒരു അദ്ധ്യാപകനെ നിയമിക്കുന്നതിന് 50,000 രൂപ കൊടുക്കണം. കോളേജിൽ അദ്ധ്യാപക ജോലി കിട്ടുന്നതിനുവേണ്ടി ഒരുലക്ഷവും രണ്ടുലക്ഷവും രൂപവരെ ഇന്ന് കൊടുക്കണം. അപ്പോൾ സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതെന്തിനാണ് സർ? താൽപ്പര്യമുള്ള ആളുകൾക്ക് അതിൽനിന്നും പണം പിടുങ്ങാനല്ലാതെ ഉന്നതവിദ്യാഭ്യാസരംഗം പരിശുദ്ധമാക്കാൻ വേണ്ടിയാണോ?

അതുപോലെയാണ് സ്വകാര്യ ആയുർവേദ കോളേജിന്റെ കാര്യം. അതും എണ്ണമറിവിടെ അനുവദിച്ചു. ഇതും കച്ചവടമല്ലേ? അവിടെയെല്ലാം അർഹതയുള്ള കുട്ടികൾക്ക് അഡ്മിഷൻ കിട്ടുമെന്ന് എന്താണുറപ്പ്? പഠിച്ച് മാർക്കുള്ള, അർഹതയുള്ള കുട്ടികൾക്ക് മെരിറ്റടിസ്ഥാനത്തിൽ,... സംവരണാടിസ്ഥാനത്തിൽ അവിടെ അഡ്മിഷൻ കിട്ടുമെന്നുള്ളതിന് യാതൊരുറപ്പുമില്ല. വാരിക്കോരിയാണ് സ്വകാര്യമേഖലയിൽ ഇതുപോലെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ അനുവദിച്ചുകൊണ്ടിരിക്കുന്നത്. സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകളും ആയുർവ്വേദകോളേജുകളുമെല്ലാം ആരംഭിക്കുന്നതിന് അനുവാദം കൊടുക്കുന്നതിനെ ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും വിദ്യാർത്ഥി സംഘടനകളൊന്നടങ്കം എതിർക്കുകയാണ്. ഒറക്കെട്ടായി സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകളും ആയുർവ്വേദകോളേജുകളും ആരംഭിക്കുന്നതിനെതിരെ സമരങ്ങൾ നടത്തുന്നുണ്ട്. അത് അനുവദിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധർണ്ണനടത്തുന്നു. തിരുവനന്തപുരം ആയുർവേദ കോളേജിൽ ഇപ്പോൾപോയി നോക്കിയാൽ അവിടെ വിദ്യാർത്ഥികൾ കൊടുംകൈകെട്ടി പട്ടിണിയിരിക്കുന്ന കാഴ്ച കാണാൻ കഴിയും. ആ കുട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിൽ പോയി പഠിക്കുന്ന കുട്ടികളാണ്. കോളേജിൽപ്പോയി പഠിക്കേണ്ടുന്ന കുട്ടികളും ഇന്നൊരു സമരരംഗത്താണ്. എന്തിനാണ് സർ? ഈ സ്വകാര്യ ആയുർവേദ കോളേജുകളാരംഭിച്ചാൽ അവിടെ ഈ പറയുന്നതുപോലെ അർഹതയുള്ള കുട്ടികൾക്ക് പ്രവേശനം കിട്ടുകയില്ല. പണം കൊടുക്കാൻ നിവൃത്തിയില്ലാത്ത പഠിക്കുന്ന മിടുക്കരായിട്ടുള്ള, ഉന്നതവിദ്യാഭ്യാസം നേടാൻ യോഗ്യരായിട്ടുള്ള ആളുകൾക്ക് ഇതെല്ലാം കിട്ടാതെവരും. അതുമാത്രമാണോ സർ? സ്വകാര്യമേഖലയിലുള്ള സ്ഥാപനങ്ങളിൽ യാതൊരുവിധ സൗകര്യങ്ങളുമില്ല; പഠിക്കാൻ സൗകര്യമില്ല. ഇരിക്കാൻ ബഞ്ചില്ല. കസേര ഇല്ല. വച്ചെഴുതാൻ ഡെസ്ക് പോലും ഇല്ല. ലാബ് ഇല്ല. യാതൊരു സൗകര്യവുമില്ല. സ്ഥലസൗകര്യങ്ങൾപോലുമില്ലാത്ത എത്രയോ സ്വകാര്യസ്കൂളുകളും കോളേജുകളും ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. എന്തെങ്കിലും കാരണങ്ങൾ പറഞ്ഞ് വർഷം തോറും ഏക്സംപ്ഷൻ വാങ്ങിച്ചു പോകുന്നവരാണിവരെല്ലാം. രാഷ്ട്രീയമായി വിദ്യാഭ്യാസ രംഗത്തെ തകർത്തുതരിപ്പണമാക്കുന്നതാണെന്റെ അഭിപ്രായം. വിദ്യാഭ്യാസരംഗം പരിഷ്ക്കരിക്കണമെന്നാണ് സർക്കാരിന്റെ ഉദ്ദേശമെങ്കിൽ അതിനുവേണ്ടി സമഗ്രമായ ഒരു നിയമം കൊണ്ടുവന്നുകൂടേ? അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുകൂടേ? അതിനുവേണ്ട പരിപാടികളിട്ടുകൂടേ? അതിനുവേണ്ടിയൊന്നും ഈ സർക്കാർ മുതിരുന്നില്ല. ഈ സർക്കാരിന് ഈവക ചിന്തകളൊന്നുമല്ലയുള്ളത്. അവരെ പ്രേരിപ്പിക്കുന്നത് ഭരിക്കുന്നിടത്തോളം കാലം സ്വന്തക്കാരുടെ താൽപ്പര്യം സംരക്ഷിക്കുകയെന്നുള്ളതാണ്. അവരുമായി ബന്ധപ്പെട്ടവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയെന്നുള്ളതാണ്. അധികാരം എത്രകാലം കൈയിലിരിക്കുന്നുവോ അത്രകാലം ആ അധികാരം ദുർവിനിയോഗം ചെയ്യുകയെന്നുള്ളതാണ്. ഇന്നുവരെ സ്വീകരിച്ചിട്ടുള്ളത്. ഞാൻ പോട്ടിക്കട്ടെ, ബഹുമാനപ്പെട്ട മന്ത്രി പരിഷ്ക്കാരം വരുത്തിയപ്പോൾ ഞാൻതന്നെ സബ്ജക്ട് കമ്മിറ്റിയിൽ പോട്ടിച്ചതാണ്. ഈ മന്ത്രി വന്നതിനുശേഷം ഒരു പരിഷ്ക്കാരം ആദ്യം കൊണ്ടുവന്നു. എന്താണ് സർ? സ്കൂളിൽ 'ആം പാസ്' സമ്പ്രദായം നിറുത്തലാക്കി. ആർക്കാണ് നഷ്ടം?.

സാമ്പത്തിക ശേഷിയുള്ള ഒറ്റ കുഞ്ഞിനുപോലും നഷ്ടമില്ല. നഴ്സറി സ്കൂളുകളിൽ വിട്ട് പഠിപ്പിക്കാൻ ട്യൂഷന് നൂറുകണക്കിന്, ആയിരക്കണക്കിന് രൂപ കൊടുത്ത് പഠിപ്പിക്കാൻ കഴിയുന്ന ഒരൊറ്റ കുഞ്ഞിനും അതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. എന്നാൽ നമ്മുടെ സംസ്ഥാനത്ത് ഇപ്പോഴും സാക്ഷരതാ ശതമാനം 70 ശതമാനം ഉണ്ടെന്നാണ് പറയുന്നത്. നമ്മുടെ നാട്ടിൻപുറങ്ങളിൽ ഇറങ്ങി നടക്കുന്നവർക്ക് അറിയാം അവിടെയുള്ള 70 ശതമാനം ആളുകൾക്കും എഴുതാനും വായിക്കാനും അറിയില്ല. എഴുത്തും വായനയും അവരെ പഠിപ്പിക്കാൻ വേണ്ടി നിർബന്ധിത, സാർവ്വത്രിക വിദ്യാഭ്യാസം നമ്മുടെ നാട്ടിൽ നടപ്പിലാക്കാൻ രേണാഘടനയിൽ എഴുതിവച്ചിട്ടുണ്ട്. പക്ഷേ ആ ഉദ്ദേശം നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുന്നില്ല. സർക്കാരിന്റെ കണക്കനുസരിച്ച് 30 ശതമാനം ഉണ്ടല്ലോ നിരക്ഷരരായിട്ടുള്ള ആളുകൾ. ആ നിരക്ഷരരായിട്ടുള്ള ആളുകളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കാൻ എന്ത് മാർഗ്ഗം ഈ സർക്കാർ അവലംബിക്കുന്നു? ഈ ആം പാസ് സമ്പ്രദായം നിർത്തലാക്കിയതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എത്രയോ ഡ്രോപ്പൗട്ട്സ് ഉണ്ടാകുന്നു. പാവപ്പെട്ട കുട്ടികളും ഇപ്പോൾ ഒന്നാം ക്ലാസ്സിൽ പോയി തോറ്റാൽ—നമുക്കറിയാം നമ്മുടെ നാട്ടിൻ പുറങ്ങളിൽ കൂലിവേല ചെയ്ത് ജീവിക്കുന്ന ആളുകളും, നിത്യ പട്ടിണിക്കാർ—തോറ്റ കുട്ടിയെ പിന്നെ പഠിപ്പിക്കുന്നതിന് ഒരച്ഛനുമ്മയും തയ്യാറാകുകയില്ല. അത്ര ബോധമുള്ളവരൊന്നുമല്ല നാട്ടിൻ പുറത്തുള്ള ആളുകളും. അതുപോലെ ഓരോ ക്ലാസ്സിലും ഒന്നും രണ്ടും മൂന്നും വർഷം തോൽക്കുന്ന കുട്ടികളും ഇപ്പോൾ പരീക്ഷണാർത്ഥം ആ കുട്ടി ജയിക്കുകയാണെങ്കിൽ ജയിക്കട്ടേ എന്നു കരുതി ആ അച്ഛനും അമ്മയും വിട്ടാലും ആംപാസ് സമ്പ്രദായം നിർത്തലാക്കിയതുകൊണ്ട്, തോൽവി നിരന്തരമായി സംഭവിക്കുന്നതുകൊണ്ട് ആ കുട്ടികളും പഠിത്തം നിർത്തി പോകുകയാണ്. അതിന്റെ ഫലം നമുക്ക് ഇപ്പോൾ അറിയാൻ കഴിയുകയില്ല. ഭാവിയിലറിയും. ഇപ്പോൾ 70 ശതമാനം സാക്ഷരതയുള്ളവരുണ്ട്. നിരക്ഷരർ 30 ശതമാനവും. ഈ മുപ്പത് ശതമാനമെന്നുള്ളത് അപ്പോൾ എഴുപതും എൺപതും ശതമാനമായി വർദ്ധിക്കാൻ സകല സാദ്ധ്യതകളും ഈ സർക്കാർ മുഖേന ഉണ്ടാക്കിയിട്ടുണ്ട്. ഹൈസ്കൂൾ തലം വരെയുള്ള വിദ്യാഭ്യാസരംഗം പരിഷ്ക്കരിക്കാൻ വേണ്ടി ഇറങ്ങിപുറപ്പെട്ടിട്ടുള്ള ഈ വകുപ്പുമന്ത്രിയോട് ഈ നാട്ടുകാരുടെ, സാധാരണക്കാരുടെ പേരിൽ ഞങ്ങൾ അഭ്യർത്ഥിച്ചു, അങ്ങനെയൊരു നടപടി സ്വീകരിക്കരുത് എന്ന്. അപ്പോൾ പറഞ്ഞു റീ—എക്സാമിനേഷൻ നടത്തുമെന്ന്. 10 മാസം പഠിച്ചിട്ടുള്ള കുട്ടികൾ തോറ്റുകഴിഞ്ഞാൽ പിന്നെ രണ്ടു മാസംകൊണ്ട് പഠിപ്പിച്ച് റീ—എക്സാമിനേഷൻ നടത്തി ജയിപ്പിക്കും എന്നാണ് പറയുന്നത്. ഈ ന്യായം സാമാന്യ ബുദ്ധിയുള്ള ആരെങ്കിലും അംഗീകരിക്കുമോ? ഈ റീ—എക്സാമിനേഷൻ നടത്തി എത്രപേരെ ജയിപ്പിക്കാൻ കഴിഞ്ഞു? പാവപ്പെട്ട എത്ര കുട്ടികളെ ജയിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞു? വകുപ്പുമന്ത്രിക്ക് മറുപടി പറയാൻ കഴിയുമോ? ഈ വിദ്യാഭ്യാസരംഗം വകുപ്പുമന്ത്രിക്ക് നന്നാക്കണമെന്നല്ല, അദ്ദേഹത്തിന്റെ ഉദ്ദേശം, അദ്ദേഹം ആഗ്രഹിക്കുന്നതുപോലെ ചില കാര്യങ്ങൾ ഈ രംഗത്ത് നടപ്പിലാക്കണമെന്നുള്ളതാണ്. അപ്പോൾ സാമ്പത്തിക ശേഷിയുള്ള ആളുകളുടെ കുട്ടികൾ മാത്രം ഈ നാട്ടിൽ വിദ്യാഭ്യാസം നടത്തിയാൽ മതിയോ?

മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ്, ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് 50 ശതമാനം മാർക്ക് കിട്ടുന്നവർക്ക് പ്രവേശനം കൊടുത്താൽ മതി എന്നാണ്. ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് അവതരിപ്പിച്ച ആളുകളോട് സകല ബഹുമാനവും വച്ചുകൊണ്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്നു അവർ ഈ നാട്ടിലാണോ ജീവിക്കുന്നത്? ഈ ലോകത്താണോ അവർ ജീവിക്കുന്നത്? 50 ശതമാനം മാർക്ക് വാങ്ങിക്കുന്നവർക്കു മാത്രമേ കോളേജുകളിൽ അഡ്മിഷൻ ഉള്ളൂ എന്ന് എഴുതിവച്ചാൽ ഈ സാധാരണക്കാരനും പാവപ്പെട്ടവനും പഠിക്കാൻ വേണ്ടി എവിടെ പോകണം? അപ്പോൾ ഉന്നതവിദ്യാഭ്യാസരംഗം ഈ നാട്ടിലുള്ള ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും പിന്നോക്കക്കാർക്കും നിഷേധിക്കലല്ലേ ഈ നടപടി സ്വീകരിച്ചതിൽകൂടി ഉണ്ടാകാൻ പോകുന്നത്? നമുക്കുറിയാം ഈ സിറ്റിയിൽ കോളേജിൽ പഠിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു കുട്ടിക്ക് ഒരു വിഷയത്തിന് ആയിരം രൂപാവച്ച് ട്യൂഷന് കൊടുക്കുന്നവരുണ്ട്. പാവപ്പെട്ട കുട്ടികൾക്ക് ട്യൂഷൻ കൊടുക്കാനുള്ള സംവിധാനം നേരത്തേ ഉണ്ടായിരുന്ന സർക്കാർ ഉണ്ടാക്കിയിട്ടുണ്ട്.

പക്ഷേ അത് നടപ്പിലാക്കാൻ കഴിയുന്നുണ്ടോ! ഹരിജൻ വിദ്യാർത്ഥികൾക്ക് ട്യൂഷൻ കൊടുക്കാൻ ഒരു ക്ലാസ്സിൽ പഠിക്കുന്നത് കുറഞ്ഞത് ഏത്രയെന്ന് നിശ്ചയിച്ചിട്ടുണ്ട്. അത്രയും കുട്ടികളില്ലെങ്കിൽ ട്യൂഷൻ കൊടുക്കുകയില്ല. പലേടത്തും പേരിനു വേണ്ടി മാത്രം ഈ ട്യൂഷൻ കൊടുക്കാൻ വേണ്ടി ഫീസ് കോളേജിനെ എൽപ്പിക്കുന്നു. ട്യൂഷൻ നടക്കുന്നില്ലായെന്നുള്ളതാണ് സത്യം. ബഹുമാനപ്പെട്ട പെയറിന് അറിയാമല്ലോ, മുസ്ലീം സമുദായത്തിൽപെട്ട എത്രയോ കുട്ടികൾ നമ്മുടെ പ്രദേശത്ത് ഉണ്ട്. പത്താം ക്ലാസ്വരെപോലും പഠിക്കാൻ കഴിയാത്ത എത്രയോ കുട്ടികളുണ്ട്. അവരെ പഠിപ്പിക്കാൻ കഴിഞ്ഞാൽ, അവർക്കു വിദ്യാഭ്യാസം നേടാൻ കഴിഞ്ഞാൽ അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ അവർക്കാവില്ലേ? അവർക്ക് അതിന് കഴിയുകയില്ലേ? അതിനുള്ള സൗകര്യം ഇന്നുണ്ടോ? അപ്പോൾ ഈ രീതിയിൽ വച്ചാൽ സാമ്പത്തികശേഷിയുള്ളവർക്കാണോ ഈ ഹരിജനങ്ങളും ഗിരിജനങ്ങളും പിന്നോക്കക്കാരും?

അതുപോലെതന്നെ സാമ്പത്തിക സംവരണം, മുന്നോക്കവിഭാഗങ്ങളിലും അവശരായിട്ടുള്ള ആളുകൾ ഉണ്ട്. ഞാൻ നിഷേധിക്കുന്നില്ല. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടനുസരിച്ച് അവർക്ക് അതിന് വേണ്ടുന്ന ആനുകൂല്യങ്ങളും കിട്ടുന്നുണ്ട്, അപ്പോൾ ഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് അവരുടെ കുട്ടികളെ പഠിപ്പിക്കാൻ ഉന്നതവിദ്യാഭ്യാസം നടത്താൻ സൗകര്യം ഇല്ലാത്ത വിധത്തിൽ ആണ് പുതുതായി ഒരു കമ്മീഷൻ റിപ്പോർട്ട് അവതരിപ്പിച്ചിരിക്കുന്നത്. ഗവൺമെൻറ് അത് പഠിച്ചുകൊണ്ടിരിക്കുന്നു എന്നാണ് പറയുന്നത്. ഞങ്ങൾക്ക് ആർക്കും അത് പഠിക്കാൻ തന്നില്ല. സർക്കാർ പഠിച്ചുകഴിഞ്ഞതിനുശേഷം വേണമല്ലോ ഞങ്ങൾ പഠിക്കാൻ. സർക്കാർ ഇതുവരെ പഠിച്ചുകഴിഞ്ഞിട്ടില്ല. അത് വായിക്കുമ്പോൾ അറിയാൻ കഴിയുന്നത് ഈ സാധാരണക്കാരെ വളരെ ദോഷമായി ബാധിക്കുന്ന ധാരാളം കാര്യങ്ങൾ അതിൽ എഴുതിവച്ചിട്ടുണ്ട് എന്നാണ്. അതിനാൽ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് നിഷേധിക്കണമെന്ന് വിദ്യാർത്ഥി സംഘടനകൾ മാത്രമല്ല, പല പുരോഗമന പ്രസ്ഥാനങ്ങളും നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ സർക്കാരിന് ഒരു നയം വേണ്ടേ? വിദ്യാഭ്യാസം നേടാൻ കഴിയാത്ത പിന്നോക്ക പ്രദേശങ്ങളില്ലേ? ആ പിന്നോക്ക പ്രദേശങ്ങളെ എന്തുകൊണ്ട് ഈ സർക്കാർ മറക്കുന്നു? പിന്നോക്ക പ്രദേശങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ എന്തു ചെയ്തു? പുതിയ സ്കൂളുകൾ തുടങ്ങാൻ കഴിയില്ല, അതുപോലെ സ്വകാര്യമാനേജ്മെൻറുകൾക്ക് ഒന്നും തുടങ്ങാൻ കഴിയില്ല. ഉദാഹരണത്തിന് എൻെറ മണ്ഡലത്തിൽ സ്വകാര്യമേഖലയിൽ സ്കൂളുകളും കോളേജുകളും തുടങ്ങാൻ പണക്കാരായ ആളുകൾ അധികമില്ല. അതുകൊണ്ടുതന്നെ ഒരൊറ്റ കോളേജും ഇന്നുവരെ ആ പ്രദേശത്തില്ല. ഒരു കമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുപോലും ഇല്ല, സർക്കാരിനേറ്റായി ഒരു കമേഴ്സ്യൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂട്ട് പോലും അവിടെയില്ല. താഴിലധിഷ്ഠിത വിദ്യാഭ്യാസമാണ് ഈ സർക്കാരിന്റെ നയമെന്ന് വിദ്യാഭ്യാസമന്ത്രി സമയം കിട്ടുമ്പോഴൊക്കെ ഈ സഭയിലും പുറത്തും പറയുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമാണ് ഉദ്ദേശമെങ്കിൽ എന്തുകൊണ്ട് ഈ പിന്നോക്ക പ്രദേശങ്ങളിൽ, പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് അത്തരം വിദ്യാഭ്യാസം ചെയ്യുന്നുള്ള സൗകര്യം ചെയ്തുകൊടുക്കുന്നില്ല? സർക്കാർ ഉടമയിൽ എന്തുകൊണ്ട് അനുവദിക്കുന്നില്ല? സ്കൂളുകളായാലും പോളിടെക്നിക്കുകളായാലും ഐ.ടി.ഐ. കളായാലും കോളേജുകളായാലും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത് ഈ മന്ത്രി ഉപരിതലത്തിൽ നിന്നുമാത്രം ആളുകളെ നോക്കിക്കണ്ടാൽ പോരാ. ഇവിടെയുള്ള പിന്നോക്ക പ്രദേശങ്ങളും തേടിപോകണം മന്ത്രിമാർ. മന്ത്രിമാർ ഇതുപോലുള്ള പ്രദേശങ്ങളും തേടി പോകാനും അത്തരം പ്രദേശങ്ങളുടെ വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ നേരിൽ കണ്ട് മനസ്സിലാക്കാനും അവർക്ക് വേണ്ടിയുള്ള ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കാനും കഴിയുന്ന തരത്തിൽ പ്രവർത്തിക്കണം.

സർ, വിദ്യാഭ്യാസ മന്ത്രിക്ക് അതിനൊന്നും സമയമില്ലാത്തതുകൊണ്ടാണ് അങ്ങനെയുള്ള നടപടികളൊന്നും ഉണ്ടാകാത്തത്. ഒരു
11 a. m. ബേസിക് ട്രെയിനിങ്ങ് സ്കൂൾ ഉണ്ടായിരുന്നത് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. അവിടെ ക്ലാസ്സ് നടക്കുന്നില്ല. ഭരണഘടനാപരമായ റിസർവേഷൻ ഇല്ലായിരുന്നുവെങ്കിൽ ഈ നാട്ടിൽ ഇത് ഉണ്ടാകുമായിരുന്നോ? റിസർവേഷൻ മണ്ഡലം എന്നു പറഞ്ഞ് മാറ്റിവച്ചത് എന്തിനാണ്? സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മണ്ഡലങ്ങളെയാണ് റിസർവേഷൻ മണ്ഡലങ്ങളായി വേർതിരിച്ചിട്ടുള്ളത്. റിസർവേഷൻ മണ്ഡലങ്ങളെ വിദ്യാഭ്യാസ രംഗത്തും മറ്റെല്ലാ രംഗത്തും അവഗണിക്കുന്നു. നിരന്തരമായി എത്ര പ്രാവശ്യം പറഞ്ഞാലും മന്ത്രിമാർ കേൾക്കുകയില്ല. അല്ലെങ്കിൽ ഒരു ചെവിയിൽക്കൂടി കേട്ട് മറ്റെചെവിയിൽക്കൂടി പുറത്തുവിടും. കാരണം ഇങ്ങനെയുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ താൽപ്പര്യമല്ല അവർക്ക് പ്രധാനം. അതുകൊണ്ടുതന്നെയാണ് അത്തരം പ്രദേശങ്ങളെ സ്ഥിരമായി അവഗണിച്ചുകൊണ്ടിരിക്കുന്നത്. ബജനാവിൽനിന്ന് പൈസ വീതിക്കുമ്പോഴും തുല്യമായി വീതിക്കുകയില്ല. ഹരിജനങ്ങളും മാത്രമല്ല റിസർവേഷൻ മണ്ഡലങ്ങളിലുള്ളത്. അവിടെ മറ്റുള്ള വിഭാഗത്തിൽപ്പെട്ട ആളുകളില്ലേ? വിദ്യാഭ്യാസത്തിനുവേണ്ടി ബജനാവിൽനിന്ന് ഒരു പൈസയെങ്കിലും ചെലവാക്കിയാൽ അത് 140 മണ്ഡലങ്ങളിലും ഒന്നുപോലെ വീതിക്കണം. വികസന പ്രവർത്തനങ്ങളുടെ കാര്യത്തിലായാലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും ഏത് രംഗത്തായാലും ഇന്ന് അത് ഉണ്ടാകുന്നുണ്ടോ? ഏതെങ്കിലും വകുപ്പിൽനിന്നോ മന്ത്രിയിൽനിന്നോ അങ്ങനെയുള്ള പരിഗണന ലഭിക്കുന്നുണ്ടോ? ഇല്ല. ഇവിടെ ഒരു പരിഷ്ക്കാരം വരുത്താമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നത്. ഞാൻ നേരത്തെതന്നെ വളരെ ദീർഘമായി സംസാരിച്ചിട്ടുണ്ട്, അതുകൊണ്ട് ഇപ്പോൾ ഒന്നും പറയുന്നില്ല എന്നാണ് മന്ത്രി പറഞ്ഞത്. പക്ഷപാതപരമായി സ്വന്തം താൽപ്പര്യമുള്ള ആളുകൾക്കും സർക്കാരിന് താൽപ്പര്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്കും പ്രത്യേക പരിഗണന കൊടുക്കാൻ വേണ്ടി മാത്രം കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണ് ഇത്, ഈ ബിൽ പാസ്സാക്കരുത് എന്നാണ് എന്റെ അഭിപ്രായം.

Dr. A. Subba Rao : Sir, the reason for submitting the note of dissent has been ably presented by my Hon'ble Member, Mr. Padmanabhan. Even now, I cannot understand the necessity of passing this bill. When the Hon'ble Minister proposed the Bill to be taken into consideration, he hid not deal with the reasons raised by the Members who had submitted their minutes of dissent. The main object of this Bill as stated by the Hon'ble Minister is to overcome the difficulties experienced as a result of the High Court judgement. In the 'statement of objects and reasons' it was stated that in view of the above judgement the universities were prevented from granting affiliations to the new colleges and courses for which Governments views have been already communicated. Thus a situation arose when the new colleges and courses could not be started during the academic year 1982-83 and the students could not be admitted to the colleges or the new courses. Now what prevented the Syndicate and also the Government in submitting their proposals in time. These statutes have been followed till 1982-83. Previous to that, any organisation, which had submitted their proposal for affiliation or starting new colleges had to submit their application before October 31st. Those applications had to be processed and passed by the Syndicate before December 31st and the Government had to give permission for that. But just because there was some delay and as a consequence of which the High Court gave an adverse judgements I cannot understand why the Government requires a permanent amendment to the Sections. If it was just only to overcome the difficulties experienced as a result of the High Court judgement, then they could have brought in or inserted some proviso as suggested in the minutes of dissent. We have not heard anything about it. What prevents the Government in just inserting certain amendments—bringing about certain proviso-exempting from the stipulation of those colleges which has already been granted the permission. On that particular point no argument has been put forward by the Hon'ble Minister. So the present amendment which is sought to be made gives the Chancellor the authority to extend the period within which the Syndicate shall consider any application. Giving the powers to the Chancellor means, actually extending the powers of the Government to extend the period. That is why we, the Members who had submitted our minutes of dissent, had to express our fear, that this amendment may open the floodgates of favouritism and corrupt practices by the Government. Now there were many organisations and even authorities of Government institutions, who had submitted their proposals either to upgrade their colleges or to start new courses in their respective colleges. For example, I am just bringing it to the notice of the Minister—that the Manjeswer Govinda Pai Memorial Government College had requested for

LIBRARY ARCHIVES Kerala Legislative Assembly

the upgradation of the College so that new courses in B·Com· could be started which would enable those who had undergone Pre-degree courses in the same college· The proposals were there· As far as my knowledge goes· I was given to understand that the Calicut University is also favourable for upgrading that college· But the Government was reluctant in upgrading the college while it has accommodated all other private institutions to start new colleges and new courses· They came to the opinion that it was not necessary to start new courses or to upgrade that college· The P·D·C· in Commerce was started in the Kasaragod Government College only two years back· Now the students have just passed their Pre-degree classes and they had asked for upgrading the college so that they could undergo the B·Com· course· Those students who had taken the Kannada language have no opportunity to continue their B·Com· courses in the entire Kerala State· So naturally their request is to start B·Com· courses both in Kasaragod as well as in the Manjeswar Govinda Pai college· But that has not at all been taken into consideration· I am not saying that they should have accepted it without any reason· But when you are freely sanctioning new courses and giving permission for starting new colleges, what prevents you in giving permission for starting new courses there or for upgrading the college· That means Government sanction any course or any college as it thinks fit even flouting the statutes prescribed according to the Act· I feel that the objections raised by the Members in the minutes of dissent have not been replied by the Government and I cannot see the reason for enforcing or requesting to pass this Bill with the new provisions·

Shri. A. V. Thamarakshan: Sir, "I move that the University Laws (Amendment) Bill, 1983 as reported by the Subject Committee be circulated for obtaining public opinion." ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സർവ്വകലാശാല നിയമത്തിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി വളരെ അപകടകരമായ ഒന്നാണ് എന്നുള്ളതുകൊണ്ടാണ് ഈ ഭേദഗതി വീണ്ടും പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്. ഈ നിയമം ആദ്യമായി അവതരിപ്പിച്ചപ്പോഴും തന്നെ ഇതിലെ അപകടങ്ങളെക്കുറിച്ച് വളരെ ദീർഘമായി ഞാൻ സംസാരിച്ചു. സബ്ജക്റ്റ് കമ്മിറ്റി അത് പരിശോധിച്ചാൽ, തീർച്ചയായും അന്ന് ഞാൻ ഉന്നയിച്ചിരുന്ന വസ്തുതകൾ പരിഗണിക്കുമെന്നും അതിന്റെയടിസ്ഥാനത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടാകുമെന്നുമാണ് ഞാൻ പ്രതീക്ഷിച്ചത്. എന്നാൽ, യാതൊരു മാറ്റവും കൂടാതെ സംസ്ഥാന ഗവൺമെന്റ് ആ ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഈ ബില്ലിന്റെ ഫലമായി സംസ്ഥാന ഗവൺമെന്റിന് തോന്നുമ്പോൾ നമ്മുടെ സംസ്ഥാനത്തു പുതിയ കോളേജുകളും പുതിയ കോഴ്സുകളും അനുവദിക്കാൻ അവസരം കൊടുത്തിരിക്കുകയാണ്. ഈ ബിൽ നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ എല്ലാ മേഖലകളിലും ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കും. അതുകൊണ്ടാണ് ഇതു പാസ്സാക്കാൻ പാടില്ല എന്ന ആവശ്യം ഉന്നയിക്കുന്നത്. ഇന്നു സംസ്ഥാന ഗവൺമെന്റിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം ഒരു കാര്യത്തിൽ പ്രത്യേകമായ താൽപര്യം ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗമായാലും, ജനറൽ എഡ്യൂക്കേഷനായാലും ഒരു വിഭാഗത്തിന്റെ കീഴിൽ മാത്രമായി കൊണ്ടുവരാനുള്ള ബോധപൂർവ്വമായ, തന്ത്രപൂർവ്വമായ ശ്രമങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിലെ ഘടകകക്ഷികളായ ഇൻഡ്യൻയൂണിയൻ മുസ്ലീം ലീഗും കോൺഗ്രസ്സും ഐ.യും അടക്കമുള്ള പാർട്ടികളും ഉത്തരവാദിത്വമുള്ള രാഷ്ട്രീയപാർട്ടികളും എന്ന നിലയിൽ ഇതിനെ പ്രത്യാഘാതം ഗൗരവപൂർവ്വം പരിഗണിക്കുന്നുണ്ടോ? ഈ സംസ്ഥാനം നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ഒരു പ്രധാന കാരണം ഗവൺമെന്റിന്റെ ഈ നയമല്ലേ? ഏതെങ്കിലും ഒരു വിഭാഗത്തെ തൃപ്തിപ്പെടുത്താൻ വേണ്ടി യാതൊരു തത്വദീക്ഷയുമില്ലാതെ, വിദ്യാഭ്യാസമേഖലയുടെ അടിസ്ഥാനതത്വങ്ങൾ മറന്നുകൊണ്ട് സ്വീകരിച്ച നടപടികളുടെ ഫലമായല്ലേ ഇന്നു ഈ സാമ്പത്തിക തകർച്ച ഉണ്ടായിരിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസമന്ത്രി ചെറുപ്പമാണെങ്കിലും, നല്ലൊരു അഭ്യാസിയാണ്; തന്ത്രജ്ഞനാണ്. ഞാൻ ഇക്കാര്യത്തിൽ ശ്രീ. ജേക്കബിനെ അനുമോദിക്കുകയാണ്. ഇത്രയും ചെറുപ്പത്തിൽ തന്നെ ഇത്രയും തന്ത്രജ്ഞതയോടുകൂടി കാര്യങ്ങൾ നടത്താനുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമാണ്. ഇവിടെ ഗാന്ധിജി സർവ്വകലാശാല കൊണ്ടുവന്നു. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത്ര ധൃതി പിടിച്ചു ഒരു സർവ്വകലാശാലയുടെ ആവശ്യം ഉണ്ടായിരുന്നോ? ഞാൻ മനസ്സിലാക്കുന്നത് ശ്രീ. മാണിയുമായി ചേരുന്നതിനു മുമ്പ് പട്ടയപ്രശ്നത്തിന്റെ പേരിൽ ജോസഫ് കോൺഗ്രസ് മുന്നണിയിൽ നിന്നു മാറുവാൻ തീരുമാനിച്ചു. എന്നിട്ട കാർമ്മ ശരിയാണെങ്കിൽ ഇതുസംബന്ധിച്ച് വെളുപ്പാൻകാലം നാലര മണി വരെ ചർച്ച നീണ്ടു. ഏറ്റവും അവസാനം ജേക്കബിന്റെ കണ്ണിൽ നിന്നു കണ്ണീർ ഇറ്റിറ്റു വീണു. മന്ത്രി എം.എൽ.എ. മാർ ചോദിച്ചു ജേക്കബ് എന്തിനാണ് കരയുന്നതെന്ന്? അപ്പോൾ ശ്രീ. ജേക്കബ് പറഞ്ഞു, രണ്ട് മാസത്തെ അവധി കൂടി തരണമെന്ന്. ഞാൻ ഗാന്ധിജി സർവ്വകലാശാല നിയമം നടപ്പാക്കാമെന്ന് പറഞ്ഞു പോയി. ഗാന്ധിജി സർവ്വകലാശാല നിയമം നടപ്പിലാക്കുന്നതിന് രണ്ടു മാസത്തെ സമയം നൽകണമെന്നാണ് അന്ന് ആ കമ്മിറ്റിയിൽ അദ്ദേഹം പറഞ്ഞത്. കേരളാ കോൺഗ്രസ്സിനകത്ത് ഒരു സ്പ്ലിറ്റ് ഉണ്ടാക്കാൻ ആഗ്രഹിച്ച ശ്രീ. കെ.എം. മാണി, ജേക്കബിനെ കുരുതികൊടുക്കാൻ വേണ്ടി രണ്ടുമൂന്നു എം.എൽ.എ മാരുടെ ഒരു ലിസ്റ്റുണ്ടാക്കിവച്ചുകൊണ്ടിരുന്ന ആളാണ്. ആ മാണിയാണ് ഇന്നു ശ്രീ. ജേക്കബിനെ തൃപ്തിപ്പെടുത്താൻ വേണ്ടി യാതൊരു സാമ്പത്തിക ബുദ്ധിമുട്ടും നോക്കാതെ പണം അനുവദിക്കുന്നത്. പൊതുമരാമത്തുവകുപ്പിലേക്ക് റോഡ് വേണമെങ്കിൽ മാണിയുടെ ധനകാര്യവകുപ്പിലേക്ക് കുറിപ്പെഴുതിയാലെ പറ്റുകയുള്ളു. കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതായിട്ടുള്ള ഗാന്ധിജി സർവ്വകലാശാലയെ സംബന്ധിച്ച് യാതൊരു തടസ്സവുമുണ്ടായില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ശ്രീ. ജേക്കബാണ് മന്ത്രിസഭയെ നിലനിർത്തുന്നതെന്നൊരു അഭിപ്രായമുണ്ട്. ഈയിടെ ഒരു ക്രൈസിസ് ഉണ്ടായപ്പോഴും മന്ത്രിസഭയെ നിലനിർത്താൻ ശ്രീ. ജേക്കബ് പരമാവധി ശ്രമിച്ചു എന്നുള്ള കാര്യം മെമ്പർക്കറിയാമോ?

LIBRARY, ARCHIVES Kerala Legislative Assembly

ശ്രീ. എ.വി. താമരാക്ഷൻ: ശ്രീ. ജേക്കബ്, കരുണാകരനോടും മാണിയോടുമുള്ളതാണ് ഈ ഗവൺമെന്റിനെ നിലനിർത്തിക്കൊണ്ടുപോകുന്നതെന്നു പറയും. അദ്ദേഹത്തിന് അതിനുള്ള കഴിവുണ്ട്. അദ്ദേഹത്തിന്റെ കാര്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടി.....

ശ്രീ. കെ. ശങ്കരനാരായണപിള്ള: അടുത്തകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാഭ്യാസവകുപ്പുമന്ത്രിയോട് ബാലകൃഷ്ണപിള്ള വേണോ പോളിടെക്നിക് വേണോ എന്നു ചോദിച്ചപ്പോൾ പിള്ള പോയാലും പോളിടെക്നിക്ക് മതി എന്നു പറഞ്ഞതായി മെമ്പർക്ക് അറിയാമോ?

ശ്രീ. എ.വി. താമരാക്ഷൻ: അറിയാം. ഞാൻ അതിലേക്കാണ് വരുന്നത്. ബഡ്ജറ്റിൽ വരുന്ന കാര്യങ്ങൾ തന്നെ ധനകാര്യവകുപ്പിലേക്ക് അയച്ചുതരാൻ നടത്തിക്കിട്ടുകയില്ല. അതേസമയം ഗാന്ധിജി സർവ്വകലാശാലയുടെ പ്രശ്നം വന്നപ്പോൾ ഒരു കുറിപ്പു പോലും ധനകാര്യവകുപ്പിലേക്ക് അയയ്ക്കേണ്ടിവന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: ശ്രീ. ടി.എസ്. ജോണിനെ കൂടെ നിർത്താൻവേണ്ടി അദ്ദേഹത്തിനൊരു പോളിടെക്നിക് കൊടുത്തിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. എ.വി. താമരാക്ഷൻ: അതെനിക്ക് അറിഞ്ഞുകൂടാ. ഇപ്പോൾ 15 പോളിടെക്നിക്കുകൾ സ്വകാര്യമേഖലയിൽ ആരംഭിക്കുവാൻ ആലോചിക്കുന്നു. ക്യാബിനറ്റ് അതറിഞ്ഞിട്ടില്ല. ഇന്ന് ലെയിസൺ കമ്മിറ്റിയിൽ അതിനെക്കുറിച്ച് വലിയ തർക്കമുണ്ടായിയെന്ന് ഞാനറിഞ്ഞു. ബഹുമാനപ്പെട്ട ചെയർമാൻ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിയും സ്വകാര്യമേഖലയിൽ അനുവദിക്കാൻ പാടില്ലായെന്ന് പറഞ്ഞതായാണ് അറിയാൻ കഴിഞ്ഞത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): ഇതു ക്യാബിനറ്റ് തീരുമാനിച്ചതാണ്. ലെയിസൺ കമ്മിറ്റിയിൽ അങ്ങനെയൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. എ.വി. താമരാക്ഷൻ: ഇതു പത്ര റിപ്പോർട്ടാണ്.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: പ്രതിപക്ഷം സാധാരണ ആശ്രയിക്കുന്നത്. പത്രറിപ്പോർട്ടാണല്ലോ.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: പോളിടെക്നിക്കിന് എതിരല്ല. അനുകൂലമാണ്.

ശ്രീ. എ.വി. താമരാക്ഷൻ: എങ്കിലായാലും ശ്രീ. ശങ്കരനാരായണപിള്ള പറഞ്ഞതുപോലെ പിള്ള വേണോ പോളിടെക്നിക്ക് വേണോയെന്ന ചോദ്യം വന്നപ്പോൾ പോളിടെക്നിക് എന്ന ലക്ഷ്യം കണ്ടുകൊണ്ടാണ് പകരം കോൺഗ്രസ് തൽക്കാലം 'പിള്ള പ്രശ്നം' അവസാനിപ്പിച്ചത്. ഇപ്പോൾ 15 പോളിടെക്നിക്കുകൾ അനുവദിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ക്യാബിനറ്റ് തീരുമാനിച്ചുവെന്നും പറയുന്നു. കഴിഞ്ഞ മുന്നേകാൽ കൊല്ലമായി ശ്രീ. ടി.എം. ജേക്കബ് എന്താഗ്രഹിക്കുന്നുവോ ആ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി ഓരോ അവസരങ്ങളിലും മുഖ്യമന്ത്രിയേയും ശ്രീ. കെ.എം. മാണി അടക്കമുള്ള വരേയും മാറിമാറി പിടിച്ചുകൊണ്ട് രാജ്യതാല്പര്യം മറക്കുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ആദിശേഷയ്യാ കമ്മീഷനെ വച്ചു. ശ്രീ. ടി.എം. ജേക്കബിന് സ്വയംഭരണ കോളേജുകൾ ആരംഭിക്കണം. ക്യാബിനറ്റ് അറിയാതെ അതിനെക്കുറിച്ച് ചർച്ചചെയ്യാതെത്തന്നെ സ്വയംഭരണ കോളേജുകൾ തുറക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അതു നടപ്പിലാക്കാൻവേണ്ടിയാണ് രണ്ട് കമ്മീഷനെ വച്ചത്. ഒന്ന് ആദിശേഷയ്യാ കമ്മീഷൻ, മറ്റൊന്ന് ഗോപാലൻ കമ്മീഷൻ. ആ റിപ്പോർട്ടുകൾ സെനറ്റും സിൻഡിക്കേറ്റും ചർച്ചചെയ്യുന്നതിന് മുമ്പുതന്നെ നടപ്പിലാക്കുമെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. എന്താണ് ആ റിപ്പോർട്ടുകൾ. ഇത് നടപ്പിലാക്കാവുന്ന ഒരു കാര്യമാണോ? ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലെ പ്രസക്തമായ മൂന്നു കാര്യങ്ങൾ മാത്രം ഞാൻ പറയാം. ഒന്ന് The academic standards of the colleges can be raised only by improving the quality of the academic staff. To ensure this, teacher appointments should be made on the basis of U.G.C. qualifications and provision made for recruitment of outside talent along with promotion of existing staff. Selection of staff should be on the basis of merit and communal rotation and communal quota system should be dropped. യൂണിവേഴ്സിറ്റി നിയമങ്ങളിൽ കമ്മ്യൂണൽ റിസർവേഷനും കമ്മ്യൂണൽ കോട്ടായും പൂർണ്ണമായും നിർത്തലാക്കണമെന്നാണ് ഈ റിപ്പോർട്ടിൽ എഴുതിവച്ചിരിക്കുന്നത്.

ശ്രീ. വി. ദിനകരൻ: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിൽ റിസർവേഷൻ നിർത്തലാക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ പല കമ്മീഷനുകളും വരാറുണ്ട്. അതെല്ലാം നടപ്പിലാക്കണമെന്നില്ലെന്നും നടപ്പിലാക്കാൻ പറ്റുകയില്ലെന്നുമുള്ളത് മെമ്പർക്കറിയാമോ?

ശ്രീ. എ.വി. താമരാക്ഷൻ: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരിക്കുന്നു. ഇപ്പോഴത്തെ നമ്മുടെ യൂണിവേഴ്സിറ്റി ആക്ടിൽ കമ്മ്യൂണൽ റിസർവേഷനും കമ്മ്യൂണൽ കോട്ടായും ഉണ്ടാകണമെന്ന് വ്യവസ്ഥയുണ്ട്. അതുണ്ടായിട്ടുപോലും കേരള സർവ്വകലാശാലയിലും, ഗാന്ധിജി സർവകലാശാലയിലും, കാലിക്കറ്റ് സർവ്വകലാശാലയിലും അർഹമായ പരിഗണന പിന്നോക്കക്കാർക്ക് ലഭിക്കുന്നില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് ഹരിജനങ്ങൾക്കും ആദിവാസികൾക്കും, മറ്റു പിന്നോക്ക സമുദായക്കാർക്കും കടന്നു ചെല്ലുവാനാകാത്ത നിലയിലുള്ള ഒരു നിർദ്ദേശമാണ് ഈ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലുള്ളത്.

രണ്ടാമതു പറഞ്ഞിരിക്കുന്നത് ഇതാണ്. To reduce numbers, it is suggested that admission be restricted to those students securing 50% marks or more in the S.S.L.C. examination.

50 ശതമാനം മാർക്കോ അതിൽക്കൂടുതലോ ഉള്ളവർക്കേ ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് അഡ്മിഷൻ കൊടുക്കാവൂവെന്ന് എഴുതിവച്ചിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ കേരളത്തിലെ കോളേജുകളിൽ ഒറ്റ ആദിവാസികുട്ടിയെങ്കിലും കാണുമോ? ഹരിജൻ കാണുമോ? ഇപ്പോൾ 35 ശതമാനം മാർക്കുണ്ടായിട്ടും 20 ശതമാനം റിസർവേഷനുണ്ടായിട്ടും ആലപ്പുഴ എസ്.ഡി. കോളേജിൽ പ്രീഡിഗ്രിക്കും ഡിഗ്രിക്കും ഹരിജനങ്ങളുടേയും ആദിവാസികളുടേയും കുട്ടികളില്ല. എനിക്കതറിയാം. അങ്ങനെയുള്ള സ്ഥിതിയിൽ 50 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

മാർക്കിടു കഴിഞ്ഞാൽ ആരെങ്കിലുമുണ്ടാകുമോ? ആ കോഴ്സുകൂടി മാറ്റു കമ്മ്യൂണിറ്റിക്ക്. കൊടുത്തുകൊണ്ട് ഉന്നതവിദ്യാഭ്യാസരംഗം പൂർണ്ണമായും ഒരുപിടി ഉന്നത വിഭാഗത്തിന്റെ കൈയിലമർത്താൻവേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമമാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് അനുവദിക്കാൻ പാടുന്ന കാര്യമാണോ? രണ്ടേമുക്കാൽകോടി ജനങ്ങളിൽ എൺപതു ശതമാനത്തോളം വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസപരമായി സ്പെഷ്യൽ ബാക്ക്വേർഡ് കുറവാണെന്നാണ് പറയുന്നത്. അത് ആരുടെ കുട്ടികളാണ്. ഹരിജനങ്ങളുടേയും ആദിവാസികളുടേയും മറ്റു പിന്നോക്കവിഭാഗക്കാരുടേയും തൊഴിലാളികളുടേയും കുട്ടികളാണ് ഇന്ന് പിന്നോക്കം നിൽക്കുന്നത്. ആ കുട്ടികളൊന്നും വിദ്യാഭ്യാസ രംഗത്തേക്ക് പോകേണ്ടെന്നും സമ്പന്നരുടേയും മറ്റ് സാമൂഹ്യമായി ഉയർന്നുനിൽക്കുന്നവരുടേയും കുട്ടികൾക്ക് മാത്രം കടന്നുചെല്ലുവാൻ കഴിയുന്ന ഒരു മേഖലയാക്കി മാറ്റുവാനുമാണ് ബോധപൂർവ്വം ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിലെ മറ്റു പാർട്ടികൾ ഇതു കാണുന്നുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്.

മൂന്നാമതു പറഞ്ഞിരിക്കുന്നത്, ഓരോ കോളേജിനും അവർക്ക് തോന്നിയമാതിരി ആരേയും നിയമിക്കാം. ആ അവകാശത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.

To devise and administer its own admission procedures, to frame its own curriculam and to operate its own evaluation system. ഓരോ കോളേജിനും അവർക്ക് ഇഷ്ടമുള്ള നിലയിൽ പ്രവർത്തിക്കാം. കേരളത്തിൽ അഡ്മിഷൻ 20 ശതമാനം റിസർവേഷനുണ്ട്. ഇതൊന്നുമില്ലാതെ ഓരോ കോളേജിനും അവർക്കിഷ്ടമുള്ള രീതിയിൽ പ്രവർത്തിക്കാം. ഫീസ് വാങ്ങിക്കാം. ആ നിലയിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് കഴിഞ്ഞകാലത്തു നമ്മുടെ സംസ്ഥാനത്തുകൊണ്ടുവന്ന എല്ലാ പരിഷ്കാരങ്ങളേയും തകർത്തുകൊണ്ട് വിദ്യാഭ്യാസ രംഗത്തേയ്ക്ക് മറ്റു പിന്നോക്കവിഭാഗക്കാർക്ക് കടന്നുവരാൻ കഴിയാത്ത നിലയിൽ ആ വാതിലുകളെല്ലാം അടക്കുവാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ശ്രമം ആണ് ശ്രീ. ടി.എം.ജേക്കബ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ എങ്ങനെയും ഭരിക്കണമെന്നാഗ്രഹിക്കുന്ന പാർട്ടികൾ, അവർ രാജ്യതാല്പര്യം കാണുന്നില്ല. അവർക്ക് ഭരണം മതി. ഇതെല്ലാം മറന്നുകൊണ്ട് എങ്ങനെയും ഭരിക്കാൻവേണ്ടി എന്തുകൊണ്ടുവന്നാലും അതിനെല്ലാം കൂട്ടുനിൽക്കുന്നനയമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്ത് ഇന്ന് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നനയം വളരെയധികം ആപൽക്കരമാണ്. ഈ രംഗത്തു മുമ്പു കൊണ്ടുവന്ന എല്ലാ ജനകീയ പരിഷ്കാരങ്ങളെയും തകർത്തുകൊണ്ട് വിദ്യാഭ്യാസരംഗം ഒരു വിഭാഗത്തിനേറയാക്കി മാറ്റുന്നതിനുള്ള ഈ ശ്രമത്തെ പരാജയപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ ഭേദഗതി തന്നെ അതിനുതകുമെന്നുള്ളതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. ഈ ബിൽ പാസ്സാക്കരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം.വി. രാഘവൻ: സർ, ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുന്നു. The University Laws (Amendment) Bill, 1983 as reported by the Subject Committee be recommitted to the same Committee. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രിയോട് എനിക്കൊരു കാര്യം പറയാനുള്ളത്, നിങ്ങളൊരു ചെറുപ്പക്കാരനെന്നുള്ള നിലയിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുപോലെ അതിവിശാലവും അതിവിപുലവുമായ ഒരു ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്യുന്നതിൽ സാമർത്ഥ്യം കാണിക്കുന്നുണ്ട്. ആ സാമർത്ഥ്യം സ്വകാര്യമേഖലയെയും സ്ഥാപിത താൽപ്പര്യക്കാരെയും സഹായിക്കാൻവേണ്ടി ഉപയോഗിക്കരുതെന്നാണ്. നിങ്ങൾ കൊണ്ടുവരുന്ന എല്ലാ ഭേഗതി നിയമവും അങ്ങനെയുള്ളതാണ്. ഈ ബില്ലും അങ്ങനെയുള്ളത് തന്നെയാണ്. സ്വകാര്യമാനേജ്മെൻറിൻെറ വിശ്വസ്തനായ ഒരു ദാസനായിട്ടാണ് നിങ്ങൾ അതിൽ പ്രവർത്തിക്കുന്നത്. കേരളത്തെപ്പോലെ വളരെയേറെ പുരോഗമനപരമായ പ്രസ്ഥാനങ്ങളെല്ലാം വളർന്നിട്ടുള്ള ഒരു രാജ്യത്തുനിന്ന് ഇങ്ങനെ പറഞ്ഞാൽ അത് നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിനുതന്നെ അവഹേളനമല്ലേ? എന്തു പറഞ്ഞാലും സ്വകാര്യമേഖല, സ്വകാര്യമേഖല. ഇതും സ്വകാര്യമേഖലയെ സംബന്ധിക്കുന്നതുതന്നെയാണ്. ആയുർവ്വേദ കോളേജുകളും സ്വകാര്യമേഖലയിൽത്തന്നെ. ഇങ്ങനെപോയാൽ ഈ നിയമസഭയും ആർക്കെങ്കിലും പാട്ടത്തിന് കൊടുക്കുമോയെന്നാണ് എൻെറ സംശയം. നിങ്ങൾ കത്തോലിക്കാ പള്ളികൾ, നായർ സർവ്വീസ് സൊസൈറ്റി, എസ്.എൻ.ഡി.പി. അതുപോലെയുള്ള സാമുദായിക സംഘടനകൾക്കുവേണ്ടിയാണ് നിൽക്കുന്നത്. അതുപോലെ അഴിമതി നടത്തുന്ന ആളുകൾക്കും ഇത് സഹായകമാണ്. ഒരു കോളേജിൽ പ്യൂണായി ജോലി കിട്ടണമെങ്കിൽ ഇപ്പോൾ 50,000 രൂപയെങ്കിലും കൊടുക്കണം. അപ്പോൾ പിന്നെ ഒരു ലെക്ചറർ പോസ്റ്റിൻെറ കാര്യം പറയാനുണ്ടോ? ഇതിങ്ങനെ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇത് ശ്രീ. ടി.എം. ജേക്കബ് വന്നതിനു ശേഷം തുടങ്ങിയ നടപടികളാണെന്നു ഞാൻ പറയുന്നില്ല. വളരെ മുമ്പു മുതൽ തുടങ്ങിയതാണ്. പക്ഷേ ശ്രീ. ടി.എം. ജേക്കബിൻെറ നയം കാരണം ഇത് കൂടിക്കൂടി വരികയാണ്. അതുകൊണ്ട് ചെറുപ്പക്കാർനെന്നുള്ള നിലയിൽ അങ്ങ് ആലോചിക്കേണ്ടത് ഇത്തരം പിൻതിരിപ്പൻ നിയമങ്ങളും നയങ്ങളും നടപ്പിൽ വരുന്നത് ശരിയല്ലെന്നാണ്. സ്വകാര്യകോളേജുകൾ മാത്രം അനുവദിച്ചാൽ പോരാ, അതിലെ കോഴ്സുകളും കോളേജുകളും തുടങ്ങാൻ സാധാരണ ഒക്ടോബർ 30-ാം തീയതിയാണ് അവധിയെങ്കിൽ അത് ഇത്രകാലം നീട്ടികൊടുക്കുക, അതിന് ചാൻസലർക്ക് അധികാരം കൊടുക്കുക എന്നതൊന്നും ശരിയല്ല. അവർക്കുവേണ്ടി എന്ത് വൃത്തികേടും കാട്ടിക്കൂട്ടുവാൻ തയ്യാറുള്ള ഒരു ഗവൺമെൻറാണിതെന്നല്ലേ മനസ്സിലാക്കേണ്ടത്. ഞാൻ ശ്രീ. ജേക്കബിനോട് പറയുകയാണ്, വളരെയേറെ വിദ്യാഭ്യാസ വിചക്ഷണൻമാർ ഇരുന്ന കസേരയിലാണ് നിങ്ങളിരിക്കുന്നത്. അത് നിങ്ങൾ മനസ്സിലാക്കണം. അതിൻെറ അടിസ്ഥാനത്തിൽ നിങ്ങൾ പെരുമാറണം. ശ്രീ. ജോസഫ് മുണ്ടശ്ശേരിയെപ്പോലുള്ള ആളുകളിരുന്ന സ്ഥലമാണത്. നിങ്ങൾ ഇപ്പോളിവിടെ ആദിശേഷയ്യാ റിപ്പോർട്ടു കൊണ്ടുവന്നിട്ടുണ്ട്. അതിൻെറ അർത്ഥവും ഇതുതന്നെയല്ലേ? ഈ ആദിശേഷയ്യാ റിപ്പോർട്ട് അംഗീകരിച്ചാൽ നമ്മുടെ രാജ്യത്തെ സ്ഥിതി എന്തായിരിക്കും? ജനാധിപത്യഭരണ ക്രമമനുസരിച്ചാണ് നമ്മുടെ സെനറ്റും സിൻഡിക്കേറ്റും തിരഞ്ഞെടുക്കപ്പെടുന്നത്. അതിൽ തൊഴിലാളികൾക്കും, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രാതിനിധ്യമുണ്ട്. എന്നാൽ ആദിശേഷയ്യാ

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിൽ പറയുന്നത്, ഇതും തിരഞ്ഞെടുക്കപ്പെടേണ്ട, ഗവൺമെന്റ് നോമിനേറ്റ് ചെയ്യണമെന്നാണ്. നിയമസഭ പാട്ടത്തിനു കൊടുക്കുന്നതുപോലെ ഈ സെനറ്റും സിൻഡിക്കേറ്റുമെല്ലാം പാട്ടത്തിനുകൊടുക്കണമെന്നു തന്നെയാണോ?

ശ്രീ. സി.കെ. തങ്കപ്പൻ: ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് കഴിഞ്ഞ ആഴ്ച സെനറ്റ് നിരാകരിച്ചതായിട്ട് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ഡോ. കെ.സി. ജോസഫ്: സെനറ്റ് ആ റിപ്പോർട്ട് നിരാകരിച്ചിട്ടില്ല. അതിൽ കൊള്ളേണ്ടതു കൊള്ളണമെന്നും തള്ളേണ്ടതു തള്ളണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. അല്ലാതെ ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ട് നിരാകരിച്ചിട്ടില്ല.

ശ്രീ. എം.വി. രാഘവൻ: ഞാൻ മനസ്സിലാക്കിയത് കോൺഗ്രസ്സ് (ഐ) ക്കാരും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കാരുമുൾപ്പെടെയുള്ളവരുടെ ഏകാഭിപ്രായമാണിതെന്നാണ്. സെനറ്റിലും സിൻഡിക്കേറ്റിലും നിലനിൽക്കുന്ന ജനാധിപത്യപരമായ അവകാശങ്ങളെ എടുത്തുകളയാനാണ് തമിഴ്നാട്ടിലെ ഏതോ ഒരു പട്ടർ ഉണ്ടാക്കിയ ഈ റിപ്പോർട്ടിൽ പറയുന്നത്. അത് പിച്ചിച്ചീന്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ഇതിൽനിന്നു മനസ്സിലാക്കാം, ആദിശേഷയ്യാ കമ്മീഷനെക്കുറിച്ച് ശ്രീ. എം.വി. രാഘവനുള്ള ബന്ധം.

ശ്രീ. എം.വി. രാഘവൻ: അയ്യരാണെന്നാണ് ഞാൻ കരുതിയത്. ക്രിസ്ത്യാനിയാണെങ്കിൽ ശ്രീ. ജേക്കബിനു പറ്റിയ ആളായിരിക്കും.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ഈ റിപ്പോർട്ടിൻമേൽ ഉള്ള നല്ല കാര്യങ്ങളെല്ലാം കൊള്ളണമെന്നും കൊള്ളരുതാത്തതെല്ലാം തള്ളണമെന്നും പറഞ്ഞാൽ അതിന്റെയർത്ഥം പുതിയ ഒരു കമ്മീഷനെ നിയമിക്കണമെന്നാണോ? ഈ റിപ്പോർട്ട് തള്ളണമെന്നല്ലേ?

ഡോ. കെ.സി. ജോസഫ്: അങ്ങനെയല്ല.

ശ്രീ. എം.വി. രാഘവൻ: എനിക്കൊരു തെറ്റുപറ്റി. ഞാൻ വിചാരിച്ചു, ആദിശേഷയ്യാ പട്ടരാണെന്ന്. പട്ടരല്ലാപോലും. പട്ടരായിരുന്നുവെങ്കിൽ കുറച്ചുകൂടി ബുദ്ധികാണുമായിരുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: കേരളാ കോൺഗ്രസ്സ് ഇപ്പോഴും കൊള്ളേണ്ടതു കൊള്ളുകയും തള്ളേണ്ടതു തള്ളുകയുമാണെന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിഞ്ഞുകൂടേ?

ശ്രീ. എം.വി. രാഘവൻ: കേരളാ കോൺഗ്രസ്സിൽ ഇപ്പോഴും തള്ളലും കൊള്ളലുമേയുള്ളൂ. ഇപ്പോഴും എനിക്ക് മനസ്സിലായത് ശ്രീ. ജേക്കബ് ഇതിനു പറ്റിയ ആളെത്തന്നെയാണ് നിയമിച്ചതെന്ന്. ഏതായാലും ഞാൻ ജാതിതിരിച്ചൊന്നുമല്ല പറയുന്നത്. ഇതൊരു പിൻതിരിപ്പൻ റിപ്പോർട്ടാണ്. കേരളത്തിലെ സെനറ്റിലും സിൻഡിക്കേറ്റിലുമെല്ലാം ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള വ്യവസ്ഥകളെല്ലാം മാറ്റണമെന്ന് വിദ്യാഭ്യാസത്തെക്കുറിച്ച് എന്ത് വിവരമുള്ള ആളുകൾ പറഞ്ഞാലും കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടേമുക്കാൽകോടി ജനങ്ങളും അനുവദിക്കാൻ പോകുന്നില്ലായെന്നുള്ളത് ശ്രീ. ജേക്കബ് മനസ്സിലാക്കണം. ഇതിൽ കോൺഗ്രസ്സെന്നും കമ്മ്യൂണിസ്റ്റെന്നുമൊന്നുമില്ല. എല്ലാവരും യോജിച്ചുതന്നെയാണ് ആ വ്യവസ്ഥകളും മാറണമെന്ന് വാദിച്ചതും കേരള യൂണിവേഴ്സിറ്റി സെനറ്റ് അതു ഏകകണ്ഠമായി പാസ്സാക്കിയതും. അതിനു വേറെയൊന്നും പറഞ്ഞിട്ടു കാര്യമില്ല. ഈ ബില്ലിനെക്കുറിച്ച് പറയുമ്പോൾ ഇത് പറയാതിരിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ടാണ് ഞാനിതു പറഞ്ഞത്. അതുപോലെ ഈ റിപ്പോർട്ടിന്റെ ഒരു ഭാഗത്ത് പറയുന്നുണ്ട്, സെനറ്റിലും സിൻഡിക്കേറ്റിലും രാഷ്ട്രീയക്കാരും അദ്ധ്യാപകരും പാടില്ലായെന്ന്. നമ്മുടെ രാഷ്ട്രീയക്കാരെ 'കണ്ടാകരസ്' എന്നാണ് പറയുന്നത്. രാഷ്ട്രീയക്കാർ പാടില്ലായെങ്കിൽ ശ്രീ. ജേക്കബിന് ഇവിടെ മന്ത്രിയായിരിക്കാൻ യോഗ്യതയുണ്ടോ?

ശ്രീ. എം.എം. ഹസ്സൻ: കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ കഴിഞ്ഞ ദിവസം ഒരു യോഗത്തിൽ പ്രസംഗിച്ചപ്പോൾ സെനറ്റിൽനിന്നും സിൻഡിക്കേറ്റിൽനിന്നും ഒക്കെ രാഷ്ട്രീയക്കാരെ മാറ്റിയാലേ വിദ്യാഭ്യാസം നന്നാവൂയെന്ന് പറഞ്ഞു. അങ്ങ് ആ വാർത്ത വായിച്ചോ?

ശ്രീ. എം.വി. രാഘവൻ: ഞാൻ വായിച്ചില്ല. ശ്രീ. ഹസ്സൻ പറഞ്ഞത് സത്യമാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. അപ്പോളിനി നാളെ പ്രസംഗിക്കും രാഷ്ട്രീയക്കാരനായ ശ്രീ. രാജീവ് ഗാന്ധിയെ മാറ്റണം പകരമൊരു പട്ടാളക്കാരൻ വരണമെന്ന്. അതിന് നിങ്ങൾ അനുകൂലമാണോ?

ശ്രീ. എം.എം. ഹസ്സൻ: എനിക്ക് നല്ലകാര്യങ്ങളിൽ ശ്രീ. എം.വി. രാഘവനോട് യോജിപ്പാണുള്ളത്.

ശ്രീ. എം.വി. രാഘവൻ: എനിക്കു വിദ്യാഭ്യാസമന്ത്രിയോട് പറയാനുള്ളത്, ഈ റിപ്പോർട്ടിനെക്കുറിച്ച് ഈ നിയമസഭയിൽ ചർച്ച ചെയ്യേണ്ടതായിരുന്നുവെന്നാണ്. നമ്മുടെ യൂണിവേഴ്സിറ്റി സെനറ്റ് ഏകകണ്ഠമായി നിരാകരിച്ച ആ സ്ഥിതിയെക്കുറിച്ച് നിങ്ങൾ ആലോചിക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുകയാണ്, രാഷ്ട്രീയക്കാർ പാടില്ലായെന്നും, രാഷ്ട്രീയമുള്ള അദ്ധ്യാപകൻമാരും പാടില്ലായെന്നും രാഷ്ട്രീയക്കാരെല്ലാം 'കണ്ടാകരസ്' ആണെന്നുമൊക്കെ എഴുതിവച്ചിരിക്കുന്ന ആളിനെക്കുറിച്ച് ഞാനെന്താണ് പറയേണ്ടത്?

ശ്രീ. റ്റി.എസ്. ജോൺ: രാഷ്ട്രീയക്കാരനായ ശ്രീ. മുണ്ടശ്ശേരി മാസ്റ്റർ ഇവിടെ മന്ത്രിയായിരുന്ന കാലത്ത് ഈ യൂണിവേഴ്സിറ്റികളൊക്കെ നല്ലരീതിയിൽ ആണ് നടത്തിക്കൊണ്ടുപോയിരുന്നതെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? രാഷ്ട്രീയക്കാർ വൈസ് ചാൻസലർമാരായി വന്നാൽ നന്നായി നടത്തുമെന്നുള്ള കാര്യത്തിൽ തർക്കമുണ്ടോ?

ശ്രീ. എം.വി. രാഘവൻ: അതുതന്നെയാണ് ഞാനും പറഞ്ഞത്. അതിനെതിരായിട്ട് ആണ് റിപ്പോർട്ടിൽ എഴുതിവച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. എം.എം. ഹസ്സൻ: ഈ പ്രസംഗിക്കുന്ന വൈസ്ചാൻസലർമാരും പി.വി.സി. മാരുമൊക്കെ അർദ്ധരാത്രിയിൽ തലയിൽ മുണ്ടുമിട്ട് രാഷ്ട്രീയക്കാരായ മന്ത്രിമാരുടെ വീട്ടിൽ കയറി ശുപാർശ നടത്തിയാണ് വൈസ്ചാൻസലർമാരും പി.വി.സി. മാരുമായതെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എം.വി. രാഘവൻ: അവർ അതിനുവേണ്ടി എന്ത് പണിയും ചെയ്യും. എന്നിട്ട് രാഷ്ട്രീയക്കാർ വേണ്ടെന്നും പറയും. ഇക്കാര്യത്തിൽ നൂറു ശതമാനവും ഞാൻ ഹസ്സനോട് യോജിക്കുകയാണ്. ജോലി കിട്ടാൻവേണ്ടി എന്തും ചെയ്യും. കിട്ടിക്കഴിഞ്ഞാൽ പിന്നെ രാഷ്ട്രീയക്കാർ കൊള്ളുകില്ലായെന്നും പറയും. രാഷ്ട്രീയക്കാർ 'കണ്ടാകരസ്' എന്നാണ് ആദിശേഷയ്യാ പറഞ്ഞിരിക്കുന്നത്. അപ്പോഴും നിങ്ങളെ 'കണ്ടാകരസ്' ആണെന്ന് സമ്മതിക്കുമോ? ഇതെന്തൊരപമാനമാണ്? കേരളത്തിലെപ്പോലെ പ്രബുദ്ധമായ ഒരു സംസ്ഥാനത്തു വന്ന് ഇങ്ങനെയൊരു റിപ്പോർട്ടെഴുതി വച്ചിട്ട് ആ ചങ്ങാതി തിരിച്ചു പോയല്ലോയെന്ന് ഞാൻ ആലോചിക്കുകയാണ്. നാട്ടുകാർ ഇതറിഞ്ഞിരുന്നുവെങ്കിൽ അയാളുടെ കഥ കഴിയുമായിരുന്നു. അതുകൊണ്ട് രാഷ്ട്രീയക്കാരെല്ലാം വൃത്തികെട്ടവരാണെന്ന് ഈ ജനാധിപത്യ രാജ്യത്താണോ പറയുന്നത്? ഇത് നമ്മൾ വളരെ ഗൗരവമായി ആലോചിക്കേണ്ട കാര്യമാണ്. അതുകൊണ്ട് ആണ് കോൺഗ്രസ്സ് (ഐ) ക്കാരും മാർക്സിസ്റ്റു പാർട്ടിയും രണ്ടറ്റത്തു നിന്നുകൊണ്ട് ഇതിനെ എതിർക്കാൻ തുടങ്ങിയത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: നമ്മുടെ മുഖ്യമന്ത്രി ഇപ്പോൾ ആ കസേരയിലിരിക്കുന്നത് ശ്രീ. ജേക്കബ് ബിന്റെ കാരുണ്യംകൊണ്ടാണെന്ന്, അങ്ങേക്കറിയാമോ?

ശ്രീ. എം.എം. ഹസ്സൻ: ജനങ്ങളുടെ കാരുണ്യംകൊണ്ടാണ് ഈ ഗവൺമെന്റ് ഇപ്പോഴും അധികാരത്തിൽ തുടരുന്നത്. അതിന് മുഖ്യമന്ത്രിയുടെ കാര്യംമാത്രം എന്തിനാണ് പറയുന്നത്?

ശ്രീ. എം.വി. രാഘവൻ: ജനങ്ങളുടെ കാര്യം, മന്ത്രി അഴിമതി നടത്തി മൽസരിച്ചുകൊണ്ടാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം.എം. ഹസ്സൻ: ആദിശേഷയ്യാ കമ്മീഷന്റെ റിപ്പോർട്ടെല്ലാം പൊള്ളത്തരമാണെന്ന് ചൂണ്ടിക്കാണിക്കുന്ന സ്ഥിതിക്ക് നമ്മുടെ ഈ സഭയിലെ രണ്ടു പ്രമുഖ അംഗങ്ങളായ ശ്രീ. എം.വി. രാഘവനും ശ്രീ. സീതിഹാജിക്കും വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കാൻ പ്രത്യേകിച്ച് ഒരു കമ്മീഷനെ നിയോഗിക്കുന്നതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ശ്രീ. എം.വി. രാഘവൻ: എന്നാലും ഇത്ര മോശമാവുകയില്ല. (ബഹളം) ഞങ്ങൾക്ക് കുറച്ച് കോമൺസെൻസൊക്കെയുണ്ട്. അതുകൊണ്ട്, ഞാൻ ഈ റിപ്പോർട്ടിലുള്ള കാര്യം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എസ്.എസ്.എൽ.സി. പാസ്സായാൽ മാത്രം പോരാ, കോളേജിൽ പ്രവേശനത്തിന് 50 ശതമാനം മാർക്കു വേണമെന്നാണ് പറയുന്നത്. അപ്പോഴും ദന്തഗോപുരത്തിൽ കയറാൻ പാവപ്പെട്ടവർക്കൊന്നും സാധിക്കുകയില്ലായെന്നാണ് ആദിശേഷയ്യാ റിപ്പോർട്ടിൽ എഴുതിവെച്ചിരിക്കുന്നത്. രാഷ്ട്രീയക്കാരെ വൃത്തികെട്ടവനെന്നു വിളിച്ചു. ഞാൻ ആദിശേഷയ്യായെ അങ്ങനെ വിളിക്കുന്നില്ല. ഈ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥിതിയിൽനിന്നുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ ഒരാൾ ഇതെഴുതിയതിൽ വളരെ ഖേദമുണ്ട്. എത്രയായാലും ആ റിപ്പോർട്ട് പിച്ചിച്ചീന്തണം. അതിന് നിയമസഭയുടെ സഹായം ശ്രീ. ജേക്കബ്ബിന് ഉണ്ടാകും. ഇവിടെ ആട്ടോണമസ് കോളേജ് ഉണ്ടായാൽ പിന്നെ സർട്ടിഫിക്കറ്റിന് നമ്മുടെ നാട്ടിൽ വല്ല ക്ഷാമവും ഉണ്ടാകുമോ? ശരിക്കും എഴുതിക്കൊടുക്കാമല്ലോ? പിന്നെ "0" (പൂജ്യം) മാർക്ക് വരികയില്ല. നല്ല റെഡിയായിത്തന്നെ എഴുതിക്കൊടുക്കാമല്ലോ? അതല്ലേ ആട്ടോണമസ് കോളേജ് എന്നു പറയുന്നത്? അതുകൊണ്ട് നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസത്തെ നശിപ്പിക്കാൻ വേണ്ടിയുള്ള ഈ ഏർപ്പാട് അവസാനിപ്പിക്കാൻ ശ്രീ. ജേക്കബ്ബ് നടപടിയെടുക്കണം എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. യൂണിവേഴ്സിറ്റി സെനറ്റ് പാസ്സാക്കിയ നിയമം, ഏകകണ്ഠമായി ശ്രീ. ജേക്കബ്ബിന്റെ കക്ഷിക്കാർ അതിനകത്ത് ഉണ്ടായെന്ന് എനിക്കറിയില്ല, ഉണ്ടെങ്കിൽ അവർ അതിനെ തീർച്ചയായും അംഗീകരിച്ചിട്ടുണ്ട്. ഇൻഡ്യാ രാജ്യത്ത് 70 ശതമാനം ആളുകൾ നിരക്ഷരരാണെങ്കിൽ നമ്മൾ 70 ശതമാനം അക്ഷരാഭ്യാസമുള്ളവരാണ്. അങ്ങനെ പ്രബുദ്ധമായിട്ടുള്ള കേരളത്തിൽ പിന്തിരിപ്പൻ ഏർപ്പാടൊന്നും വരുത്താൻ കഴിയുകയില്ല. നമ്മുടെ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി വന്നിട്ട് തന്നെ അദ്ദേഹത്തിന് കേരളമെന്താണെന്ന് മനസ്സിലായില്ല. അദ്ദേഹം പറഞ്ഞു, കേരളം സാക്ഷരതയിൽ മുന്നിട്ടു നിൽക്കുകയാണെന്ന്.

ശ്രീ. കാനം രാജേന്ദ്രൻ: അങ്ങ് ആട്ടോണമസ് കോളേജുകളെപ്പറ്റി പറഞ്ഞല്ലോ. ഈ ഭരണമുന്നണി കക്ഷികളുടെ അടിസ്ഥാനമെന്നതു പോലെ ഓരോ വിഭാഗം ആളുകൾക്കും ഓരോ എൻ.എസ്.എസ്. ആട്ടോണമസ് കോളേജ്, എസ്.എൻ.ഡി.പി. ആട്ടോണമസ് കോളേജ്, മുസ്ലീം ലീഗ് ആട്ടോണമസ് കോളേജ് തുടങ്ങിയ കോളേജുകൾ കൊടുക്കാൻ ഉള്ള ആലോചനയുള്ളതായി അറിയുന്നു. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എം.വി. രാഘവൻ: അതിനെക്കുറിച്ച് എനിക്കറിയില്ല. അങ്ങനെ ആലോചനയുണ്ടെങ്കിൽ ഈ രാജ്യം ഒരു ചുടുകാടായി മാറും. അത്രയേ ഞാൻ പറയുന്നുള്ളൂ. നമ്മുടെ പ്രധാനമന്ത്രി തന്നെ ഇവിടെ വന്നിട്ട് അദ്ഭുതപ്പെട്ടുപോയി. കാരണം സാക്ഷരതയുടെ നിലവാരം. പ്രധാനമന്ത്രിക്ക് കേരളത്തിൽ വന്നിട്ട് ഒന്നും, തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. കാരണം, രാഷ്ട്രീയത്തെപ്പറ്റി വലിയ വിവരം ശ്രീ. രാജീവ് ഗാന്ധിക്കില്ലല്ലോ?

ശ്രീ. എം.എം. ഹസ്സൻ: ശ്രീ. രാജീവ് ഗാന്ധിക്ക് ഒരു രാഷ്ട്രീയ സ്റ്റഡി ക്ലാസ് കൊടുക്കാൻ അങ്ങയുടെ സേവനം കുറച്ചു നാളത്തേക്കു വിട്ടുതരാമോ?

ശ്രീ. എം.വി. രാഘവൻ: ശ്രീ. ഹസ്സന്റെ അത്രയും വിവരം രാഷ്ട്രീയത്തിൽ ശ്രീ. രാജീവ് ഗാന്ധിക്കില്ല. അദ്ദേഹം പഠിച്ചു വരികയാണ്. അദ്ദേഹം രാഷ്ട്രീയത്തിൽ വന്നിട്ട് കുറച്ചു കാലമല്ലേ ആയിട്ടുള്ളൂ. ശ്രീമതി ഇന്ദിരാഗാന്ധിയുടെ മകനായി ജനിച്ചു എന്ന കാരണംകൊണ്ടും ശ്രീമതി ഇന്ദിരാഗാന്ധി വധിക്കപ്പെട്ട സഹതാപം കൊണ്ടുമാണ് അദ്ദേഹത്തിന് ഭൂരിപക്ഷം കിട്ടിയതും നമ്മളെല്ലാം ബഹുമാനിക്കുന്നതും. അതുകൊണ്ടുമാത്രം വിവരമുണ്ടാകുമോ? രാഷ്ട്രീയത്തിൽ ഉണ്ടാവുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: ശ്രീ. രാജീവ് ഗാന്ധിയുടെ ഭാര്യയായ ശ്രീമതി സോണിയാഗാന്ധിയെ കോൺഗ്രസ്സ് പ്രസിഡൻറ് ആക്കാൻ പോകുന്നുവെന്ന് പറഞ്ഞുകേട്ടു. അവരുടെ രാഷ്ട്രീയനിലവാരത്തെക്കാൾ ഭേദമല്ലേ ശ്രീ. രാജീവ് ഗാന്ധിക്ക്?

ശ്രീ. എം. വി. രാഘവൻ: എന്നാൽപ്പിന്നെ ഇറ്റലിക്കാരായിരിക്കും ഇൻഡ്യ ഭരിക്കുന്നത്; പഴയ രാജാക്കൻമാരെപ്പോലെ.

ശ്രീ. എം.എം. ഹസ്സൻ: കോൺഗ്രസ്സിന്റെ പ്രസിഡൻറ് വിദേശികളായിരുന്നു. അതറിയാമോ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യത്തെ പ്രസിഡൻറ് വിദേശിയായിരുന്നു. ശ്രീ. എ. ഒ. ഹ്യൂമിനെ അറിയില്ലേ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർമാർ ശ്രദ്ധിക്കണം, ഇവിടെയുണ്ടായിരിക്കുന്ന ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. പ്രധാനമന്ത്രിക്ക് വിവരമുണ്ടാക്കാനോ രാഷ്ട്രീയമുണ്ടാക്കാനോ അല്ല.

ശ്രീ. കാനം രാജേന്ദ്രൻ: ശ്രീ. ഹസ്സൻ ഇവിടെ പറഞ്ഞതിന്റെ അർത്ഥം ബീഹാർ പ്രദേശ് കോൺഗ്രസ്സ് പാർട്ടിമാത്രമല്ലാ കേരളാ പ്രദേശ് കോൺഗ്രസ്സ് പാർട്ടിയും ശ്രീമതി സോണിയാഗാന്ധിയെ കോൺഗ്രസ്സ് പ്രസിഡൻറാക്കാൻ അനുകൂലമാണെന്നാണോ?

ശ്രീ. എം.എം. ഹസ്സൻ: അതിനെക്കുറിച്ചുള്ള വാദപ്രതിവാദം വരുമ്പോഴും പറയാം. ശ്രീ. രാജീവ്ഗാന്ധിക്കു വിവരമില്ലായെന്നു പറഞ്ഞതുകൊണ്ട് ശ്രീ. എം.വി. രാഘവന്റെ സേവനം അദ്ദേഹത്തിന് വിവരമുണ്ടാക്കാൻ വേണ്ടി കുറച്ചു കാലത്തേക്ക് വിട്ടുതന്നാൽ കൊള്ളാം.

ശ്രീ. എം.വി. രാഘവൻ: ശ്രീ. രാജീവ്ഗാന്ധിക്ക് വിവരമില്ലായെന്നല്ല പറഞ്ഞത്. അദ്ദേഹത്തിന് അനേകം കാര്യങ്ങളിൽ വിവരമുണ്ട്. രാഷ്ട്രീയത്തിൽ ശ്രീ. ഹസ്സന്റെയത്രയും വിവരമില്ല. അദ്ദേഹം ഇവിടെ വന്ന് പല അഭിപ്രായങ്ങളും പറഞ്ഞു. കേരളക്കാർ ആരും പണിയെടുക്കുന്നില്ലാ ഇവിടെ പ്രൊഡക്ഷൻ ഒന്നും ഉണ്ടാകുന്നില്ലായെന്നാണ് പറഞ്ഞത്. ശ്രീ. ഹസ്സൻ അത് അംഗീകരിക്കുമോ? കൽക്കട്ടയിൽ പോയി ഒരു വിഡ്ഢിത്തം പറഞ്ഞു, കൽക്കട്ട മരിച്ചുകൊണ്ടിരിക്കുകയാണെന്ന്. കേരളത്തിലും പറഞ്ഞു ആരും പണിയെടുക്കുന്നില്ലായെന്ന്. ഇത് ബീഹാറല്ല, ഇത് യു.പി. അല്ല. ബീഹാറിലും യു.പി.യിലും നല്ല തുണി ഉടുത്തിട്ടല്ല വയലിൽ പണിയെടുക്കുന്നത്. അവിടെ ഉടുക്കുന്ന തുണി തന്നെ അലക്കാനുള്ള ബോധവും അവർക്കില്ല. കാരണം നിങ്ങളുടെ കൊടിയുടെ പിന്നിലാണ് അവരുള്ളത്. ഇവിടെ അതല്ല. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ കൊടിക്കീഴിൽ സമരം ചെയ്തു വളർന്നിട്ടുള്ള ഒരു ജനതയാണ്. അവർ പട്ടിണി കിടന്നാലും ഉടുത്തത് ഉടുത്തതായിരിക്കും.

ശ്രീ. എം.എം. ഹസ്സൻ: നമ്മുടെ ഇടതുപക്ഷ പ്രസ്ഥാനവും അതുപോലെ തന്നെ തൊഴിലാളി പ്രസ്ഥാനവുമൊക്കെ ശക്തിപ്പെട്ട സ്ഥലംതന്നെയാണ് കേരളം. പക്ഷെ നമ്മൾ കൂടുതൽ സംസാരിക്കുകയും കുറച്ചു മാത്രം പണിയെടുക്കുകയും ചെയ്യുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് ശ്രീ. രാജീവ്ഗാന്ധി പറഞ്ഞത്. കൽക്കട്ടാ നഗരം മരിച്ചു കൊണ്ടിരിക്കുന്നുവെന്ന് ശ്രീ. രാജീവ്ഗാന്ധി പറഞ്ഞത് പ്രസിദ്ധ സാഹിത്യകാരനായ വിമൽ മിത്ര ഏറെ പറഞ്ഞിട്ടുണ്ട്. അതൊക്കെ സത്യമാണ്. അതാണ് അദ്ദേഹം പറയുന്നത്.

ശ്രീ. എം.വി. രാഘവൻ: അല്ല. ഞാൻ അത് നിഷേധിക്കുകയാണ്. യു.പി.ക്കാരെക്കാൾ കൂടുതൽ, അദ്ധ്വാനിക്കുന്നവരാണ് കേരളീയർ (ഞാൻ ഒരു സംസ്ഥാനത്തെയും അപമാനിക്കാൻ പറയുന്നതല്ല) പക്ഷെ അവർ പട്ടിണിയാണെങ്കിലും തന്റെ ഉടുപ്പ് നല്ല വെളുപ്പിച്ച് ഇസ്തിരിയിട്ടേ ഇടുകയുള്ളൂ. ശ്രീ. രാജീവ് ഗാന്ധി വിഴിഞ്ഞത്തുപോയി. മൽസ്യത്തൊഴിലാളികളെന്നു പറഞ്ഞാൽ ഉടുക്കാത്തവരാണെന്ന് അദ്ദേഹം മനസ്സിൽ കരുതുന്നുണ്ടാകും. ശ്രീ. കരുണാകരൻ ഇംഗ്ലീഷിൽ പറഞ്ഞു പറഞ്ഞിക്കാൻ നോക്കിയിട്ടും അവിടെ നടന്നില്ല. അപ്പോഴാ ശ്രീ. രാജീവ്ഗാന്ധി പറയുന്നു, ഇവിടെ ആരും പണിയെടുക്കുന്നില്ലായെന്ന്.

യു.പി.യിലോ ബീഹാറിലോ നോർത്ത് ഇൻഡ്യയിലെ മറ്റു ഗ്രാമങ്ങളിലോ പോയാൽ ചെറ്റക്കുടിലുകളും അതിന്റെ മദ്ധ്യത്തിൽ ഒരു വലിയ വീടുമാണ് കാണുക. ഇന്നും ഭൂപ്രഭുക്കൻമാരുടെ അടിമകളാണ്. ഹരിജനങ്ങളെ കൊല്ലാനും ചുട്ട് കരിക്കാനുമുള്ള സ്വാതന്ത്ര്യം ഭൂപ്രഭുക്കൻമാർക്കാണ്. കോൺഗ്രസ്സ് ഭരണം 39 കൊല്ലംകൊണ്ട് അവിടെ ഉണ്ടാക്കിയിട്ടുള്ളത് അതാണ്. ഇവിടെ അതില്ല. ഇവിടെ കർഷകത്തൊഴിലാളി പ്രസ്ഥാനമുണ്ട്, തൊഴിലാളിപ്രസ്ഥാനമുണ്ട്. ഇടതുപക്ഷപ്രസ്ഥാനമുണ്ട്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമുണ്ട്. അതിന്റെ ഫലമായി നെട്ടല്ലുമുറിയെ പണിയെടുക്കാനും പണിയെടുത്തതിന് കണക്ക് പറഞ്ഞു കൂലിവാങ്ങിക്കാനുമുള്ള ശക്തി ഇവിടെയുള്ളവർക്കുണ്ട്. അതൊന്നും മനസ്സിലാക്കാതെ കേരളത്തെന്ന അപമാനിക്കുകയല്ലേ ചെയ്തത്. ഇവിടത്തെ ആളുകൾ പണിയെടുക്കുന്നില്ലേ? കേരളം നശിക്കുന്നത് കേരളത്തിലെ ജനങ്ങൾ പണിയെടുക്കാത്തതുകൊണ്ടല്ല, കേന്ദ്രത്തിന്റെ അവഗണനകൊണ്ടാണ്. ശ്രീ. രാജീവ്ഗാന്ധി കോച്ച് ഫാക്ടറി ഇപ്പോൾ എവിടെയാണ് കൊടുത്തത്? ഇങ്ങനെയായാൽ ശ്രീ. ബാലകൃഷ്ണപിള്ളയെപ്പോലുള്ളവർ പ്രസംഗിക്കുകയില്ലേ? ആയിരവും രണ്ടായിരവും ഏക്കർ ഭൂമിയാണ് യു.പി.യിലെ ലാൻഡ് ലോഡിന്റെ കയ്യിൽ. നോർത്ത് ഇൻഡ്യയിൽ രണ്ടായിരവും അയ്യായിരവും ഏക്കറാണ് കൈവശമുള്ളത്. ഇവിടെ പതിനഞ്ചേക്കറാണ്. കാർഷിക പരിഷ്കരണം നടപ്പിൽവന്നിട്ടുണ്ട് ഇവിടെ.

ശ്രീ. വി.സി. കബീർ: നോർത്ത് ഇൻഡ്യയിൽ രണ്ടായിരം ഹെക്ടർ ഭൂമിയാണുള്ളത്.

ശ്രീ. എം.വി. രാഘവൻ: അതിനേക്കാൾ കഷ്ടമാണ് തെക്കേ ഇന്ത്യയിലെ സ്ഥിതി. കോൺഗ്രസ്സിന്റെ പ്രമാണിമാർ മുഴുവനും രണ്ടായിരവും അഞ്ചായിരവും ഏക്കർ ഭൂമിയുള്ളവരാണ്. അവർ ആണ് കർഷകത്തൊഴിലാളികളെ അടിമകളെപ്പോലെ വലിച്ചിഴച്ചു കൊണ്ടുപോകുന്നത്. വാഴപ്പാട്ട വ്യവസ്ഥ കേരളത്തിൽ അവസാനിപ്പിച്ചത് ഇവിടത്തെ ഇടതുപക്ഷത്തിന്റെ ശക്തികൊണ്ടാണ്, പുരോഗമന പ്രസ്ഥാനത്തിന്റെ ശക്തികൊണ്ടാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അടിമകളില്ല. അടിമകളാ അല്ലെന്നു കണ്ടപ്പോഴാ മനുഷ്യൻ നന്നായി വസ്ത്രധാരണം ചെയ്യുകയും നന്നായി സംസാരിക്കുകയും ചെയ്യുന്നതു കണ്ടപ്പോഴാ.....അങ്ങേയ്ക്ക് അപമാനമല്ലേ? അങ്ങ് അടക്കം ഉള്ളവർ ഇവിടെ പണിയെടുക്കുന്നില്ലെന്നാണ് പറഞ്ഞത്. അങ്ങയെ അടക്കം അപമാനിക്കുന്ന സ്റ്റേറ്റുമെന്റാണ് പ്രധാനമന്ത്രി നടത്തിയത്. അതുകൊണ്ടാണ് ഇത്തരം കാര്യങ്ങളിൽ അദ്ദേഹത്തിന് വിവരമില്ലെന്ന് പറയാൻ കാരണം. കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത്. രണ്ടേമുക്കാൽകോടി മലയാളികളാ ജോലി ചെയ്യാത്തതുകൊണ്ടല്ലേ കേരളത്തിൽ ഉണ്ടാകുന്ന എല്ലാ ജോലിയും ഉൽപ്പാദനവും തടസപ്പെടുത്തുന്ന കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക രാഷ്ട്രീയ നയവും ഈ ഗവൺമെന്റിന്റെ അഴിമതിയും ധൂർത്തും ആണ് കേരളത്തെ പാപ്പരാക്കുന്നത്. അത് പ്രധാനമന്ത്രിയെ മനസിലാക്കികൊടുക്കാൻ കോൺഗ്രസ്സ്, 'ഐ' കാർ ഒന്ന് ശ്രമിക്കണം, കോച്ച് ഫാക്ടറി തന്നില്ല, തീരദേശ റെയിൽവേ തന്നില്ല, തലശ്ശേരി –മൈസൂർ റെയിൽവേ തന്നില്ല, അതുപോലെ ഗുരുവായൂർ–കുറ്റിപ്പുറം റെയിൽവേ തന്നില്ല. നാളികേരത്തിന്റെ വിലയിടിഞ്ഞു. പ്രതിപക്ഷനേതാക്കൻമാർ ശ്രീ. രാജീവ്ഗാന്ധി ഇവിടെ വന്നപ്പോഴാ പറഞ്ഞു. എന്തെങ്കിലും തന്നോ? നിങ്ങളാക്ക് ഇതിൽ പ്രതിഷേധമില്ലേ? ഈ രാജ്യത്തോട് ചിറ്റമ്മനയം കാണിക്കുകയാണ്. ഈ രാജ്യത്തോട് കൊള്ളരുതായ്മ ചെയ്യുകയാണ്. ഈ രാജ്യത്ത് ഉള്ള വ്യവസായങ്ങളുടെ തന്നെ സ്ഥിതി എന്താണ്? പെരുമ്പാവൂർ റയോൺസ് ഫാക്ടറി പൂട്ടി. വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി കൃഷിക്കാരൻ നശിക്കുകയാണ്. റബ്ബർ ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി റബ്ബർ കൃഷിക്കാരൻ നശിക്കുകയാണ്. ഇതെല്ലാം വരുത്തിവച്ചിട്ട്, കേരളത്തിന്റെ നാശത്തിനുവേണ്ടിയുള്ള എല്ലാ പരിപാടികളും ശ്രീ. രാജീവ്ഗാന്ധിയുടെ ഗവൺമെന്റും കേരള ഗവൺമെന്റും വരുത്തിവച്ചിട്ട് ഇവിടെവന്ന് കേരളത്തിലുള്ളവർ പണിയെടുക്കുന്നില്ലെന്നാണ് പറയുന്നത്. നിങ്ങളാക്ക് അറിയില്ലേ, ബിർളയെപ്പോലുള്ളവർ കോഴിക്കോട് ചെയ്യുന്നത് എന്താണെന്ന്?

ശ്രീ. പി.സി. ജോർജ്ജ്: ശ്രീ. എം.വി. രാഘവൻ ഏത് ബില്ലിനെപ്പറ്റിയാണ് സംസാരിക്കുന്നതെന്ന് പറയാമോ?

ശ്രീ. എം.വി. രാഘവൻ: ശ്രീ. രാജീവ്ഗാന്ധി പറഞ്ഞതിനെപ്പറ്റിയാണ് സംസാരിക്കുന്നത്. അങ്ങേയ്ക്ക് അറിയില്ലേ ബിർള കമ്പനി പൂട്ടിയിട്ടു. എന്താണ് കാരണം? ബിർളയ്ക്കും കാരണം പറയാനുണ്ട്; അങ്ങ് അവിടെ പോയില്ലേ? പോലീസ് അക്രമം കണ്ടില്ലേ? ശ്രീ. വയലാർ രവി നിങ്ങളോട് മാപ്പ് പറഞ്ഞുവെന്ന് പറഞ്ഞു. ശ്രീ. വയലാർരവി ഒരു സ്റ്റേറ്റുമെന്റ് കൊടുത്തു, ഞാൻ അങ്ങനെ മാപ്പ് പറഞ്ഞിട്ടില്ലെന്ന്. ഇതല്ലേ ഉണ്ടായത്. പിന്നെ എവിടെയാണ് പണിയെടുക്കുന്നത്? അങ്ങേയ്ക്ക് അറിയില്ലേ. പെരുമ്പാവൂർ റയോൺസ് ഫാക്ടറി പൂട്ടി. മാവൂരിൽ വേറൊരു രീതിയിൽ. എന്നിട്ട് പണിയെടുക്കുന്നില്ലെന്ന് ശ്രീ. രാജീവ് ഗാന്ധി പറയുകയാണ്. എല്ലാ കമ്പനികളും പൂട്ടിയിട്ട്. മാത്രമല്ല ഒരു ഷെഡ്ഡ് കെട്ടി സത്യാഗ്രഹം നടത്താൻ കഴിയുന്നില്ല. അങ്ങ് അവിടെ സന്ദർശിച്ചപ്പോഴാ പറഞ്ഞില്ലേ? സി.ഐ.ടി.യു. ആഫീസ് തല്ലിപൊളിച്ചതിനെപ്പറ്റി ശ്രീ. വയലാർരവി എന്താണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി പറയുന്നത് ശ്രീ. സീതിഹാജി പറയുന്നത് കള്ളമാണ്. ഞാൻ അങ്ങനെ മാപ്പ് പറഞ്ഞിട്ടില്ലെന്നാണ്. അങ്ങ് അതെക്കുറിച്ച് പറയണം. ലീഗിന്റെ സഹായത്തോടുകൂടി ഇത്രകാലം ഭരിച്ചുകൊള്ളാമെന്ന് ഞാൻ ഏറ്റിട്ടില്ലെന്ന് ശ്രീ. വയലാർ രവി പറഞ്ഞു. അപ്പോഴും നിങ്ങൾ പറഞ്ഞുവെന്ന് പറയുന്ന നീങ്ങളെ എല്ലാകൊല്ലവും താങ്ങാമെന്ന് ഞാൻ ഏറ്റിട്ടില്ലെന്ന്. അങ്ങനെയല്ലേ? പക്ഷെ ഇതെല്ലാം പത്രത്തിൽ മാത്രമല്ലേയുള്ളു. രേഖയിൽ നടത്തുന്ന കാര്യത്തിൽ നിങ്ങൾക്ക് അഭിപ്രായവ്യത്യാസം ഉണ്ടാവുകയില്ല. ഈ രാജ്യത്ത് പ്രധാനമന്ത്രിയെപ്പോലെയുള്ള ഒരാൾ കേരളം സന്ദർശിച്ചിട്ട് രണ്ടുമുക്കാൽകോടി ജനങ്ങളെ അപമാനിക്കുന്നവിധത്തിലുള്ള സ്റ്റേറ്റ്മെന്റ് പുറപ്പെടുവിച്ചത് അപമാനകരമാണ്. തെറ്റാണ്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയവും കേന്ദ്രത്തിന്റെ അവഗണനയും കേരള ഗവൺമെന്റിന്റെ അഴിമതിയും ധൂർത്തും കൊണ്ടാണ് കേരളം നശിക്കുന്നത്. അതല്ലാതെ കേരളത്തിലെ അദ്ധ്വാനശീലരായ ജനങ്ങളുടെ കുറവല്ല. ഇവിടെ ഫാക്ടറികൾ പൂട്ടുന്നു. പരമ്പരാഗതവ്യവസായങ്ങൾ നശിക്കുന്നു, ഇറക്കുമതിയുടെ ഫലമായി കൃഷിക്കാർ നശിക്കുന്നു. രാജ്യം മുഴുവൻ കുഴപ്പത്തിലാണ്. അതിന് ഉത്തരവാദി കേന്ദ്രവും കേരളഗവൺമെന്റുമാണ്. എന്നിട്ട് മലയാളികളെ ഒന്നടങ്കം അപമാനിക്കുകയാണ്. പ്രധാനമന്ത്രിയായതുകൊണ്ട് ആരേയും അപമാനിക്കാം. ശ്രീ. കരുണാകരനെ അപമാനിച്ചില്ലേ? ശ്രീ. കരുണാകരനെ അപമാനിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഒന്നുമില്ലെങ്കിലും ശ്രീ. രാജീവ് ഗാന്ധി രാഷ്ട്രീയത്തിൽ വരുന്നതിന് പത്തുമുപ്പതുവർഷം മുമ്പ് രാഷ്ട്രീയത്തിൽ വന്നതല്ലേ? ഞാനാണ് ഇതിന്റെയെല്ലാം മുകളിൽ നിൽക്കുന്നതെന്ന് വരുത്താനല്ലേ ശ്രീ. കരുണാകരനെ അപമാനിച്ചത്. ഇൻഡ്യാരാജ്യത്ത് രേക്കാൻ നെഹ്റു കുടുംബമേയുള്ളു. അതിൽ ഞാൻതന്നെയാണ് നേതാവ് വേറെ ആരുമില്ലെന്ന് വരുത്താനല്ലേ അങ്ങനെ പറഞ്ഞത്. ഇതെല്ലാം അപമാനകരമാണ്. ഇങ്ങനെ അതിമാനുഷനായി എല്ലാറ്റിലും വിവരമുണ്ടെന്ന് പറയുകയും രാഷ്ട്രീയത്തെപ്പറ്റി പഠിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരാൾ പ്രധാനമന്ത്രിയായതിനുശേഷം ഇങ്ങനെ നടന്ന് ലോകരെ പഠിപ്പിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. കേരളത്തെ അപമാനപ്പെടുത്തുന്നവിധത്തിൽ നടത്തിയ സ്റ്റേറ്റുമെന്റ് പിൻവലിക്കണമെന്ന് കോൺഗ്രസ്സ് പക്ഷക്കാർ ശ്രീ. രാജീവ് ഗാന്ധിയോട് പറയണം.

ശ്രീ. പി.പി. തങ്കച്ചൻ: പശ്ചിമബംഗാളിലെ ജ്യോതിബാസു തിരുവനന്തപുരത്ത് വന്നപ്പോൾ പറഞ്ഞത് അങ്ങനെയല്ലല്ലോ. ശ്രീ. രാജീവ് ഗാന്ധിയെക്കുറിച്ച് നല്ല അഭിപ്രായമാണ് പറഞ്ഞത്. കൊള്ളാവുന്ന കാര്യങ്ങളാണ് ചെയ്യുന്നത്, പിടിപ്പുള്ള മനുഷ്യനാണ്, ഭാവിയുണ്ട്, ഇതുവരെ കുഴപ്പമൊന്നും പറഞ്ഞിട്ടില്ലെന്നാണ് നിങ്ങളുടെ നേതാവ് പറഞ്ഞത്.

ശ്രീ. എം.വി. രാഘവൻ: ശ്രീ. ജ്യോതിബാസു പറഞ്ഞ അഭിപ്രായം എന്താണെന്ന് ഞാൻ കേട്ടില്ല. ശ്രീ. ജ്യോതിബാസു ആ അഭിപ്രായം പറഞ്ഞപ്പോൾ ശ്രീ. രാജീവ് ഗാന്ധി ഈ വിധത്തിലുള്ള കേരളത്തിൽവന്ന് പറഞ്ഞിട്ടില്ലല്ലോ?

ശ്രീ. ടി.എസ്. ജോൺ: ശ്രീ. രാജീവ് ഗാന്ധി പറഞ്ഞത് കേട്ടോ? എന്നാണ് കേട്ടത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ: ശ്രീ. രാജീവ് ഗാന്ധി വിമാനം പറപ്പിക്കുന്നതിൽ സമർത്ഥനാണെന്നാണ് ശ്രീ. ജ്യോതിബാസു പറഞ്ഞതെന്ന് അറിയാമോ?

ശ്രീ. എം.വി. രാഘവൻ: ഏതായാലും ശ്രീ. ജ്യോതിബാസു ഒരു കാര്യത്തിൽ ശക്തിയായി പ്രതിഷേധിച്ചു. ബംഗാൾ മുഴുവൻ പ്രതിഷേധിച്ചു. ശ്രീ. രാജീവ് ഗാന്ധി അവിടെപോയി പറഞ്ഞു മരിച്ചുകൊണ്ടിരിക്കുന്ന നഗരമാണ്. കൽക്കട്ടയിലെ ബുദ്ധിജീവികളും മുഴുവൻ പ്രതിഷേധിച്ചു.

ശ്രീ. എം.എം. ഹസ്സൻ: പ്രഗത്ഭനായ ബുദ്ധിജീവിയും അറിയപ്പെടുന്ന ബംഗാളി സാഹിത്യകാരനുമായ ബിമൽമിത്ര ശ്രീ. രാജീവ് ഗാന്ധി പറഞ്ഞത് നൂറുശതമാനം ശരിയാണെന്നു പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം.വി. രാഘവൻ: നിങ്ങൾക്ക് പക്കാത്ത് പറയുന്ന രണ്ടു പേർ അനുകൂലിച്ചിട്ടുണ്ടാകും. രാഷ്ട്രീയമായ കാര്യങ്ങളെപ്പറ്റി വിവരമില്ലെങ്കിൽ പഠിക്കണം. ഓരോ സംസ്ഥാനത്തും പോയി അവിടത്തെ മുഖ്യമന്ത്രിയേയും കോൺഗ്രസ്സ് പാർട്ടിയേയും....

മി. ചെയർമാൻ: യൂണിവേഴ്സിറ്റി ബില്ലിനെക്കുറിച്ച് ആണ് ചർച്ച. രാഷ്ട്രീയചർച്ച അനുവദിക്കുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീമതി ഇന്ദിരാഗാന്ധിക്കുശേഷം ചെറുപ്പക്കാരനായ ശ്രീ. രാജീവ് ഗാന്ധിയെ ഇൻഡ്യയുടെ പ്രധാനമന്ത്രിയാക്കാൻ തീരുമാനിച്ചു.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: യൂണിവേഴ്സിറ്റി ബില്ലിനെക്കുറിച്ചാണ് സംസാരിക്കുന്നത്. പുതിയ കോഴ്സുകളും പുതിയ കോളേജുകളും കൊടുക്കുന്നതിന് സ്വകാര്യമേഖലയ്ക്ക് അനുകൂലമായ നീക്കമാണെന്നും വിദ്യാഭ്യാസമന്ത്രി സ്വകാര്യമാനേജുമെൻറിനെ പ്രീണിപ്പിക്കുകയാണെന്നും കെ.എസ്.യു.ക്കാർ പറഞ്ഞ വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന്റെ പേരിൽ ഇന്നലെ കെ.എസ്.യുക്കാർ തമ്മിൽ അടിക്കുകയും കെ.എസ്.യു. സംസ്ഥാന പ്രസിഡൻറിനെ ആശുപത്രിയിൽ ആക്കുകയും ചെയ്ത വസ്തുത ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം.വി. രാഘവൻ: കെ.എസ്.യു. 'എ' യും കെ.എസ്.യു. 'ഐ' യും കൂടി.....

ശ്രീ. ബെന്നിബഹനാൻ: ശ്രീ. നായനാർ കേരളത്തിൽ മുഖ്യമന്ത്രിയായിരുന്നപ്പോൾ 20 കോളേജുകൾ നൽകിയിട്ടുണ്ട്. അതിൽ എത്രയെണ്ണം പൊതുമേഖലയിലാണെന്നും എത്രയെണ്ണം സ്വകാര്യമേഖലയിലാണെന്നും വ്യക്തമാക്കുമോ?

LIBRARY, ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴും സ്വകാര്യമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും കൊടുത്തിട്ടുണ്ട്. സ്വകാര്യമേഖല മുഴുവൻ നാഷണലൈസ് ചെയ്യണമെന്നും. [12 noon] ഞങ്ങൾക്ക് അതിൽ പങ്കില്ലെന്നും പറഞ്ഞിട്ടില്ല. ഞങ്ങൾ പറയുന്നത് നിങ്ങളും സ്വകാര്യമേഖലയ്ക്കുവേണ്ടി അടിമപ്പണി എടുക്കുന്നുവെന്നാണ്. ശ്രീ. ബാലകൃഷ്ണൻ ചോദിച്ചത് അതല്ല. ശ്രീ. ബെന്നിബഹനാന്റെ ആളുകളും രാമചന്ദ്രൻമാസ്റ്ററുടെ ആളുകളും തമ്മിൽ തെരുവിൽ അടിനടന്നു. അതിനെ കുറിച്ചാണ് ചോദിച്ചത്. വിദ്യാർത്ഥികളെ തമ്മിലടിച്ച് ആശുപത്രിയിലാണ്. തെരുവിൽവച്ച് രാഷ്ട്രീയക്കാർ തമ്മിൽ തല്ലുന്നത് ഞങ്ങൾക്ക് ചിന്തിക്കാതിരിക്കാൻ സാധിക്കുമോ? അതുകൊണ്ടുമാത്രം ഞാൻ പറഞ്ഞു പോയതാണ്.

ശ്രീ. സി.കെ. തങ്കപ്പൻ: കെ.എസ്.യു. കാരും യൂത്തു കോൺഗ്രസ്സുകാരും മോസ്കോയിൽ പോയപ്പോഴുംപോലും ഇതൊക്കെ ആവർത്തിച്ചിട്ടുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം.വി. രാഘവൻ: തെരുവിൽവച്ച് വിദ്യാർത്ഥികളെ തമ്മിൽ അടിച്ചതിനെക്കുറിച്ച് ഞാൻ ബെന്നിബഹനാനോടും രാമചന്ദ്രൻ മാസ്റ്ററോടും ചോദിച്ചപ്പോഴും ജനാധിപത്യപരമായി ഇത് നടക്കുമെന്നാണ് അവർ പറഞ്ഞത്.

ശ്രീ. എ.സി. ജോസ്: പ്രതിപക്ഷനേതാവ് മോസ്കോയിലാണ്. ഈ വിവരം അന്വേഷിച്ച് ഇവിടെ റിപ്പോർട്ട് ചെയ്യാൻ വല്ല സംവിധാനവും ചെയ്യണം.

ശ്രീ. എം.വി. രാഘവൻ: മോസ്കോയിൽ പോയ കാര്യമൊക്കെ എന്നെക്കൊണ്ട് പറഞ്ഞു പറയിക്കണ്ട. ഈ ബില്ലിനെപ്പറ്റി പ്രസംഗിക്കുമ്പോഴും ഒരു പ്രസക്തമായ കാര്യം നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുണ്ട്. കേരളത്തിൽ പ്രധാനമന്ത്രി വന്നിട്ട് സാക്ഷരതയുടെ കാര്യത്തിൽ നമ്മെ അവഗണിച്ചിട്ടാണ് പോയത്. ഈ രാജ്യത്തെ രണ്ടേമുക്കാൽ കോടി ജനങ്ങളും ഒന്നിനുംകൊള്ളില്ല, പണി എടുക്കുകയില്ല, പ്രൊഡക്ഷൻ ഇല്ല എന്നൊക്കെ പറഞ്ഞ് അപമാനിച്ചത് തെറ്റാണ്. അതിൽ സഭയുടെ പ്രതിഷേധം അറിയിക്കണം. അതിനായിട്ടാണ് ഞാൻ ഇത് ശക്തിയായിട്ട് പറയുന്നത്.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഇവിടെ നിങ്ങൾ തമ്മിലടിക്കുകയും നിങ്ങൾ തമ്മിൽ മോഷണം നടത്തുകയും പിന്നീട് യോജിക്കുകയും ചെയ്യും. കോൺഗ്രസ്സ് (ഐ) യും കോൺഗ്രസ്സ് (എ) യും തമ്മിലടിക്കും, നിങ്ങളെല്ലാവരും തമ്മിലടിക്കും ഒടുവിൽ ഒരുമിച്ചാകുമെന്നുള്ള കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. അതെല്ലാം ഇവിടത്തെ ജനങ്ങൾ കാണുന്നുണ്ട്. ഒരു വാചകം ഈ അവസരത്തിൽ പറയാൻ ഞാനുദ്ദേശിക്കുകയാണ്. അത് മറ്റൊന്നുമല്ല. ഇവിടെ ഈ ബില്ലുമായിട്ട് ബന്ധപ്പെടുത്തിയിട്ട് പറയുകയാണ്. നമ്മുടെ നിയമസഭാ സാമാജികൻമാരെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്തിലെ മുഴുവൻ പത്രങ്ങളും എഴുതുന്ന ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണ്. നിയമസഭാസാമാജികൻമാർക്ക് വീടിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

3 ലക്ഷം രൂപ കൊടുക്കുന്നു എന്നുള്ളതാണ്ത്. സമയമില്ലാത്തതു കൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഞങ്ങളും ആരേയും കുറ്റപ്പെടുത്താൻ പോകുന്നില്ല. എം.എൽ.എ. മാരെ ഒരു പ്രത്യേക വർഗ്ഗമാക്കിയിട്ട് അവർക്ക് വീടുകൊടുക്കണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു മെമ്പറോ ഒരു എം.എൽ.എ. യേയോ ആ സ്കീമിൽ ഉൾപ്പെട്ട പണം വാങ്ങാൻ ഉദ്ദേശിക്കുന്നില്ലെന്നു പറയാൻ ഞാനീയവസരം ഉപയോഗപ്പെടുത്തുകയാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: മി. ചെയർമാൻ സർ, യൂണിവേഴ്സിറ്റി കോഴ്സുകളെ സംബന്ധിച്ചും പുതിയ കോളേജുകളെ സംബന്ധിച്ചും അഫിലിയേഷൻ കാര്യത്തിൽ ചില പ്രത്യേക അധികാരങ്ങളും ചാൻസിലർക്ക് കൊടുക്കുന്ന വകുപ്പുകളും അടങ്ങിയിട്ടുള്ള ഭേദഗതി ബില്ലാണിത്. പുതിയ കോളേജുകളും ഈ യൂണിവേഴ്സിറ്റികളിലേയ്ക്ക് വരുക എന്നുള്ളത് പുതിയ കോഴ്സുകളും യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഉണ്ടാവുക എന്നുള്ളത് സ്വാഗതാർഹമാണ്. അതിന് ബുദ്ധിമുട്ടുകളും ഉണ്ട് എന്നുണ്ടെങ്കിൽ ആ ബുദ്ധിമുട്ടുകളും തീർക്കാൻ പരിശ്രമിക്കണം. പക്ഷേ അത് തീർക്കാൻ പരിശ്രമിക്കുന്നത് ചാൻസിലർക്ക് പ്രത്യേക അധികാരം കൊടുത്തിട്ടാണ് ചെയ്യേണ്ടതെന്നുള്ള കാര്യത്തിൽ എനിക്ക് യോജിപ്പില്ല. എന്റെ അഭിപ്രായത്തിൽ ഈ മൂന്ന് യൂണിവേഴ്സിറ്റി നിയമങ്ങൾക്കും സമഗ്രമായ ഭേദഗതി ഉണ്ടാകണം. ഇതു പ്രകാരം ചാൻസിലർക്ക് കൊടുത്തിട്ടുള്ള വളരെ വളരെ അധികാരങ്ങളും ഇല്ലാതാകുന്നുണ്ട്. ആരാണ് നമ്മുടെ യൂണിവേഴ്സിറ്റികളുടെ ചാൻസിലർ? ഗവർണ്ണറാണ്. ഗവർണ്ണർ, സാധാരണഗതിയിൽ സംസ്ഥാനത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ അദ്ദേഹത്തിന് സ്വതന്ത്രമായിട്ടുള്ള വിവേചനപരമായ കാര്യങ്ങളും ഒഴിച്ചാൽ മന്ത്രിസഭയുടെ നിർദ്ദേശപ്രകാരം പ്രവൃത്തിച്ചുകൊണ്ടേതുണ്ട്, യൂണിവേഴ്സിറ്റി ചാൻസിലർ എന്നുള്ള നിലയിൽ അദ്ദേഹം അത്തരത്തിലല്ല പ്രവർത്തിക്കേണ്ടത്, ആ ബാദ്ധ്യത അദ്ദേഹത്തിനില്ല എന്നുണ്ടെങ്കിൽകൂടി സാധാരണഗതിയിൽ മന്ത്രിസഭയോട് ചോദിച്ച് അല്ലെങ്കിൽ മുഖ്യമന്ത്രിയോട് ചോദിച്ച്, അല്ലെങ്കിൽ വിദ്യാഭ്യാസമന്ത്രിയോട് ചോദിച്ച് കാര്യങ്ങൾ ചെയ്യുക എന്നുള്ളതാണ് നടക്കുന്നത്. അതാണ് നടക്കുന്നതെന്നുണ്ടെങ്കിൽ ഗവൺമെന്റിന്റെ അഭിലാഷമായിരിക്കും അവസാനമായി നടപ്പിലാക്കുക. അങ്ങനെയാണെങ്കിൽ ഗവൺമെന്റിന്റെ ഒരു ഡിപ്പാർട്ടുമെന്റായി നടത്തിയാൽ മതിയല്ലോ. ഒരു സ്വതന്ത്ര സ്ഥാപനം എന്നുള്ളനിലയിൽ സർവ്വകലാശാലകളെ ഉണ്ടാക്കി അതിന് സെനറ്റും സിൻഡിക്കേറ്റും അക്കാഡമിക് കൗൺസിലും വൈസ് ചാൻസിലറും എന്നീ സ്ഥാപനങ്ങളും ഉയർന്ന ഉദ്യോഗസ്ഥാനങ്ങളും എല്ലാം ഉണ്ടാക്കിയതിനുശേഷം അവസാനം ഗവൺമെന്റിന്റെ ചരടുവലിയിൽ മാത്രം ഈ യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കണമെന്ന് വരുകയാണെങ്കിൽ ഇതിന്റെ ആട്ടോണമി, മർമ്മപ്രധാനമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം വാസ്തവത്തിൽ ഇല്ലാതാവുകയാണ്. നയപരമായ കാര്യങ്ങളിൽ യൂണിവേഴ്സിറ്റികൾ ഗവൺമെന്റിന്റെ അഭിപ്രായം തേടേണ്ടതുണ്ട്. അത് തേടി കഴിഞ്ഞിട്ട് ആ അഭിപ്രായത്തിന് വിപരീതമായി യൂണിവേഴ്സിറ്റികൾ അവസാനം തീരുമാനം എടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

അത് ഈ നിയമത്തിലെ വകുപ്പുകൾ പ്രകാരം ചാൻസിലറുടെ അന്തിമമായ ഉത്തരവിനോ അംഗീകാരത്തിനോ അയക്കേണ്ടതുണ്ടെങ്കിൽ ആ ചാൻസിലർക്ക് വീണ്ടും ഗവൺമെന്റിന്റെ അഭിപ്രായംതന്നെ സ്വീകരിച്ചുകൊണ്ട് കല്പന പുറപ്പെടുവിക്കാൻ സാധിക്കും. അത് വളരെ ശരിയായിട്ടുള്ള നടപടിയാണെന്ന് കണക്കാക്കാൻ സാധിക്കുകയില്ല.

നമ്മുടെ സംസ്ഥാനത്തിലെ യൂണിവേഴ്സിറ്റികളെല്ലാംതന്നെ ഇന്ന് അതിന്റെ ഉദ്ദേശശുദ്ധിയോടുകൂടി സ്വതന്ത്രമായി പ്രവർത്തിക്കുന്നില്ലയെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിൽ ഏറ്റവും വലുതായിട്ടുള്ള ഉദ്യോഗസ്ഥാനം വൈസ് ചാൻസിലർ ഉദ്യോഗസ്ഥാനമാണ്. ഇന്ന് ഈ സംസ്ഥാനത്തിലെ വൈസ് ചാൻസിലറെ നിശ്ചയിക്കാൻ സ്വീകരിച്ച രീതി അങ്ങേയറ്റം തെറ്റാണെന്ന് ഈ സമയത്ത് പറയാതെ നിവൃത്തിയില്ല. കാരണം പുതിയ കോളേജുകളും പുതിയ കോഴ്സുകളുമൊക്കെ ഉണ്ടാകുമ്പോഴും യൂണിവേഴ്സിറ്റികളും ഇന്നത്തേക്കാളും എത്രയോ കൂടുതൽ നന്നായി നടക്കേണ്ടതുണ്ട്. വെറും ഭരണപരിചയം മാത്രമുള്ള ആൾക്കാരെയാണ് ഇന്ന് നമ്മുടെ യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസിലർമാരായി നിശ്ചയിച്ചിട്ടുള്ളത്. സാങ്കേതിക വൈദഗ്ദ്ധ്യം അവർക്കില്ല. വിദ്യാഭ്യാസ കാര്യങ്ങളിൽ പ്രത്യേക വൈദഗ്ദ്ധ്യം അവർക്കില്ല. ഭരിക്കാനുള്ള പരിചയം സമ്പാദിച്ചിട്ടുണ്ട്. അങ്ങനെ സാധാരണഗതിയിൽ ഒരു ക്ലർക്ക് ഭരണം നടത്തുക എന്നുള്ളതിലുപരിയായി ഇന്നു നമ്മുടെ സർവ്വകലാശാലകളിൽ ഒന്നും തന്നെ നടക്കുന്നില്ല. അതിന് വ്യത്യാസം വരുത്തണമെങ്കിൽ നമ്മുടെ യൂണിവേഴ്സിറ്റികളെല്ലാം നിയന്ത്രിക്കേണ്ടത് പ്രത്യേക വൈദഗ്ദ്ധ്യം കിട്ടിയിട്ടുള്ളവരാകണം. ഇന്ന് ഈ പ്രത്യേക വൈദഗ്ദ്ധ്യത്തിന് സ്ഥാനം ഇല്ലാതായിത്തീർന്നിരിക്കുകയാണ്. വെറും ഭരണപരിചയം മാത്രമേ വേണ്ടൂ എന്ന നില വന്നിരിക്കുകയാണ്. ഈ സംസ്ഥാനത്ത് ഇനി വളരെയധികം താമസിയാതെ പൊതുമരാമത്തുവകുപ്പിലേയും ജലസേചനവകുപ്പിലേയും ചീഫ് എഞ്ചിനീയർ അല്ലെങ്കിൽ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ് ഭരണപരിചയം മാത്രമുള്ള ആളുകളായി മാറും. അതുപോലെ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് ഭരണപരിചയം മാത്രമുള്ള ആളായി മാറും. ആ നിലയിലാണ് ഇന്നത്തെ നിയമനങ്ങളെല്ലാം, ഈ സംസ്ഥാനത്ത് നടക്കുന്നത്. അത് പ്രത്യേകിച്ചും സർവ്വകലാശാലകളിലേയ്ക്ക് വരുമ്പോൾ വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നുള്ളതാണ്, വാസ്തവത്തിൽ ഫലം.

സർ, നമ്മുടെ സർവ്വകലാശാലയുടെ ഏറ്റവും ദുർബ്ബലമായ ഭാഗം ഏതാണ്? എനിക്കു തോന്നുന്നത്, പരീക്ഷാ വിഭാഗമാണെന്നാണ്. സർവ്വകലാശാലകളുടെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശം നിറവേറുന്നത് പരീക്ഷകൾ മുഖാന്തിരമാണ്. നല്ലനിലയിൽ പരീക്ഷകൾ നടത്തുക, അന്തസ്സുള്ള രീതിയിൽ പരീക്ഷകൾ നടത്തുക, എല്ലാവർക്കും തൃപ്തികരമായ രീതിയിൽ ഫലപ്രഖ്യാപനം നടത്തുക, അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്കുകൾ കുട്ടികൾക്ക് കിട്ടുക എന്നുള്ള സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ ഉണ്ടോ? പരീക്ഷാ വിഭാഗത്തിന്റെ ദൗർബല്യം വാസ്തവത്തിൽ നമ്മുടെ സർവ്വകലാശാലയുടെ പ്രവർത്തനത്തെ വളരെയധികം ക്ഷീണിപ്പിക്കുന്നുണ്ട്. സർ, ഇത് ഒരു സർവ്വകലാശാലയുടെ പ്രവർത്തനംകൊണ്ടല്ല; സർക്കാരിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനംകൊണ്ടല്ലേ, ഇന്ന് ഈ സംസ്ഥാനത്ത് വളരെയൊ നല്ല നിലയിൽ ഉള്ള മെഡിക്കൽ എൻട്രൻസ് ടെസ്റ്റും, എഞ്ചി നീയറിംഗ് എൻട്രൻസ് ടെസ്റ്റും ഉണ്ടാക്കാൻ സാധിച്ചത്. ഈ കാര്യങ്ങളെല്ലാം കോടതിയുടെ മുൻപാകെവന്ന ഒരേയൊരു കാരണ ത്താലാണ്. അന്നത്തെ ജസ്റ്റീസ് പി. സുബ്രഹ്മണ്യം പോറ്റി വളരെയധികം നിഷ്ക്കർഷയോടുകൂടി ഈ കാര്യത്തെപ്പറ്റി ചിന്തിച്ചു എന്ന കാരണത്താലാണ്. ഈ സംസ്ഥാനത്തിന് കിട്ടിയിട്ടുള്ള ഉഗ്രാ രോഗ്യമായ മെഡിക്കൽ എൻട്രൻസ് ടെസ്റ്റും, എഞ്ചിനീയറിംഗ് എൻട്രൻസ് ടെസ്റ്റും ഉണ്ടായിട്ടുള്ളത്. ആ അടിസ്ഥാനത്തിൽ തന്നെ അത് വാസ്തവത്തിൽ സർവ്വകലാശാലാ പരീക്ഷാ വിഭാഗത്തെ വിമർശിക്കുകയല്ലേ ചെയ്യുന്നത്. സർവ്വകലാശാലകളുടെ പരീക്ഷാ വിഭാ ഗത്തെ ഈ രാജ്യത്തെ ഹൈക്കോടതിക്കോ പൊതുജനങ്ങൾക്കോ വിശ്വാസമില്ല എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഈരണ്ടി ലുള്ള ടെസ്റ്റുകളും വയ്ക്കേണ്ടിവന്നതും. അതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രത്യേകം സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായിട്ടുള്ള കോളേജുകളിലേയ്ക്ക് തിരഞ്ഞെടുപ്പുനടത്തുകയും ചെയ്യണമെന്ന സ്ഥിതി വിശേഷം ഇവിടെ ഉണ്ടായിരിക്കുന്നത്. ഈ പരീക്ഷാ വിഭാഗത്തിന്റെ ക്രമക്കേടുകളെക്കുറിച്ച് ജസ്റ്റീസ് എം.പി. മേനോൻ കമ്മീഷൻ അന്വേഷിച്ചു. ജസ്റ്റീസ് എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ട് നോക്കിയാൽ ആശ്ചര്യപ്പെടും. എത്രാണ്ട് പന്ത്രണ്ടോളം ക്രമക്കേടുകളാണ് പരീക്ഷാവിഭാഗത്തിൽ നടക്കുന്നതായി അതിൽ ലിസ്റ്റ് ചെയ്തിട്ടുള്ളത്. ആ പന്ത്രണ്ടോളം ക്രമക്കേടുകളോടു കൂടി വളരെയധികം ഉപ ക്രമക്കേടുകളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ ക്രമക്കേടുകളും ഉപക്രമക്കേടുകളും വിലയിരുത്തിക്കൊണ്ട്, അവ എങ്ങനെ ഇല്ലാതെയാക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പല നിർദ്ദേശങ്ങളും അദ്ദേഹം വച്ചിട്ടുണ്ട്. ജസ്റ്റീസ് എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് സ്വീകരിച്ചു എന്നുള്ളത് ശരിയാണ്. എന്നിട്ടും ഇതുവരെയായിട്ടും ഒരു നടപടിയും എടുത്തിട്ടില്ലെന്നുള്ളത് ഖേദകരമാണ്. സർ കണക്കില്ലാതെ റിപ്പോർട്ടുകളും പല ആവശ്യങ്ങൾക്കും ഉണ്ടാക്കുന്നുണ്ട്. ആ റിപ്പോർ ട്ടുകളിൽ നിർദ്ദേശിച്ചതായിട്ടുള്ള യാതൊരു കാര്യങ്ങളും ഈ ഗവൺ മെന്റ് ചെയ്യുന്നില്ല. ഈ തരത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട റിപ്പോർട്ട് പരിഗണിച്ചുകൊണ്ട്, ഒരു സമയപരിധിവച്ച് ഈ രാജ്യത്തിന്റെ പൊതു താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അത്യാവശ്യമായി ഇതിനെ കണക്കിലെടുത്തുകൊണ്ട് നടപ്പിലാക്കാനുള്ള വ്യഗ്രത സർക്കാർ കാണിക്കേണ്ടതിനു പകരം അതിനെ അവഹേളിച്ചു കൊണ്ടുള്ള നടപടികളാണ് ഗവൺമെന്റ് ചെയ്യുന്നത്. ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

ഡോ. കെ.സി. ജോസഫ്: സർ, മതിയാവോളം ചർച്ചകൾ നടത്തി യതുകൊണ്ട് ഈ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ക്ലോഷർ മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

(ഡോ. കെ.സി. ജോസഫ് അവതരിപ്പിച്ച ക്ലോഷർമോഷൻ സ്വ വോട്ടിനിട്ട് അംഗീകരിച്ചു).

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ):

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ഇവിടെ ഞാൻ ആദ്യം ബിൽ അവതരിപ്പിച്ച അവസരത്തിൽ സൂചിപ്പിച്ചതുപോലെ വളരെ ചെറിയ കാര്യത്തെ സംബന്ധിച്ച ഒരു ഭേദഗതിയാണ് ഇത്. ഈ ബില്ലിനെക്കുറിച്ച് ഇവിടെ സംസാരിച്ച ഒന്നുരണ്ട് അംഗങ്ങൾ മാത്രമാണ് അതിന്റെ ഭേദഗതിയെക്കുറിച്ച് സൂചിപ്പിച്ചത്. ആദ്യം അതിനു മറുപടി പറയാം. സർ, നമ്മുടെ യൂണിവേഴ്സിറ്റിയുടെ 1977-ലെ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 23-ാം അദ്ധ്യായം അനുസരിച്ച് കോളേജിന് അഫീലിയേഷന് വേണ്ടിയോ, പുതിയ ഒരു കോഴ്സിന്റെ അഫീലിയേഷനുവേണ്ടിയോയുള്ള ഒരു അപേക്ഷ കോഴ്സിനുവേണ്ടി ഉദ്ദേശിക്കുന്ന എജൻസി-അദ്ധ്യയന വർഷത്തിന്റെ തൊട്ടു മുൻപുള്ള ഒക്ടോബർ മാസം 31-ാം തീയതിക്കു മുൻപ് രജിസ്ട്രാർക്ക് അയച്ചിരിക്കേണ്ടതാണ്. അതേ അദ്ധ്യായത്തിലെ 6-ാം സ്റ്റാറ്റ്യൂട്ട് ക്ലാസ് (1) അനുശാസിക്കുന്നത് അഫീലിയേഷനുവേണ്ടിയുള്ള എല്ലാ അപേക്ഷകളും ഡിസംബർ മാസം അവസാനിക്കുന്നതിനുമുൻപ് സിൻഡിക്കേറ്റ് പരിഗണിക്കണമെന്നാണ്. ഇതിന് തത്തുല്യമായ വ്യവസ്ഥ തന്നെയാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി നിയമത്തിലും ഉള്ളത്. നിലവിലുണ്ടായിരുന്ന ഈ വ്യവസ്ഥ അനുസരിച്ച് കേരളത്തിൽ എല്ലാ കാലഘട്ടങ്ങളിലും കോളേജുകളും കോഴ്സുകളും അനുവദിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തന്നെ 1982-83 അദ്ധ്യയന വർഷത്തിലെ കോഴ്സുകൾക്കുവേണ്ടിയുള്ള അപേക്ഷകൾ 1981 അദ്ധ്യയന വർഷത്തിൽതന്നെ ക്ഷണിച്ചിരുന്നു. അതനുസരിച്ചുള്ള രണ്ടു സിൻഡിക്കേറ്റുകളുടേയും ശുപാർശ സംസ്ഥാനഗവൺമെന്റിന് അവർ സമർപ്പിക്കുകയുണ്ടായി. ആ ശുപാർശയുടെ അടിസ്ഥാനത്തിൽ കേരളാ യൂണിവേഴ്സിറ്റിയുടെ കീഴിൽ 1982-83 അദ്ധ്യയന വർഷത്തേയ്ക്ക് അഞ്ചു പുതിയ കോളേജുകളും 24 കോളേജുകളിൽ ഡിഗ്രി കോഴ്സുകളും, 24 കോളേജുകളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളും; കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ആറു പുതിയ കോളേജുകളും പത്തു കോളേജുകളിൽ ഡിഗ്രി കോഴ്സുകളും എട്ടു കോളേജുകളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളും തുടങ്ങുന്നതിനുള്ള അനുവാദം ഗവൺമെന്റ് നൽകുകയുണ്ടായി. ഈ അനുവാദം നൽകിയതിനുശേഷം യൂണിവേഴ്സിറ്റികൾ, പ്രൊവിഷണലായിട്ടുള്ള അഫീലിയേഷൻ എല്ലാ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും നൽകുകയും ചെയ്തു. അതിനെത്തുടർന്ന് 1982 ഒക്ടോബർ മാസം 14-ാം തീയതി കേരളാ ഹൈക്കോടതിയിൽ നിന്നും ഒരു വിധിവന്നു. ഡിസംബർ എന്ന പരാമർശം, മുൻവർഷത്തെ ഡിസംബറിനെക്കുറിച്ച് മാത്രമാകാനേ ഇടയുള്ളൂ എന്നും അതുകൊണ്ട് 1981 ഡിസംബർ മാസത്തിനുള്ളിൽ ഈ തീരുമാനം എടുക്കേണ്ടതായിരുന്നുവെന്നും ഹൈക്കോടതി 1982 ഒക്ടോബർ മാസത്തിൽ ഉള്ള ഒരു വിധിയിൽകൂടി പറയുകയുണ്ടായി. ഹൈക്കോടതിയുടെ വിധി വന്നതിനുശേഷം രണ്ടു യൂണിവേഴ്സിറ്റികളും ഈ കാര്യത്തിലുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇവിടെ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഈ സ്ഥലങ്ങളിൽ എല്ലാം പതിനൊന്നു കോളേജുകളും ആരംഭിച്ചു, പല കോളേജുകളിലും കോഴ്സുകളും ആരംഭിച്ചു. കുട്ടികളും അവിടെ പഠനം നടത്തുന്നു. അതിനുശേഷം എടുത്ത നടപടികളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

infructuous ആണെന്നുള്ള നിലയിൽ . ഹൈക്കോടതിയുടെ വിധിവന്നപ്പോൾ ആ വിധിയ്ക്ക് ആധാരമായിട്ടുള്ള വ്യവസ്ഥകൾക്ക് മാറ്റം വരുത്തേണ്ടത് ആവശ്യമായി വന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കേരളാ കാലിക്കറ്റ് യൂണിവേഴ്സിറ്റി നിയമത്തിന്റെ 56-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനുള്ള ഇപ്പോഴത്തെ നിയമം കൊണ്ടുവന്നത്. ഇവിടെ സംസ്ഥാന ഗവൺമെന്റിനു തോന്നിയതുപോലെ ചെയ്യാനുള്ള സൗകര്യമാണ് കൊടുത്തിരിക്കുന്നത് എന്നു പറഞ്ഞു. അതു ശരിയല്ല. യൂണിവേഴ്സിറ്റികളും കോളേജുകളുടെ കാര്യത്തിലും കോഴ്സുകളുടെ കാര്യത്തിലും ശുപാർശകൾ സമർപ്പിച്ചാൽ ഗവൺമെന്റാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നത്. എവിടെയെല്ലാം കോളേജുകൾ നൽകണം, എവിടെയെല്ലാം ഏതെല്ലാം കോഴ്സുകൾ നൽകണം എന്നു തീരുമാനിക്കുന്നതിന് നമ്മുടെ യൂണിവേഴ്സിറ്റി നിയമം അനുസരിച്ച് ഗവൺമെന്റിനു അധികാരമുണ്ട്. ആ അധികാരങ്ങൾ ഗവൺമെന്റ് ഉപയോഗിച്ചുവരികയാണ്. എല്ലാ കാലത്തും അങ്ങനെയാണ്. ആ കാര്യങ്ങളെ സംബന്ധിച്ചുള്ള തീരുമാനമെടുക്കാൻ അപേക്ഷ പരിഗണിക്കുന്ന കാര്യത്തെ സംബന്ധിച്ച് തീരുമാനമെടുക്കാൻ ചാൻസിലർക്ക് അതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ ഉള്ള അനുവാദം കൊടുത്തിരിക്കുകയാണ്. അതിനകത്ത് സമയപരിധി പറഞ്ഞിട്ടുണ്ട്. ഒരു വർഷത്തിനകത്തുള്ള സമയപരിധി എന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ബുദ്ധിമുട്ടില്ല. സ്വാഭാവികമായും ബഹുമാനപ്പെട്ട അംഗങ്ങൾക്ക്, യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് പ്രത്യേകിച്ച് അതേക്കുറിച്ച് അറിയാം. ഒക്ടോബർ മാസം, ഏതു വർഷത്തെ ആയാലും, ഇപ്പോൾ അടുത്ത വർഷം കോഴ്സുകൾ തുടങ്ങണമെങ്കിൽ ഈവർഷം 1985 ഒക്ടോബർ മാസം 31-ാം തീയതിക്കു മുൻപ് കിട്ടുന്ന അപേക്ഷയിൻമേലാണ് 1986-87 വർഷത്തേയ്ക്കുള്ള കോഴ്സുകൾ കൊടുക്കുന്നത്. സ്വാഭാവികമായും ഒക്ടോബർ 31-ാം തീയതിയ്ക്കുമുൻപ് കിട്ടിയ അപേക്ഷകൾ യൂണിവേഴ്സിറ്റി ആദ്യം പരിശോധിക്കും. അതിനുശേഷം യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ കമ്മീഷൻ ഈ പറഞ്ഞ സ്ഥലങ്ങളിൽ പോകണം. പുതിയ കോളേജുകളും കോഴ്സുകളും അനുവദിക്കണമെങ്കിൽ അവർ അവിടെപ്പോയി പരിശോധിക്കുകയും ആ പരിശോധനയ്ക്കു ശേഷം റിപ്പോർട്ട് ഗവൺമെന്റിന് അയയ്ക്കുകയും വേണം. ഗവൺമെന്റ് ഇത് അംഗീകരിച്ചതിനുശേഷം തിരിച്ച് വീണ്ടും യൂണിവേഴ്സിറ്റികൾക്ക് അയയ്ക്കുകയും ചെയ്യും. പ്രൊവിഷണൽ അഫിലിയേഷൻ കൊടുക്കുന്നതിനുമുൻപ് വീണ്ടും , ഒരു പരിശോധന നടത്തേണ്ടത് ആവശ്യമാണ്. സ്വാഭാവികമായും ഒക്ടോബർ മുതൽ സിസംബർ വരെയുള്ള, നവംബർ ഡിസംബർ, എന്നീ രണ്ടുമാസങ്ങൾകൊണ്ട് ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുകയില്ലെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന ഒരു യാഥാർത്ഥ്യമാണ്. എന്തായാലും അങ്ങനെ ഒരു തടസ്സം ഒരിക്കലും ഉണ്ടായിട്ടില്ല. ഹൈക്കോടതി വിധിവന്നപ്പോൾ ഇങ്ങനെ ഒരു നടപടി സ്വീകരിക്കേണ്ടതായിവന്നു. അതിനെത്തുടർന്നാണ് ഈ ഭേദഗതി കൊണ്ടുവന്നത്. അതാണ് ഈ ഭേദഗതിയെക്കുറിച്ച് എനിക്കു പറയാനുള്ളത്.

ഇവിടെ ചില പരാമർശനങ്ങൾ ഉണ്ടായി. ഇതിനെക്കുറിച്ച് പറയുന്നതിനേക്കാൾ കൂടുതലായി വിദ്യാഭ്യാസ, ഡിപ്പാർട്ടുമെന്റിന്റെ ഇപ്പോഴുള്ള പ്രവർത്തനങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ച നടന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ പല അംഗങ്ങളും ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട ആക്ഷേപം ഈ ഗവൺമെൻറ് അമിതമായിട്ടുള്ള താൽപ്പര്യം സ്വകാര്യ മേഖലയോട് കാണിക്കുന്നു എന്നുള്ളതാണ്. സ്വകാര്യ മേഖലയെ അമിതമായി വളർത്തിക്കൊണ്ടുവരുവാനുള്ള നടപടികളും സ്വീകരിക്കുന്നു എന്നുള്ളതാണ്. പല സന്ദർഭങ്ങളിൽ ഇതിനെക്കുറിച്ച് ഞാൻ പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറ് അങ്ങനെയൊരു നടപടി സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോയിട്ടില്ല. കേരളത്തിൽ ആകെ 217 കോളേജുകളാണുള്ളത്. അതിൽ 62 കോളേജുകളാണ് ഇന്ന് ഗവൺമെൻറ് മേഖലയിൽ ഉള്ളത്. ബാക്കി 155 കോളേജുകളും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവയാണ്. അതിനകത്ത് ഈ ഗവൺമെൻറ് വന്നതിനുശേഷം കൊടുത്തത് 11 കോളേജുകളാണ്. ബാക്കി ഉള്ള കോളേജുകളും മുഴുവൻ ഇതിനു മുമ്പുള്ള കാലഘട്ടങ്ങളിൽ കൊടുത്തിട്ടുള്ളവയാണ്. സ്വകാര്യ മേഖലയ്ക്ക് അമിതമായ പ്രാധാന്യം കൊടുത്ത് ഈ ഗവൺമെൻറ് സ്വകാര്യമേഖലയെ വളർത്തിക്കൊണ്ടുപോകുന്നു എന്നുള്ള ആക്ഷേപം ശരിയല്ല. ഇതാണ് കോളേജുകളെ സംബന്ധിച്ചുള്ള സ്ഥിതി. സ്കൂളുകളുടെ കാര്യമൊക്കെ ഞാൻ നേരത്തേ പറഞ്ഞതാണ്. അതുകൊണ്ട് അത് ഞാൻ ഇവിടെ പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നില്ല. നായനാർ ഗവൺമെൻറിന്റെ കാലത്ത് കേരളത്തിൽ 29 കോളേജുകളും തുടങ്ങിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാം. പ്രത്യേകിച്ചും അന്നത്തെ വിദ്യാഭ്യാസമന്ത്രി സഭയിൽ ഇരിപ്പുണ്ട്. അന്ന് എട്ടു കോളേജുകളും ഒഴിച്ച് ബാക്കിയെല്ലാം സ്വകാര്യമേഖലയിലാണ് അനുവദിച്ചിരുന്നത്. അന്ന് ഏകദേശം 153 കോളേജുകളിൽ പുതിയ കോഴ്സുകളും കൊടുത്തിട്ടുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ച കണക്കനുസരിച്ചുതന്നെ കോളേജുകളുടെ എണ്ണം പരിമിതമാണ്. കൊടുത്ത കോഴ്സുകളിൽ സിംഹഭാഗവും സ്വകാര്യ കോളേജുകളിലാണ് കൊടുത്തിട്ടുള്ളത്. ഈ ഗവൺമെൻറ് വന്നതിനുശേഷം 11 പുതിയ കോളേജുകളും ആരംഭിച്ചിട്ടുണ്ട്. അതിൽ രണ്ടെണ്ണം ഗവൺമെൻറും 9 എണ്ണം പ്രൈവറ്റും ആണ്. 68 കോളേജുകളിലാണ് പുതിയ കോഴ്സുകളും കൊടുത്തിട്ടുള്ളത്. ഞാൻ ഇത്രയും ഒരു സ്ഥിതിവിവരക്കണക്ക് ഇവിടെ പറഞ്ഞത് ആവശ്യമില്ലാത്ത ഒരു പ്രചരണം നമ്മുടെ രാജ്യത്ത് വളരെ സംഘടിതമായി നടക്കുന്നുണ്ട്. സ്വകാര്യമേഖലയ്ക്ക് വിദ്യാഭ്യാസ രംഗം മുഴുവൻ അടിയറ വച്ചുകൊണ്ട് ഗവൺമെൻറ് പ്രവർത്തിക്കുന്നു എന്നുള്ള ഏറ്റവും അടിസ്ഥാന രഹിതമായിട്ടുള്ള ആക്ഷേപം ഇവിടെ പറഞ്ഞിട്ടുണ്ട്. ഗീബൽസിന്റെ ഒരു ശാസ്ത്രമുണ്ട്. ഒരു നുണ പല പ്രാവശ്യം പറഞ്ഞാൽ അതു സത്യമായിത്തീരും എന്ന്. ആ തത്വം അംഗീകരിച്ചുകൊണ്ടാണ് ഇവിടെ പല അംഗങ്ങളും സംസാരിക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സ്വകാര്യമേഖലയ്ക്ക് ഈ ഗവൺമെൻറ് കീഴടങ്ങുന്നു എന്നുള്ളത് പ്രതിപക്ഷത്തിന്റെ ഒരു ഗീബൽസ് സിദ്ധാന്തമായി അവതരിപ്പിക്കുന്നു എന്നാണ് അങ്ങ് പറഞ്ഞത്. ഭരണകക്ഷിയിലെ ആളുകളും പോലും കോൺഗ്രസ്സ് 'ഐ' പോലും പറഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ അതിൽ വസ്തുത ഉണ്ടെന്നല്ലേ കണക്കാക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ്: ആരു പറയുന്നു എങ്ങിനെ പറയുന്നു എന്നുള്ളത് ഞാൻ ഇവിടെ ചർച്ചാ വിഷയം ആക്കാറില്ല. എല്ലാവർക്കും കാര്യങ്ങളും ഒക്കെ അറിയാം. പുതിയ കോഴ്സ് കൊടുക്കാനുള്ള തീരുമാനം എടുക്കുന്നത് ക്യാബിനറാണ്. മന്ത്രിയല്ല. വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ഞാൻ എടുക്കുന്ന തീരുമാനമല്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളും കൊടുക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് മന്ത്രിസഭയ്ക്ക് സംയുക്തമായിട്ടുള്ള ഒരു ഉത്തരവാദിത്വമുണ്ട്. ഇവിടെ എടുത്തിട്ടുള്ള എല്ലാ തീരുമാനങ്ങളും ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിട്ടുള്ള മന്ത്രിസഭയുടെ തീരുമാനങ്ങളും നയങ്ങളുമാണ്.

ശ്രീ. ടി.എസ്. ജോൺ: കോഴ്സുകളും കൊടുക്കുന്ന കാര്യത്തെപ്പറ്റിയാണ് ഞാൻ ചോദിക്കുന്നത്. ഈ വർഷം കോഴ്സുകളും വല്ലതും കൊടുക്കുന്നുണ്ടോ? കഴിഞ്ഞ വർഷം കോഴ്സുകളും കൊടുക്കാത്ത കോളേജുകളും ഉണ്ട്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ പുതിയ കോഴ്സുകളും കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ജിനദേവൻ: സ്വകാര്യമേഖലയിൽ കോളേജുകളും അനുവദിക്കുന്നത് കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ നയമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ സഭയിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു സ്വകാര്യമേഖലയിൽ ആയുർവ്വേദ കോളേജുകളും ഭാവിയിൽ അനുവദിക്കുകയില്ലെന്ന്. അത്തരം ഒരു തീരുമാനം, മറ്റു മേഖലകളിൽ സ്വകാര്യകോളേജ് അനുവദിക്കുകയില്ലെന്നുള്ള തീരുമാനം, ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയ്ക്ക് ഈ സഭയിൽ വച്ചു നടത്താൻ കഴിയുമോ?

ശ്രീ. ടി.എം. ജേക്കബ്: പുതിയ കോഴ്സുകളും കൊടുക്കാൻ കഴിയുമോ എന്നുള്ളത് സംശയമാണ്. അടുത്തവർഷത്തിൽ ഈ കാര്യങ്ങളും പ്രത്യേകമായിട്ട് പരിശോധിക്കാം. ആ കാര്യത്തിൽ ഗവൺമെന്റ് ഒരു തീരുമാനം എടുത്തിട്ടില്ല. കഴിഞ്ഞ വർഷം കൊടുക്കാത്ത സ്ഥലങ്ങളിൽ ഈ ആവശ്യം ഉന്നയിക്കുന്നത് തികച്ചും ന്യായയുക്തമാണ്. അതു പരിശോധിക്കുന്നതാണ്. അതിനകത്ത് എന്തു ചെയ്യാൻ കഴിയും എന്നുള്ളതിനെക്കുറിച്ച് വ്യക്തമായിട്ട് ഇപ്പോൾ പറയാൻ കഴിയുകയില്ല. ഭേവിയെ സംബന്ധിച്ച് പറയണമെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചോദ്യത്തിനു മറുപടിയായിട്ടാണ് അദ്ദേഹം ഇവിടെ പറഞ്ഞത്; ആയുർവ്വേദ കോളേജുകളെ സംബന്ധിച്ച്. പുതിയ സ്ഥാപനങ്ങളും സ്വകാര്യമേഖലയിൽ വാരിക്കോരി കൊടുക്കണം എന്നുള്ള ആഗ്രഹം ഗവൺമെന്റിനില്ല. അങ്ങിനെയൊരു നയം ഗവൺമെന്റ് അടിസ്ഥാനപരമായി സ്വീകരിച്ചിട്ടുമില്ല.

ശ്രീ. പി.പി. തങ്കച്ചൻ: ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് അധികാരത്തിൽ ഇരുന്ന കാലഘട്ടത്തിൽ ഒരൊറ്റ ഉത്തരവ് പ്രകാരം 27 സ്വകാര്യ കോളേജുകളാണ് അനുവദിച്ചത്.

ശ്രീ. ടി.എം. ജേക്കബ്: ഞാൻ അത് ആദ്യം പറഞ്ഞില്ലേ? അതിവിടെ തർക്ക വിഷയമാക്കേണ്ട കാര്യമില്ല. സത്യമൊക്കെ എല്ലാവർക്കും അറിയാം. അതുകൊണ്ട് ഈ വർഷത്തെ കണക്കു മാത്രമാണ് ഞാൻ സൂചിപ്പിച്ചത്. നമ്മുടെ രാജ്യത്തിന്റെ പൊതുവായ സ്ഥിതിഗതികളെക്കുറിച്ച് വിശകലനം നടത്തിയാൽമാത്രമേ കാര്യങ്ങൾക്ക് തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാൻ കഴിയൂ. മുൻകാല ഗവൺമെൻറുകളും ചെയ്തിട്ടുള്ളതിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള സമീപനമൊന്നും ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല. വെറുതേ ഇങ്ങിനെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു കൊണ്ടിരിക്കുന്നു. ഇങ്ങിനെ പറയുമ്പോൾ ജനങ്ങളുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാകും എന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് ഇവിടെ സൂചിപ്പിച്ചത്.

ഒന്നുരണ്ടു കാര്യങ്ങൾകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. സഹകാര്യമേഖലയിൽ പ്രൈവറ്റ് പോളിടെക്നിക്ക് കൊടുക്കുന്നതിന് തീരുമാനം എടുത്തു. താമരാക്ഷൻ ഇവിടെ പറയുന്നതുകേട്ടു പിള്ള വേണോ, പോളിടെക്നിക്ക് വേണോ എന്നു പോലിച്ചപ്പോൾ ജേക്കബ് പറഞ്ഞു പോളിടെക്നിക്കു മതി എന്നൊക്കെ. പോളിടെക്നിക്ക് അനുവദിക്കുന്നതിനുള്ള തീരുമാനം എടുത്തത് ഈ പ്രശ്നങ്ങളൊക്കെ വരുന്നതിനു മുമ്പാണ്, അതും ഇതുമായിട്ട് എന്തു ബന്ധമിരിക്കുന്നു. ഈ സഭ തുടങ്ങിയ അന്നു മുതൽ വെറുതേ അദ്ദേഹത്തിൻറെ പേര് പറയുകയാണ്. അങ്ങിനെ പറഞ്ഞില്ലെങ്കിൽ കുറേപ്പേർക്ക് ഉറക്കം വരുകയില്ല. അധികമായാൽ അമൃതും വിഷം എന്നു പറയുന്ന ഒരു പഴമൊഴി നമ്മൾ പണ്ടേ അംഗീകരിച്ചിരിക്കുന്നതാണ്. ഇനിയെങ്കിലും ഈ പരാമർശനം നിറുത്തരുതോ? പോളിടെക്നിക്ക് കൊടുക്കാനുള്ള തീരുമാനം മന്ത്രിസഭയുടെ തീരുമാനമാണ്. 15 പോളിടെക്നിക്കുകൾ സഹകാര്യമേഖലയിൽ കൊടുക്കാൻ തീരുമാനിച്ചു. അതിനുള്ള 106 അപേക്ഷകൾ ഡയറക്ടറേറ്റിൽ കിട്ടി. അത് പ്രോസസ് ചെയ്തുകൊണ്ടിരിക്കുകയാണ്. 15 പോളിടെക്നിക്കുകൾ കൊടുക്കുക എന്നുള്ള തത്വം മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ട്. ഒരു കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് ആകെ ഉള്ളത് 25 പോളിടെക്നിക്കുകളാണ്. അതിൽ 4 വനിതാ പോളിടെക്നിക്കുകളും സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 7 പോളിടെക്നിക്കുകളും അടക്കം 25 പോളിടെക്നിക്കുകൾ ഇന്ന് കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഏകദേശം മുപ്പതിനായിരത്തോളം അപേക്ഷകൾ ഞങ്ങൾക്ക് കിട്ടുകയുണ്ടായി. അതിൽ പ്രവേശനം കൊടുക്കുവാൻ കഴിയുന്നത് മൂവായിരം കുട്ടികൾക്കാണ്. ബാക്കിയുള്ള 27,000 അപേക്ഷകർക്ക് ഈ സ്ഥാപനങ്ങളിൽ പ്രവേശനം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ചെറിയ ഒരു സ്ഥിതിവിവരം ഞാൻ പറയാം. 1974-ലും 1984-ലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ മറ്റു സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തിക്കൊണ്ട് പറയാൻ ഞാനാഗ്രഹിക്കുകയാണ്. തമിഴ് നാട്ടിൽ 1974-ൽ 25 പോളിടെക്നിക്കുകൾ ഉണ്ടായിരുന്നു. ഇന്ന് ആ സ്ഥാനത്ത് 142 എണ്ണം ആയിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്ത് 1974-ൽ 18 പോളിടെക്നിക്കുകൾ ഉണ്ടായിരുന്നു. അത് ഇപ്പോൾ 87 ആയിട്ട് വർദ്ധിച്ചിട്ടുണ്ട്. ആന്ധ്രയിൽ 21 എണ്ണം ഉണ്ടായിരുന്നത് 10 വർഷക്കാലത്തിനിടയ്ക്ക് 95 ആയി വർദ്ധിച്ചിട്ടുണ്ട്. മഹാരാഷ്ട്രാ സംസ്ഥാനത്ത് 20 എണ്ണം ഉണ്ടായിരുന്നത് 83 ആയി വർദ്ധിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്ത് 10 വർഷം മുമ്പ് 18 എണ്ണം ഉണ്ടായിരുന്നത് ഇന്ന് 25 ആയിട്ട് വർദ്ധിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലുള്ള സ്ഥാപനങ്ങളിൽ ഒരു ഗണ്യമായ പങ്കും സഹകാര്യമേഖലയിൽത്തന്നെയാണ്. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കോളേജുകളും ആറെണ്ണമാണുള്ളത്. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് 6 എണ്ണം ഉണ്ട്. 25 പോളിടെക് നിക്കുകളും ഉണ്ട്. 44 ടെക്നിക്കൽ ഹൈസ്കൂളുകളും ഉണ്ട്. കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് 17 എണ്ണം ഉണ്ട്. അങ്ങനെ ആകെ 92 സ്ഥാപനങ്ങളാണ്. മുഖ്യമായിട്ടുള്ള ഒരു സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഉള്ളതിൽ 42 സ്ഥാപനങ്ങളും ഈ ഗവൺമെന്റ് വന്നതിനുശേഷം പൊതു മേഖലയിൽ തന്നെ ആരംഭിച്ചതാണ്. 50 എണ്ണമാണ് ഉണ്ടായിരുന്നത്. 42 എണ്ണത്തോളം ഈ ഗവൺമെന്റു തന്നെ തുടങ്ങി. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആകെ ഉണ്ടായിരുന്നത് തിരുവനന്തപുരത്തും കോഴിക്കോട്ടും മാത്രമാണ്. ഇപ്പോൾ പ്രാവശ്യം നാലെണ്ണം കൂടി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും, തൃശൂരും കോട്ടയത്തും കണ്ണൂരിലും. ഈ സ്ഥാപനങ്ങളെല്ലാം ഗവൺമെന്റ് മേഖലയിൽ തന്നെയാണ് അനുവദിച്ചിട്ടുള്ളത്. ഒരു പോളിടെക്നിക്കിന്റെ പൂർണ്ണമായ പ്രവർത്തനം നടത്താൻ ഏകദേശം രണ്ടരക്കോടി രൂപ ചെലവാകും. ഇപ്പോഴത്തെ നിലവിലുള്ള 25 പോളിടെക്നീക്കുകളിൽ 7 എണ്ണം സ്വകാര്യ മേഖലയിൽ ആണ് ഉള്ളത്. അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥ നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചറാണ്. അതായത് മൂലധനച്ചെലവിന്റെ 75 ശതമാനം സർക്കാർ വഹിക്കുകയും 25 ശതമാനം മാനേജ്മെന്റ് വഹിക്കുകയും ചെയ്യുക എന്നുള്ളതാണ്. അതു മാറ്റി മൂലധനച്ചെലവിന്റെ 25 ശതമാനം സർക്കാരും 75 ശതമാനം മാനേജുമെന്റും എന്നാക്കി മാറ്റിയിട്ടുണ്ട്. അതുപോലെ തന്നെ ഇപ്പോഴത്തെ നിലവിലുള്ള 7 സ്വകാര്യ പോളിടെക്നിക്കുകളിൽ നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചർ മുഴുവൻ സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നത്. ശമ്പളം അടക്കം ഉള്ള ആവർത്തന ച്ചെലവ് മുഴുവൻ വഹിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. പക്ഷേ ഇനി അനുവദിക്കാൻ പോകുന്ന 15 പോളിടെക്നിക്കുകളിൽ ഈ ആവർത്തനച്ചെലവിന്റെ 25 ശതമാനം കൂടി മാനേജുമെന്റ് തന്നെ വഹിക്കണം. ആ സന്ദർഭത്തിൽ ഒരു കാര്യം കൂടി ഞാൻ സൂചിപ്പിക്കട്ടെ. ഫീസ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് അനുവദിക്കുകയില്ല. അതുപോലെ ഇനി ആരംഭിക്കാൻ പോകുന്ന പോളിടെക്നിക്കുകളിൽ 75 ശതമാനം സീറ്റ് ഡയറക്ടറേറ്റിൽ നിന്നും കൊടുക്കുന്ന മെരിറ്റ് അടിസ്ഥാനത്തിൽ നടക്കും. 25 ശതമാനം മാത്രമാണ് സ്വകാര്യമേഖലയിൽ കൊടുത്തിരിക്കുന്നത്. മറ്റൊരു കാര്യംകൂടി സൂചിപ്പിക്കട്ടെ. ആരംഭിക്കാൻ പോകുന്ന 15 പോളിടെക്നിക്കുകളിലും സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നുള്ള കൺവെൻഷണൽ കോഴ്സുകളുണ്ട്. എല്ലാ പോളിടെക്നിക്കുകളെക്കുറിച്ചും അങ്ങനെയാണ് പറയുന്നത്. ഗവൺമെന്റ് പുതിയ പോളിടെക്നിക്കുകളിലെല്ലാംതന്നെ കൊടുക്കാൻ ഉദ്ദേശിക്കുന്നത് ഇലക്ട്രോണിക്സ് അടക്കമുള്ള ആധുനിക കോഴ്സുകളാണ്. ആവർത്തനച്ചെലവടക്കം 25 ശതമാനം വഹിക്കുകയും ചെയ്യും. വ്യക്തികൾക്ക് ഈ സ്ഥാപനം കൊടുക്കുന്നില്ല. വിദ്യാഭ്യാസ ഏജൻസികൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള സൊസൈറ്റികൾക്കോ, അങ്ങനെയുള്ള സ്ഥാപനങ്ങൾക്കോ മാത്രമേ ഇത് കൊടുക്കാൻ ആഗ്രഹിക്കുന്നുള്ളൂ. ഇത്രയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഇങ്ങനെയൊരു തീരുമാനമെടുത്തത് ഒരിക്കലും ഈ രാജ്യത്തിന്റെ താൽപ്പര്യത്തിനെതിരല്ല, ഈ സംസ്ഥാനത്തിന്റെ ഉത്തമതാൽപ്പര്യം പരിഗണിച്ചു

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാണ്. ഇത് ആരംഭിക്കേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യമാണ്. കഴിഞ്ഞവർഷം ഒരു സ്ഥിതിവിവരക്കണക്ക് ശേഖരിക്കുകയുണ്ടായി. നമ്മുടെ കേരളത്തിൽനിന്നും എൻജിനീയറിംഗ് കോളേജുകളിലും മെഡിക്കൽ കോളേജുകളിലും പോളിടെക്നിക്കുകളിലുമായി കർണ്ണാടക സംസ്ഥാനത്തിൽ പ്രവേശനം കിട്ടിയവഴിയിൽ അവിടെ കൊടുത്ത രൂപ 12 കോടിയാണ്. അങ്ങനെ 12 കോടി രൂപ നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ ക്യാപ്പിറേഷൻ ഫീയായികൊടുത്തു. അതിനെക്കുറിച്ച് ആർക്കും പരാതിയില്ല. ആരംഭിക്കാൻ പോകുന്ന പോളിടെക്നിക്കുകൾ 75 ശതമാനവും മെരിറ്റടിസ്ഥാനത്തിലാണല്ലോ. അപ്പോൾ നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കുട്ടികൾക്ക് അത് കിട്ടും. ഇവിടെ ആരും മുതല കണ്ണീർ പൊഴിക്കേണ്ട ആവശ്യമില്ല. മറ്റു സംസ്ഥാനങ്ങളിൽ കോഴ കൊടുത്ത് അല്ലെങ്കിൽ ക്യാപ്പിറേഷൻ ഫീ കൊടുത്ത് പ്രവേശനം തേടാൻ കഴിവുള്ളവർക്ക് അവിടെ പോയി തേടാം. ഈ രാജ്യത്ത് ഇവിടത്തെ കുട്ടികൾക്ക് എന്തെങ്കിലും ഉണ്ടാക്കിക്കൊടുക്കുക എന്നു വച്ചാൽ അതിനെ നിങ്ങൾ ഇങ്ങനെ എതിർക്കുന്നത് ഒരിക്കലും ശരിയല്ല. അത് തികച്ചും നീതിരഹിതമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം.വി. രാഘവൻ: സഹകാര്യമാനേജുമെൻറിന് അവിടെ കൊടുക്കുന്ന 12 കോടി രൂപ ഇവിടെ കൊടുത്താൽ മതി എന്ന വ്യത്യാസമല്ലേ? അവിടെ കൊടുക്കുന്നതിനെതിരാണെങ്കിൽ ഗവൺമെൻറ് മേഖലയിൽ ഇത് തുടങ്ങാൻ വേറെ ഏർപ്പാടുണ്ടാക്കാമല്ലോ?

ശ്രീ. ടി.എം. ജേക്കബ്: ഞാൻ പറഞ്ഞത് ആദ്യം മുതൽ ശ്രീ. എം.വി. രാഘവൻ ശ്രദ്ധിച്ചുകാണുമെന്നാണ് എനിക്ക് തോന്നുന്നത്. രണ്ടരകോടി രൂപ നമ്മുടെ ഒരു പോളിടെക്നിക്കിന്റെ പൂർണ്ണമായ പ്രവർത്തനത്തിന് ആവശ്യമായിവരും. നേരത്തെയുണ്ടായിരുന്ന നിബന്ധനകളെല്ലാം നമ്മൾ നേരെ തിരിച്ചാക്കി. നിങ്ങൾ അങ്ങനെ സംശയിക്കുകയൊന്നും വേണ്ട. ഇതിനകത്ത് കോഴവാങ്ങി ചിലർക്ക് സ്ഥാപനം നടത്താൻ സാധിക്കുമെന്ന് സങ്കൽപ്പിക്കുന്നതുതന്നെ തെറ്റാണ്. വിദ്യാഭ്യാസ മേഖലയിൽ എന്തെങ്കിലും സേവനങ്ങൾ നടത്താനാഗ്രഹിക്കുന്ന വിദ്യാഭ്യാസ ഏജൻസികൾക്കല്ലാതെ ഈ വ്യവസ്ഥയിൻമേൽ പോളിടെക്നിക്കുകൾ നടത്താൻ കഴിയുകയില്ല. പോളിടെക്നിക്കുകളുടെ പ്രവർത്തനത്തെക്കുറിച്ച് കൃത്യമായി നിങ്ങൾക്ക് പഠിക്കാൻ കഴിയുമെങ്കിൽ ഈ വ്യവസ്ഥകൾ നിങ്ങൾക്ക് മനസ്സിലാകും.

ശ്രീ. കൊരമ്പയിൽ അഹമ്മദ്ഹാജി: പുതുതായി ആരംഭിക്കുന്ന ഈ പോളിടെക്നിക്കുകളിലെ അദ്ധ്യാപകരുടെ നിയമനത്തിൽ റിസർവേഷൻ തത്വം അംഗീകരിക്കാൻ തയ്യാറുണ്ടോ?

ശ്രീ. ടി.എം. ജേക്കബ്: സഹകാര്യമേഖലയിൽ ഒക്കെയുള്ള പൊതുവായ തത്വം പുതിയ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

ശ്രീ. ഇ. പത്മനാഭൻ: മതന്യൂനപക്ഷങ്ങൾ നടത്തുന്ന സ്കൂളുകളിൽ 75 ശതമാനം, 25 ശതമാനം എന്നുള്ളതൊന്നും നടക്കുകയില്ല. 100 ശതമാനവും അവർക്കുതന്നെയാണ്. ഈ രീതിയിലാണ് അവിടത്തെ അഡ്മിഷൻ എന്നുള്ളതാണല്ലോ ഇന്ന് നിലവിലിരിക്കുന്ന വ്യവസ്ഥ. ഇതുതന്നെയല്ലേ ഇത്തരം വിഭാഗങ്ങൾക്ക് പ്രൈമറി

LIBRARY ARCHIVES Kerala Legislative Assembly

പോളിടെക്നിക്കുകളും കൊടുത്താലും ഉണ്ടാവുക. അതല്ലാതെ അതിൽ വീണ്ടും 75 ശതമാനം എന്ന് ഇപ്പോൾ മന്ത്രി പറയുന്നത് ഇത്തരം വിഭാഗക്കാർ നടത്തുന്ന പോളിടെക്നിക്കുകളിൽ നടപ്പിലാക്കുമോ?

ശ്രീ. ടി.എം. ജേക്കബ്: അത് നടപ്പിലാകും. കാരണം കോളേജുകളെസംബന്ധിച്ച് ഡയറക്ടർ പേയ്മെന്റ് എഗ്രിമെന്റ് വന്നതിനുശേഷം 80 ശതമാനം സീറ്റും മെരിറ്റടിസ്ഥാനത്തിലാണ്. ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന ഏഴ് സ്വകാര്യപോളിടെക്നിക്കുകളിലും മെരിറ്റടിസ്ഥാനത്തിലുള്ള ലിസ്റ്റ് എടുത്തതിനുശേഷം വളരെ പരിമിതമായ സീറ്റുകളും മാത്രമേ മാനേജുമെന്റ് കോട്ടായിൽ ഉള്ളൂ. ആലപ്പുഴയിലെ കാർമ്മൽപോളിടെക്നിക്ക് അടക്കമുള്ള ചില സ്ഥാപനങ്ങളും മതന്യൂനപക്ഷങ്ങളും നടത്തുന്നുണ്ട്. നഹാസാഹിബ് ചെയർമാനായിട്ടുള്ള മറൈറാരു ന്യൂന പക്ഷസ്ഥാപനമാണ് തിരൂരുള്ളത്. അവിടേയും ഒരു പോളിടെക്നിക്കുണ്ട്. അവിടെയെല്ലാം മെരിറ്റടിസ്ഥാനത്തിൽ കഴിഞ്ഞതിനുശേഷം ഈ പറയുന്ന പരിമിതമായ സീറ്റുകളും മാത്രമേ അവർക്ക് കൊടുക്കുന്നുള്ളൂ. ഈ സ്ഥാപനങ്ങളും ആരംഭിക്കുന്നതിനുമുമ്പ് സർക്കാരിന്റെ ഈ വ്യവസ്ഥകളും ഒരു കരാറായി എഴുതിവാങ്ങിക്കൊണ്ടുതന്നെയാണ് കൊടുക്കുന്നത്. ഈ തീരുമാനത്തിനു വിധേയമായി മാത്രമേ സ്ഥാപനങ്ങളും നടത്താൻ കഴിയുകയുള്ളൂ.

ശ്രീ. കെ.സി. ജോസഫ്: സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാൻവേണ്ടി ഒരു സർവ്വേ നടത്തി ഒരു കമ്മിറ്റിയെ വച്ചിരുന്നു. പക്ഷേ ഇതുവരെയായിട്ടും നടപടികളൊന്നും ആരംഭിച്ചുകാണുന്നില്ല. പുതിയ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: അത് ഞാൻ പറയാം. പോളിടെക്നിക്കുകളെ സംബന്ധിച്ചിടത്തോളമുള്ള ആക്ഷേപം ഇവിടെ പറഞ്ഞു. ഇനിയെങ്കിലും ബഹുമാനപ്പെട്ട അംഗങ്ങളും ഒന്നു മനസ്സിലാക്കണം. ഇതിന്റെപേരിൽ വെറുതെ നമ്മുടെ സംസ്ഥാനത്തെ കുട്ടികളും സമരമുണ്ടാക്കരുത്. സാധാരണ നമ്മുടെ നാട്ടിൽ ബസ്സിൽ കയറി യാത്ര ചെയ്യുമ്പോൾ കണ്ടക്ടർ സ്റ്റോപ്പിൽ നിറുത്താതെ ഡബിൾ ബെല്ലടിച്ചാൽ അവർക്ക് വലിയ ഇഷ്ടമാണ്. കാരണം പെട്ടെന്നങ്ങെത്താമല്ലോ. പ്രവേശനം കിട്ടിയ കുട്ടികളും പ്രവേശനമായി. ഇനി കിട്ടാനുള്ളവന്റെ കാര്യം കഷ്ടത്തിലായാലും കുഴപ്പമില്ല എന്ന സമീപനമാണ് നമ്മുടെ പല കുട്ടികളും സ്വീകരിച്ചിരിക്കുന്നത്. ഇതൊന്നും അവരെ ആരേയും ഉപദ്രവിക്കാനല്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇവിടെ ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യനിൽ 18-ാം തീയതി ഞാൻ മറുപടി കൊടുത്തിട്ടുണ്ട്. എത്ര ആളുകളും തൊഴിൽരഹിതരായി നിൽക്കുന്നുണ്ട് എന്ന്. രാജ്യംമുഴുവൻ വ്യാപകമായി പ്രചരിപ്പിക്കുകയാണ് ആയിരക്കണക്കിന് ആളുകളും തൊഴിൽരഹിതരായി നിൽക്കുന്നുവെന്ന്. അത് അടിസ്ഥാനരഹിതമാണ്. ഞാൻ ഒരു കാര്യം പറയട്ടെ. നമ്മളും ഈ തൊഴിലധിഷ്ഠിത വിദ്യാഭ്യാസകാര്യത്തെക്കുറിച്ച് പറയുമ്പോൾ ഇവിടെയിരിക്കുന്ന എല്ലാ അംഗങ്ങളും ഏറ്റോടു യോജിക്കുമെന്നാണ

LIBRARY ARCHIVES Kerala Legislative Assembly

എന്റെ പ്രതീക്ഷ: സർക്കാർ മാത്രമായിട്ട് ജോലിയുണ്ടാക്കിക്കൊടുക്കുകയല്ലല്ലോ ഇതുപോലെയുള്ള ടെക്നിക്കൽ എഡ്യുക്കേഷന്റെ ലക്ഷ്യം. മറിച്ച് അവർക്ക് സ്വന്തമായിട്ട് തൊഴിൽ നടത്താനുള്ള സാഹചര്യംകൂടി ഉണ്ടാക്കിക്കൊടുക്കുകയാണ്. ഈ കുട്ടികൾക്ക് സംസ്ഥാനത്തിനു പുറത്തോ അല്ലെങ്കിൽ രാജ്യത്തിനു പുറത്തോ പോയി ജോലികിട്ടാനുള്ള ധാരാളം അവസരം ഉണ്ടാക്കാനുള്ള ധാർമ്മികമായ ചുമതല നമുക്കുണ്ട്. അതുകൊണ്ട് വെറും ഒരു തത്വത്തിന്റെ അടിസ്ഥാനത്തിൽ എതിർക്കുന്നത് ശരിയല്ല. സംസ്ഥാനഗവൺമെന്റിന്റെ സാമ്പത്തിക നില ഭദ്രമാണെങ്കിൽ ഈ പറഞ്ഞ കാര്യങ്ങളെല്ലാം ആരംഭിക്കുന്നതിന് ബുദ്ധിമുട്ടില്ല. ശ്രീ. എം.വി. രാഘവൻ ഇവിടെ പറഞ്ഞു സ്വകാര്യമേഖലയിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻപോകുന്നു എന്ന്. അങ്ങനെ യാതൊരു തീരുമാനവും ഗവൺമെന്റ് എടുത്തിട്ടില്ല. മൂന്നു എഞ്ചിനീയറിംഗ് കോളേജുകൾ നമ്മുടെ ഏഴാം പദ്ധതിക്കാലത്ത് ആരംഭിക്കണമെന്നുള്ള ആഗ്രഹമുണ്ട്. നമുക്ക് ആകെയുള്ളത് ആറെണ്ണമാണ്. 1964 കഴിഞ്ഞതിനുശേഷം കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിച്ചിട്ടില്ല. മൂന്നു എഞ്ചിനീയറിംഗ് കോളേജുകൾ ഏഴാം പദ്ധതിക്കാലത്ത് ആവശ്യമുണ്ടെന്നാണ് ഒരു പഠന റിപ്പോർട്ടിൽ പറയുന്നത്. അത് മൂന്നും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഗവൺമെന്റ് ഉടമയിൽ മാത്രമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

മറ്റൊരു കാര്യം സൂചിപ്പിച്ചത് ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചാണ്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഇപ്പോൾ ഞാൻ കടക്കുന്നില്ല. ഇവിടെ പല അംഗങ്ങളും സംസാരിച്ചതിൽനിന്നും ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പല അംഗങ്ങളും ഗ്രഹിച്ചിരിക്കുന്നത് എന്താണെന്ന് മനസ്സിലായി. ശ്രീ. എം.വി. രാഘവൻ തന്നെ പറഞ്ഞു അദ്ദേഹം ഒരു പട്ടരായിരുന്നു എന്ന്.

ശ്രീ. എം.വി. രാഘവൻ: നിങ്ങളം അദ്ദേഹത്തിന്റെ മതം അറിഞ്ഞിട്ട് നിശ്ചയിച്ചതാണോ?

ശ്രീ. ടി.എം. ജേക്കബ്: അല്ല. ഞാനും മുഖ്യമന്ത്രിയുമായിട്ട് ആലോചിച്ചിട്ട് ഞങ്ങളം മൂന്നു വിദ്യാഭ്യാസ വിചക്ഷണൻമാരെ തീരുമാനിക്കുകയാണുണ്ടായത്. ആദിശേഷയ്യായുടെ ജാതി ഞാൻ അന്വേഷിച്ചില്ല. ശ്രീ. രാഘവൻ ഒരു കാര്യം മനസ്സിലാക്കണം. ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് ഒരു പഠനറിപ്പോർട്ട് സമർപ്പിക്കാൻ നമ്മളം തീരുമാനമെടുക്കുമ്പോൾ ഏത് ഗവൺമെന്റാണെങ്കിലും ജാതി നോക്കിയല്ല ആളിനെ തീരുമാനിക്കുന്നത്. വേറൊരു കാര്യം ഞാൻ പറയട്ടെ. ശ്രീ. ആദിശേഷയ്യാ ഇന്ത്യയിലെ മാത്രമല്ല ലോകപ്രസിദ്ധനായ വിദ്യാഭ്യാസവിചക്ഷണനാണ്. അദ്ദേഹം വിദ്യാഭ്യാസ വിചക്ഷണനായതുകൊണ്ടോണ് അദ്ദേഹത്തെ രാജ്യസഭയിലേക്കു നോമിനേറ്റ് ചെയ്തത്. അദ്ദേഹത്തിന്റെ ഇൻഗ്രിറ്റിയെ കവസ്റ്റ്യൻ ചെയ്യുന്നത് ശരിയല്ല. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പാകപ്പിഴകളുണ്ടെങ്കിൽ സ്വാഭാവികമായും ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അത് ചൂണ്ടിക്കാണിക്കാം. ആ റിപ്പോർട്ട് മുഴുവനായി ഉൾക്കൊള്ളണമെന്ന് ഞാൻ ഒരിടത്തും പറഞ്ഞിട്ടില്ല. ഇതുവരെ ഗവൺമെന്റ് ആ റിപ്പോർട്ട് പൂർണ്ണമായി ഉൾക്കൊള്ളണമെന്നു പറഞ്ഞിട്ടില്ല. ഒരു സന്ദർഭത്തിൽ അദ്ധ്യാപക റിസർച്ച് അസോസിയേഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമ്മേളനത്തിൽ പങ്കെടുക്കുമ്പോഴാ ഞാൻ പറഞ്ഞു, ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ തന്നെ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി, പല കമ്മീഷൻ റിപ്പോർട്ടുകളും വന്നാൽ അതിൻമേൽ നടപടിയെടുക്കുകയില്ല എന്ന്. ഈ കമ്മീഷനെ സംബന്ധിച്ചിടത്തോളം അതിനകത്ത് ഉൾക്കൊള്ളാൻ കഴിയുന്ന കാര്യങ്ങളും ഗവൺമെൻറ് ഉൾക്കൊള്ളും. കേരളാ യൂണിവേഴ്സിറ്റി അത് പൂർണ്ണമായി നിരാകരിച്ചു എന്നു പറയുന്നത് ശരിയല്ല. ഞാൻ മനസ്സിലാക്കിയിടത്തോളം. കേരളാ യൂണിവേഴ്സിറ്റി അതിനകത്ത് കുറെ കാര്യങ്ങളും നിരാകരിക്കേണ്ട താണെന്നും കുറെ കാര്യങ്ങളും ഉൾക്കൊള്ളേണ്ടതാണെന്നും ചൂണ്ടിക്കാണി ച്ചിട്ടുണ്ട് എന്നാണ്. എന്തായാലും നമ്മുടെ യൂണിവേഴ്സിറ്റി കളുടെ അഭിപ്രായങ്ങളും കിട്ടിയതിനുശേഷം തീരുമാനിക്കാവുന്ന താണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് കോപ്പി തരണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് കിട്ടും. അത് കിട്ടാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഞാൻ അതിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. കിട്ടി എന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്. ഇവിടെ ശ്രീ. പത്മനാഭൻ പറഞ്ഞപ്പോഴാണ് കിട്ടിയില്ല എന്ന് എനിക്ക് മനസ്സിലായത്. അതിനെക്കുറിച്ച് ഇവിടെ ചർച്ച വേണമോ വേണ്ടയോ എന്നുള്ള കാര്യം — അങ്ങ് തീരുമാനിച്ചാൽ. എനിക്ക് യാതൊരു വിരോധവുമില്ല.

ശ്രീ. ബേബി ജോൺ: ഗവൺമെൻറിന്റെ ഭാഗത്തുനിന്നും നിർദ്ദേശം വരുമ്പോഴാണ് അങ്ങ് തീരുമാനിക്കേണ്ടിവരുന്നത്. അല്ലാതെ അങ്ങ് സ്വയമേതീരുമാനിക്കാൻ ഒക്കുകയില്ല. അതുകൊണ്ട് ഗവൺമെൻറ് അതിന് തയ്യാറാകണം.

ശ്രീ. ടി.എം. ജേക്കബ്: ഗവൺമെൻറിന് യാതൊരു വിസമ്മതവുമില്ല.

മി. സ്പീക്കർ: റിപ്പോർട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിൽ ചെയറിന് സന്തോഷമേയുള്ളു.

ശ്രീ. ടി.എം. ജേക്കബ്: അങ്ങ് അതിൻമേൽ ഒരു തീരുമാനമെടുത്ത്. അത് എന്നാണ് ചർച്ച ചെയ്യേണ്ടതെന്നു പറഞ്ഞാൽ ഗവൺമെൻറ് ഒരുക്കമാണ്. ഗവൺമെൻറിന് നിയമസഭയിൽ ചർച്ച ചെയ്യുന്നതിൽ യാതൊരു വിസമ്മതവുമില്ല. അതുകൊണ്ട് അങ്ങ് ആ കാര്യത്തിൽ ഒരു തീരുമാനമെടുത്താൽ മതി. മറെറാരു കാര്യം ഇവിടെ സൂചിപ്പിച്ചത് ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടടക്കമുള്ള കാര്യങ്ങളിൽ യൂണിവേഴ്സിറ്റി ഭരണസമിതികളിൽ രാഷ്ട്രീയക്കാരുടെ ഇടപെടലിനെക്കുറിച്ചാണ്. ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപെടുത്താൻ ഞാനാഗ്രഹിക്കുന്നത് കേന്ദ്രഗവൺമെൻറ് പുതുതായി കൊണ്ടു വന്നിരിക്കുന്ന നയത്തിന്റെ രൂപരേഖ അംഗീകരിച്ചു കഴിഞ്ഞിട്ടില്ല. പാർലമെൻറിൽ അവതരിപ്പിച്ചു. വിദ്യാഭ്യാസമന്ത്രിമാരുടെ സമ്മേളനത്തിൽ ചർച്ച ചെയ്തു. എല്ലാ സംസ്ഥാനങ്ങളും അത് ചർച്ച ചെയ്യണമെന്നു പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ചർച്ചകൾ നടത്താനുള്ള ക്രമീകരണങ്ങൾ ഞങ്ങൾ ചെയ്തുവരികയാണ്. അതിനകത്ത് പ്രധാനമായും പറഞ്ഞിരിക്കുന്ന ഒരു സംഗതി രാഷ്ട്രീയം നമ്മുടെ വിദ്യാഭ്യാസരംഗത്തുനിന്നും മാറേണ്ടതാണ് ആവശ്യമാണെന്നാണ്. അതിനെക്കുറിച്ച് ഞാൻ ഡൽഹിയിൽ പറഞ്ഞത് ഇത് പല തലങ്ങളിലും ചർച്ച നടത്തിയതിനുശേഷം എടുക്കേണ്ട ഒരു തീരുമാനമാണെന്നാണ്. ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തുപോലെതന്നെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ സ്ഥിതിയും. ഞങ്ങൾക്കറിയാം. ഗാന്ധിജി യൂണിവേഴ്സിറ്റിയെക്കുറിച്ച് ഇവിടെ പോദിച്ചു. ഗാന്ധിജി യൂണിവേഴ്സിറ്റിക്ക് യു.ജി.സി. അംഗീകാരം നൽകാതിരുന്നതിന്റെ പ്രധാനപ്പെട്ട കാരണം നമ്മുടെ യൂണിവേഴ്സിറ്റി നിയമത്തിലുള്ള സെനറ്റ് സിൻഡിക്കേറ്റ് തുടങ്ങിയ രേണസമിതികളെ സംബന്ധിച്ചാണ്. യു.ജി.സി. പറയുന്നത് സെനറ്റ് പാടില്ല എന്നാണ്. സിൻഡിക്കേറ്റാണെങ്കിൽത്തന്നെയും അക്കാഡമിഷ്യൻസ് മാത്രമായിരിക്കണം. പിന്നെ ഗവൺമെന്റിന്റെ നോമിനികളാകാം. അത് ബൈ റൊട്ടേഷൻ നോമിനേഷൻ വഴിവരണമെന്നാണ് അവർ പറയുന്നത്.

യൂണിവേഴ്സിറ്റികളിൽ നിന്ന് രാഷ്ട്രീയം മാറ്റി നിറുത്തണമെന്ന കാര്യം യു.ജി.സി. വളരെ ശക്തമായി പറഞ്ഞിട്ടുള്ളതാണ്. അവർ പറയുന്ന ഒരു സംഗതിയെന്താണെന്നുവച്ചാൽ പുതിയതായി ആരംഭിക്കാൻപോകുന്ന യൂണിവേഴ്സിറ്റികളിലെല്ലാം ഈ നിലപാട് സ്വീകരിക്കണമെന്നാണ്. അതുപോലെതന്നെ അവർ പറയുന്ന മറ്റൊരു സംഗതി നിലവിലുള്ള യൂണിവേഴ്സിറ്റി നിയമത്തിൽ മാറ്റം വരുത്തി ഇത് ഇൻകോർപ്പറേറ്റ് ചെയ്യണമെന്നാണ്. ഇക്കാര്യത്തിൽ യു.ജി.സി. വളരെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞ നിയമമായാലും ഓർഡിനൻസായാലും അത് നിയമസഭയിൽ ചർച്ച ചെയ്തപ്പോഴും കേരളനിയമസഭ ഏകകണ്ഠമായി അഭിപ്രായം പറഞ്ഞതാണ്. അതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. യുടെ തീരുമാനങ്ങളും പുനഃപരിശോധിക്കുകയും ചെയ്തതാണ്. രാഷ്ട്രീയസ്വാധീനമുള്ള പ്രാതിനിധ്യം ഇതിനകത്തുണ്ട്. അത് നിലനിറുത്തിത്തരണമെന്ന് സംസ്ഥാന ഗവൺമെന്റിനുവേണ്ടി ഞാൻ യു.ജി.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അതിനെ സംബന്ധിച്ച് അതാണ് സ്ഥിതി. ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിൽ മാത്രമല്ല ഈ രംഗത്തെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള പല കമ്മിറ്റികളും കമ്മീഷനുകളും ഈ അഭിപ്രായം തന്നെയാണ് പറഞ്ഞിരിക്കുന്നത്. മറ്റ് കാര്യങ്ങളെക്കുറിച്ചൊന്നും ദീർഘമായിട്ട് പറയുന്നില്ല. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ ഒരു കാര്യം ഇവിടെ പറഞ്ഞു. യൂണിവേഴ്സിറ്റി നിയമത്തിൽ സമഗ്രമായൊരു ഭേദഗതിവേണമെന്നാണ് പറഞ്ഞത്. ഗവൺമെന്റ് യൂണിവേഴ്സിറ്റി നിയമം പാസ്സാക്കിയശേഷം നമ്മുടെ എല്ലാ യൂണിവേഴ്സിറ്റികൾക്കുമായിട്ട് ഒരു ഏകീകൃത നിയമം കൊണ്ടുവരാൻവേണ്ടിയുള്ള നടപടികൾ ഡിപ്പാർട്ടുമെന്റ് ആരംഭിച്ചിട്ടുണ്ട്. അത് കഴിയുന്നതും വേഗം കൊണ്ടുവരാൻകഴിയും. ഈ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളിലും നടപടി സ്വീകരിക്കുന്നതാണ്.

അതുപോലെയാണ് എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിൻമേൽ ഇന്ന് ഒന്നും ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞു. അദ്ദേഹത്തിനറിയാം. എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിൻമേൽ വളരെയേറെ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. അങ്ങേയ്ക്കുതന്നെയറിയാം. മിക്കവാറുമെല്ലാം പത്രങ്ങളിൽ വരുന്നുണ്ട്. പുതിയ കോടതികൾ രൂപീകരിച്ചതും ആ കോടതികളിലൂടെ കേസുകളെല്ലാംതന്നെ ശിക്ഷിച്ചതും അറിയാതെ അവിശ്വസിക്കുന്നു. അതുപോലെ തന്നെ എം.പി. മേനോൻ കമ്മീഷൻ റിപ്പോർട്ടിനകത്തു ചില പരാമർശനങ്ങളുണ്ട്. ഹയർ സെക്കണ്ടറി ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കണമെന്നുള്ളതാണ്. ആ ബോർഡ് രൂപീകരിക്കുന്നതി നുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുകയാണ്. അതു മായി ബന്ധപ്പെട്ടുള്ള കാര്യങ്ങളും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. പിന്നെ കമ്മീഷൻ റിപ്പോർട്ട് ചവറുകുട്ടയിലേയ്ക്കൊന്നും തള്ളിയിട്ടില്ല. എൻട്രൻസ് ടെസ്റ്റ് അടക്കമുള്ള പല കാര്യങ്ങളും അതിനകത്ത് എടുത്ത നടപടികളാണ്. പൊതുവായിട്ട് ഇത്രയും കാര്യങ്ങളാണ് ഇതിനെക്കുറിച്ച് പറയാനുള്ളത്. ഇവിടെ ചില അംഗങ്ങൾ പറഞ്ഞത്, വിദ്യാഭ്യാസ രംഗത്ത് സ്വകാര്യമേഖലയ്ക്ക് അമിതമായ താൽപ്പര്യം കൊടുത്ത് നിലനിറുത്താൻ വേണ്ടി ഈ മന്ത്രിസഭയെ ഇങ്ങനെ താങ്ങി നിറുത്തുന്നു, ശ്രീമാൻ കരുണാകരൻ അങ്ങനെയാണു ഇതിനെ സപ്പോർട്ട് ചെയ്യുന്നതെന്നൊക്കെയാണ്. അങ്ങനെയൊന്നും അല്ല. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് രൂപംകൊണ്ടത് അല്ലെങ്കിൽ ഐക്യ ജനാധിപത്യമുന്നണി ഒരഞ്ഞെടുപ്പിൽ മൽസരിച്ചത് അഞ്ചുവർഷക്കാലം ഈ രാജ്യം ഭരിക്കുമെന്നുള്ള ഉറപ്പോടുകൂടിതന്നെയാണ്. അതു പോലെതന്നെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ കൂട്ടായ തീരുമാനങ്ങളാണ്. ഇതിനകത്ത് ഒറ്റപ്പെട്ട തീരുമാനങ്ങളില്ല. ജനങ്ങൾക്ക് പ്രയോജനപ്രദമായ തീരുമാനങ്ങ ളെടുക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ മുന്നണി സംവിധാനം ഭദ്രമായിട്ട് പോകണമെന്നാണ് ഘടകകക്ഷികളുടെ ആഗ്രഹം. അതിനെ തകർക്കാനുള്ള ആഗ്രഹം സഫലീകൃതമാകാത്തതുകൊണ്ട് ഓരോരുത്തരും ഇവിടെവന്നിരുന്ന്, ഓരോ രീതിയിൽ, അവരുടെ സങ്കൽപ്പങ്ങൾക്കും ഭാവനകൾക്കുമനുസരിച്ച് ഓരോ കഥകൾ കെട്ടി ച്ചമയ്ക്കുന്നുവെന്നുള്ളതിൽക്കവിഞ്ഞ് അതിനപ്പുറത്തേയ്ക്ക് ഒന്നു മില്ല. ഏതായാലും ഈ സർക്കാർ പൂർണ്ണമായും കാലാവധി പൂർത്തി യാക്കുന്നതുവരെ പോകും. അത് ഈ രാജ്യത്തിന്റെ ആവശ്യ മാണ്. ഈ സംസ്ഥാനത്തിന്റെ ഉത്തമതാൽപ്പര്യങ്ങൾ കരുതിമാത്ര മാണ് ഗവൺമെന്റ് ഇങ്ങനെയുള്ള നടപടികൾ എടുത്തിരിക്കു ന്നത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എ.വി. താമരാക്ഷൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. എം.വി. രാഘവൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1983-ലെ സർവ്വകലാശാലാനിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണ മെന്നപ്രമേയം. സഭ വോട്ടിനിട്ടു അംഗീകരിച്ചു.

വകുപ്പുതിരിച്ചുള്ള ചർച്ച

2-ാം വകുപ്പ്

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

In sub-section (2) of section 56 of the Kerala University Act, 1974 proposed to be substituted by clause 2 (b) in the proviso, for the words "such further period not exceeding one year" substitute the words "such further period not exceeding three months".

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ ക്ലാസിലുള്ള ഭേദഗതിയാണ്. ഈ ബില്ലിലെ രണ്ടാം ക്ലാസിലെ ഭേദഗതിയനുസരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും പുതിയ കോളേജുകൾക്കുള്ള അനുമതിക്കും വേണ്ടി സ്റ്റാറ്റ്യൂട്ട് പ്രകാരം യൂണിവേഴ്സിറ്റി തീരുമാനിക്കുന്നതിനപ്പുറം ഒരുകൊല്ലംവരെ എക്സ്റ്റൻഷൻ കൊടുക്കാനുള്ള അധികാരം ചാൻസിലർക്കുണ്ടായിരിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്ന മാറ്റം. ഇപ്പോൾ സിൻഡിക്കേറ്റാണ് അത് ചെയ്യുന്നത്. ഇവിടെ മുമ്പു സംസാരിച്ച മന്ത്രിയുൾപ്പെടെയുള്ള പല ആളുകളും ഇത്തരം അക്കാദമിക്കായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് യൂണിവേഴ്സിറ്റികൾക്കുള്ള അധികാരപരിധി എത്ര പ്രധാനമാണെന്നുള്ളത് വളരെ ഊന്നിപ്പറഞ്ഞു. യൂണിവേഴ്സിറ്റിയുടെ അതോറിറ്റി അത് സെനറ്റായാലും സിൻഡിക്കേറ്റായാലും ഇന്നു നിലവിലുള്ള നടപടിക്രമമനുസരിച്ച് മുന്നോട്ടുപോകുമ്പോൾ അതിനകത്ത് ഇടപെടുന്നത് ശരിയല്ല. ഇപ്പോൾ ഇതിൽ പറയുന്നതരത്തിലാണെങ്കിൽ ഇടപെടൽ അപരിമിതമാണ്. ഈ ഒരു കൊല്ലത്തെ എക്സ്റ്റൻഷൻ അടുത്ത കൊല്ലവും ആകാം. എന്നുവച്ചാൽ, യൂണിവേഴ്സിറ്റി സ്വന്തം സ്റ്റാറ്റ്യൂട്ട് പ്രകാരം ഇപ്പോൾ നിയന്ത്രിക്കുന്ന ഒരുകാര്യം പരിപൂർണ്ണമായി പുതിയ കോഴ്സുകളും പുതിയ കോളേജുകളും തുടങ്ങുന്നതിനുള്ള അനിയന്ത്രിതമായ അധികാരം ഗവൺമെന്റ് ഏറ്റെടുക്കണമെന്നല്ലേ അർത്ഥം? അതിന് ഒരു പരിമിതിയും ഇതിലില്ല. ഒരു പരിധിയുമില്ല. ഇത് യൂണിവേഴ്സിറ്റിയുടെ സ്വയംഭരണാവകാശത്തിന്റെ കടയ്ക്കു കത്തിവയ്ക്കുന്ന ഒരു സമ്പ്രദായമാണ്. ഇത് തത്വത്തിൽ യാതൊരു കാരണവശാലും അനുകൂലിക്കുവാൻ കഴിയുന്ന ഒരു സംഗതിയല്ല. രണ്ടാമത് ഇതിൽ ഒരു കൊല്ലമെന്ന് പറഞ്ഞിട്ടുണ്ട്. കുറെ മാസങ്ങളോ, കുറെ തീയതികളോ, കുറെ ആഴ്ചകളോയൊക്കെയായിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. ഇത് ഒരുകൊല്ലം എന്നു പറഞ്ഞിരിക്കുന്നതിന്റെ ഫലമായിട്ട് ഷെഡ്യൂൾ ആകെത്തന്നെ തെറ്റുകയാണ്. അദ്ധ്യയനവർഷം ആരംഭിക്കുന്നതിനോ അവസാനിക്കുന്നതിനോ കുട്ടികൾക്ക് എൻട്രൻസ് നിശ്ചയിക്കുന്നതിനോ ലിസ്റ്റ് ഉണ്ടാക്കുന്നതിനോ ഒന്നും കഴിയാത്തവിധത്തിൽ സമയബന്ധിതമായി ഇന്ന് പൊയ്ക്കൊണ്ടിരിക്കുന്ന നിലവിലുള്ള സംവിധാനത്തിന്റെ ഒരു സമയബന്ധിത പരിമിതി സ്വഭാവം മുഴുവൻ പോകുകയും ചെയ്യും. പ്രത്യേകിച്ചും അരാജകത്വം വരുത്താൻ ഇടയാക്കുകയും ചെയ്യുന്ന ഒരു കാര്യമാണ്. വിദ്യാഭ്യാസ രംഗത്ത് കോഴ്സുകളും കോളേജുകളും തുടങ്ങുന്നതിൽ നടക്കുന്ന കുംഭകോണവും അഴിമതിയും ക്രമക്കേടുമൊക്കെ നമുക്കറിയാവുന്നതാണ്. [illegible] എക്സിക്യൂട്ടീവിൽ ചാൻസലർക്കധികാരം കൊടുക്കുന്നുവെന്ന് പറഞ്ഞാൽ പച്ചമലയാളത്തിൽ ഗവൺമെന്റ് അധികാരം കൊടുക്കുന്നുവെന്നാണ്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലും ചില രാഷ്ട്രീയപ്രവർത്തകർ ഒരു പക്ഷേ കണ്ടേയ്ക്കാം. രാഷ്ട്രീയ പ്രവർത്തകർ അല്ലാത്തവർ കൂടുതൽ പേരുള്ള ഒരു അക്കാദമിക് സംവിധാനമാണ് അത്. അതിന്റെ സ്ഥാനത്ത് രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ഗവൺമെന്റധികാരികളുടെ കയ്യിലേയ്ക്കു അധികാരം പോയാൽ സമ്മർദ്ദങ്ങൾക്ക് വിധേയമാണ്. അതിൽ രാഷ്ട്രീയ സമ്മർദ്ദം വരും, ജാതിയുടെ സമ്മർദ്ദംവരും, മതത്തിന്റെ സമ്മർദ്ദം വരും, മനോമിനേഷൻ തുടങ്ങി മറുപലതിന്റെയും വരും. അങ്ങനെനോക്കിയാൽത്തന്നെ പുതിയ കോഴ്സുകളും കോളേജുകളും തുടങ്ങുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അഫീലിയേഷൻ കൊടുക്കുന്നതിനുള്ള അധികാരം യൂണിവേഴ്സിറ്റി യുടെ കൈയിൽനിന്ന് ഗവൺമെന്റ് പരിപൂർണ്ണമായിഎടുത്ത് കയ്യാളുകയും രാഷ്ട്രീയ സമ്മർദ്ദങ്ങൾക്ക് കൂടുതൽ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ വിധേയമാക്കാൻ ഇടയാക്കുകയും ചെയ്യും എന്നുള്ളതായിരിക്കുമതിന്റെ ഫലം. അതാണ് എന്റെ ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്നത്. രണ്ടാമത്തെ വായനയുടെ സന്ദർഭത്തിൽ ഒരു കൊല്ലം എന്നുള്ളത് മൂന്നുമാസമായി ചുരുക്കണമെന്നു നിർദ്ദേശിക്കയാണ്. അതിനെ ഞാൻ പ്രസ് ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, അദ്ദേഹം പറഞ്ഞ ആശങ്കയ്ക്ക് വലിയ അടിസ്ഥാനം അക്കാര്യത്തിൽ ഇല്ല. ഒന്ന്, ഇത് യൂണിവേഴ്സിറ്റിയുടെ ആട്ടോണമിയെ കൈ കടത്തുന്ന പ്രശ്നമില്ല. കോഴ്സുകളും കോളേജുകളും തുടങ്ങാനുള്ള തീരുമാനം പൂർണ്ണമായും നിക്ഷിപ്തമായിരിക്കുന്നത് യൂണിവേഴ്സിറ്റികൾക്കാണ്. യൂണിവേഴ്സിറ്റി അപേക്ഷ പരിഗണിച്ചശേഷം ഗവൺമെൻറിലേക്ക് ശുപാർശചെയ്യുന്നു. അതിൽ എന്തെല്ലാം തീരുമാനങ്ങൾവേണമെങ്കിലും എടുക്കാൻ ഗവൺമെൻറിനു അധികാരമുണ്ട്. മുൻകാലങ്ങളിലുള്ള അധികാരം തന്നെയാണ് ഇപ്പോഴുമുള്ളത്. ആട്ടോണമിയുടെ പ്രശ്നം അതിൽ വരുന്നില്ല. ഒരു വർഷം എന്നുള്ള സമയപരിമിതി, ചാൻസിലർക്ക് എക്സ്റ്റൻഡ് ചെയ്യാനുള്ള വൺ ഈയർ എന്നുള്ളത് മൂന്നുമാസമാക്കിക്കൊടുക്കണമെന്നാണ് അദ്ദേഹം ഇവിടെപ്പറഞ്ഞത്. ഈ ഓർഡിനൻസ് തന്നെ പലപ്രാവശ്യം പുറപ്പെടുവിച്ചതാണ്. 1982-ൽ നിലവിൽവന്നതാണ്. അതിനുശേഷം മൂന്നുമാസത്തിൽകൂടുതൽ സമയവും ചാൻസിലർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്. മാറ് ഓർഡിനൻസുകളും നിലവിലുണ്ടായിരുന്നപ്പോഴും എടുത്ത തീരുമാനങ്ങളും ഈ ഭേദഗതി അംഗീകരിച്ചാൽ അതിനകത്ത്. ബുദ്ധിമുട്ടായിട്ടുവരും. പരമാവധി വൺ ഈയർ എന്നാണ്. അത് നീട്ടിക്കൊണ്ടുപോകുന്ന പ്രശ്നമില്ല. കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യമെന്നനിലയിലാണ് സാധാരണ ഇതിന്റെ എക്സ്റ്റൻഷൻ കൊടുക്കാറുള്ളത്. 1982-നുശേഷം 9-ാമത്തെ പ്രാവശ്യമാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇതിനകത്തുള്ള എക്സ്റ്റൻഷൻ എന്നു പറയുന്നതുതന്നെ കുട്ടികൾക്ക് അല്ലെങ്കിൽ അക്കാഡമിക് സെക്ടറിന് ബുദ്ധിമുട്ടുണ്ടാക്കുന്ന നിലയിൽ ചെയ്തിട്ടില്ല. അതുകൊണ്ട് ദുരുപയോഗപ്പെടുത്തുകയില്ല. ഈ മൂന്നുമാസമെന്നുള്ളത് അംഗീകരിച്ചാൽ ഞാൻ പറഞ്ഞ ഈ സാങ്കേതികമായ ബുദ്ധിമുട്ട് അതിനകത്ത് വരും. അതുകൊണ്ട് അങ്ങ് ഇത് പ്രസ് ചെയ്യരുതെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: പ്രായോഗികമായി ഇപ്പോഴും മൂന്നുമാസംകൊണ്ട് കഴിയുമെന്നുണ്ടെങ്കിൽ പിന്നെ എന്തിനാണ് ഒരുകൊല്ലം?

ശ്രീ. ടി.എം. ജേക്കബ്: ഞാൻ അത് പറഞ്ഞല്ലോ? ഇതിനകത്ത് ഹൈക്കോടതിവിധി വന്നതുകൊണ്ടാണല്ലോ ഈ അമൻഡ്മെന്റ് നമുക്കാവശ്യമായി വന്നത്. അതുവരെ നമ്മളൊന്നും ചെയ്തിരുന്നതെന്താണെന്നുവച്ചാൽ സെപ്റ്റംബർ, ഒക്ടോബർ മാസമാകുമ്പോഴാണ് ആണ് തീരുമാനങ്ങളെടുത്തുകൊണ്ടിരുന്നത്. അതുകൊണ്ട് "വൺ ഈയർ" എന്നു കിടക്കുന്നതാണ്. ബുദ്ധിമുട്ടുണ്ടാകാതിരിക്കുവാൻ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ടു സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

3-ാം വകുപ്പ്

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

4-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, I move that in clause 4, for sub-clause (1), the following sub-clause shall be substituted, namely:—

"(1) The University Laws (Amendment) Ordinance, 1985 (60 of 1985), is hereby repealed".

ഈ ഭേദഗതി ചെറിയ ഒരു സാങ്കേതികമായിട്ടുള്ള കാര്യം മാത്രമാണ്. നേരത്തേ പറഞ്ഞിരിക്കുന്നത് അങ്ങനെയല്ല. അതൊന്നുമാറ്റി ഇതാക്കണമെന്നാണ് ഭേദഗതി.

വിദ്യാഭ്യാസ വകുപ്പു മന്ത്രി അവതരിപ്പിച്ച ഭേദഗതി വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ്, ബില്ലിന്റെ ഭാഗമായിത്തീർന്നു.

1-ാം വകുപ്പ്

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): I move that in sub clause (1) of clause 1, for the figures "1983", the figures "1985" shall be substituted. ബില്ലിനകത്ത് പറഞ്ഞിരിക്കുന്നത് 1983 എന്നാണ്, ഇപ്പോഴത് 1985 ആയി. 83 എന്നുള്ളത് 85 ആക്കി മാറ്റണമെന്നുള്ളതാണ് ഭേദഗതി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പ്, ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

പീഠികയും തത്പ്രഖ്യാപനവാക്യവും പേരും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, ബില്ലിൽ പറഞ്ഞിരിക്കുന്നത് 34 എന്നാണ്. 36–ാമത്തെ വർഷമായി മാറിയിരിക്കുന്നതുകൊണ്ട് 34 എന്നുള്ളത് 36 ആക്കി മാറ്റണം.

In the Enacting Formula for the words ''Thirty fourth'' the the words ''Thirty-sixth'' shall be substituted എന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി അവതരിപ്പിച്ച ഭേദഗതി വോട്ടിനിട്ട് സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള പീഠികയും തത്പ്രഖ്യാപന വാക്യവും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം വോട്ടിനിട്ട് സഭ അംഗീകരിച്ചു. ഭേദഗതി ചെയ്ത പ്രകാരമുള്ള പീഠികയും തത്പ്രഖ്യാപനവാക്യവും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, 1983–ലെ സർവ്വകലാശാലാനിയമങ്ങൾ (ഭേദഗതി) ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. വയലാർ രവി): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ബില്ലിന്റെ ഫൈനൽ റീഡിംഗിൽ ചില കാര്യങ്ങൾ ചുരുക്കമായി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമത് സ്വകാര്യമേഖലയിൽ പുതിയ കോളേജുകൾ അനുവദിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ ചർച്ച വന്നു. അതുപോലെ പേമെൻറിനെ സംബന്ധിച്ച് മന്ത്രിയുടെ മറുപടിയും വന്നു. എനിക്ക് ഒരു കാര്യം വ്യക്തമാക്കാനുള്ളത് ഡയറക്ട് പേമെൻറ് നടത്തുന്ന സ്വകാര്യ വിദ്യാലയങ്ങളിൽ നിയമനത്തിന്റെ കാര്യത്തിൽ കൂടി റിസർവേഷൻ തത്വങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുമെന്ന ഒരു വ്യവസ്ഥ ഉണ്ടാക്കണം. ഇന്ന് നടക്കുന്ന ഇൻറർവ്യൂകളെല്ലാം തന്നെ കേവലം പ്രഹസനങ്ങളായിട്ടാണ് നടക്കുന്നത്. കളക്ടർമാർതന്നെ ഈ നിയമനാവസരത്തിൽ പോകാറില്ല, പോയാൽ തന്നെ കോളേജ് മാനേജ്മെൻറ് എടുക്കുന്ന നടപടിയിൽ ഒപ്പു വയ്ക്കുകയാണ് സാധാരണ ചെയ്യാറുള്ളത്. ഈ ദുഃസ്ഥിതി മാറണം. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഈ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ലിസ്റ്റ് തയ്യാറാക്കണം. ആ ലിസ്റ്റ് പി.എസ്.സി. തന്നെ തയ്യാറാക്കണം. ഇന്ന് നിലവിലിരിക്കുന്ന സർവ്വീസ ചട്ടങ്ങൾ അനുസരിച്ച് വേണ്ടത്ര പ്രാതിനിധ്യത്തോടുകൂടിയുള്ള ഒരു ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്വകാര്യമാനേജ്മെൻറുകളും ആ ലിസ്റ്റിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഒരു സ്ഥിതി ഉണ്ടാകണം. ഈ രാജ്യത്തെ എല്ലാ ജനങ്ങളും കൂടി കൊടുക്കുന്ന നികുതി, അത് കൊടുത്ത് നടത്തപ്പെടുന്ന സ്വകാര്യമാനേജ്മെൻറ് കോളേജുകളിൽ ഇന്നും നിയമനം ആ കോളേജ് നടത്തുന്ന സമുദായക്കാർക്കുമാത്രമായി നടത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങേയറ്റം കഷ്ടമാണ്. നമ്മുടെ നാട്ടിലെ എല്ലാ വിഭാഗം ആളുകൾക്കും ഈ നിയമനത്തിൽ പങ്കുണ്ടായിരിക്കണം. വാസ്തവത്തിൽ ആ ദുഃസ്ഥിതി ഇതുവരെ മാറ്റാൻ കഴിഞ്ഞിട്ടില്ല. നിയമനത്തിന്റെ കാര്യത്തിൽ അത് നടപ്പിലാക്കണം.

അതുപോലെതന്നെ പോളിടെക്നിക്കുകളിലും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അഡ്മിഷന്റെ കാര്യത്തിലും ഈ രാജ്യത്തെ എല്ലാ സമുദായക്കാർക്കും പ്രാതിനിധ്യം കിട്ടത്തക്ക നിലയിലുള്ള വ്യവസ്ഥകളും ഉണ്ടാകണം. എങ്കിലേ ഈ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം കൊണ്ട് ഇവിടത്തെ പാവപ്പെട്ട ആളുകൾക്ക് രക്ഷയുണ്ടാകൂ.

രണ്ടാമതായി നിയമനത്തിന്റെ കാര്യത്തിൽ ഇന്നും കോഴ വാങ്ങിക്കൊണ്ടിരിക്കുന്നു. നിയമനത്തിന്റെ കാര്യത്തിൽ മാത്രമല്ല അഡ്മിഷന്റെ കാര്യത്തിലും കോഴ നടക്കുന്നു. ഇത് പൂർണ്ണമായും നിരോധിക്കണം. നിയമനത്തിന്റെ കാര്യത്തിൽ കോഴ എന്ന പോലെതന്നെ സാർവ്വത്രികമായി ഈ രാജ്യത്ത് കോഴ ഇന്ന് നിലനിൽക്കുകയാണ്. അത് അവസാനിപ്പിക്കാനുള്ള ശക്തമായ നിയമനിർമ്മാണ നടപടികളും ഉണ്ടാകണം.

നമ്മുടെ വിദ്യാഭ്യാസ നിലവാരം അത്യന്തം ശോചനീയമാണ്. ഇത് ബോധപൂർവ്വമായ പ്രവർത്തനത്തിന്റെ ഭാഗമായിട്ട് ഉണ്ടായിട്ടുള്ളതാണ്. ഇതിന് ഒരു മാറ്റം വരുത്തണം. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ നിലയിൽ ഈ സർവ്വകലാശാലകളും മൂന്നിനേയും പുനഃസംഘടിപ്പിച്ച് ഈ രാജ്യത്തു ഉന്നതമായ നിലവാരം പുലർത്തുന്നതിനാവശ്യമായ സമഗ്രമായ ഒരു നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യത്തിൽ വിദ്യാഭ്യാസ മന്ത്രി പിന്നോക്കം പോകാൻ പാടില്ല. അടിയന്തിരമായി നിയമനത്തിന്റെ കാര്യത്തിൽ തീർച്ചയായും ഈ രാജ്യത്ത് സാമുദായിക പ്രാതിനിധ്യം കൊടുക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കണമെന്ന് ഒരിക്കൽ കൂടി ശക്തമായി ഈ മൂന്നാം വായനയിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ബിൽ നിയമമാക്കുന്നത് നമ്മുടെ യൂണിവേഴ്സിറ്റിയുടെ പരമാധികാരത്തിൻമേലുള്ള ഏറ്റവും വലിയ ഒരു കൈയേറ്റമാണ്. 1982–83 വർഷത്തിൽ കൊടുത്ത പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും അംഗീകാരം നൽകുന്നതിനുവേണ്ടിയാണ് യഥാർത്ഥത്തിൽ ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. മൊത്തത്തിൽ ആ ഓർഡിനൻസ് ഇനി നിയമമാക്കി മാറ്റേണ്ടയാതൊരാവശ്യവും ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഇല്ല. യൂണിവേഴ്സിറ്റിയെ മറികടന്നുകൊണ്ട് ഇഷ്ടംപോലെ ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് എന്ത് തോന്ന്യാസവും ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണമാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. നേരത്തെ മറുപടി പറഞ്ഞപ്പോഴും മന്ത്രി പറഞ്ഞു അഞ്ച് വർഷവും ഈ ഗവൺമെന്റ് ഭരിക്കുമെന്ന്. ഈ വിദ്യാഭ്യാസ മേഖലയിൽ പൂർണ്ണമായി സ്വകാര്യമാനേജ്മെന്റുകൾക്ക് അടിയറവയ്ക്കുന്ന അവസ്ഥ മാത്രമേ ഉണ്ടാകുന്നുള്ളൂ. അതിനെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ബിൽ നിയമമാക്കരുത്. എന്നാണ് എനിക്ക് ഇതേക്കുറിച്ച് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സൻ: യൂണിവേഴ്സിറ്റിയുടെ ആട്ടോണമി എന്നു പറയുന്നത് അക്കാഡമിക് കാര്യങ്ങളിൽ നല്കേണ്ടതേ വളരെ ആവശ്യമാണ്. സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് യൂണിവേഴ്സിറ്റിയുടെ അക്കാഡമിക്ക് ആട്ടോണമി നിലനിർത്തിക്കൊണ്ട് ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തേണ്ടതാവശ്യമാണ് എന്ന അഭിപ്രായമാണ് ഈ മൂന്നാം വായനയിൽ എനിക്ക് പ്രകടിപ്പിക്കാനുള്ളത്. അതുപോലെതന്നെ സ്വകാര്യകോളേജുകളിലേക്ക് കോഴ്സുകളും അതുപോലെ കോളേജുകളും അനുവദിക്കുന്നതിനെ സംബന്ധിച്ചുള്ള കാലാവധി ഒരു വർഷമായി ചാൻസലർക്ക് അധികാരം നൽകിയ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ കാര്യം ഗവൺമെന്റ് വളരെ ശ്രദ്ധയോടുകൂടി പരിശോധിക്കേണ്ടതാണ്.

നിയമനത്തിന്റെ കാര്യത്തിലും പ്രവേശനത്തിന്റെ കാര്യത്തിലും സംവരണം പാലിക്കുന്നതിനെക്കുറിച്ച് മാത്രമല്ല, പിന്നോക്കസമുദായക്കാർക്കുവേണ്ടിയുള്ള സംവരണം മാത്രമല്ല ഹരിജനങ്ങളായിട്ടുള്ള ആളുകൾക്ക് യാതൊരു തരത്തിലുള്ളതായ നീതിയും ലഭിക്കുന്നില്ല, പ്രത്യേകിച്ച് സ്വകാര്യകോളേജുകളിൽ നടക്കുന്ന പ്രവേശനത്തിൽ മാനേജ്മെന്റും യൂണിവേഴ്സിറ്റിയുടേയും ഗവൺമെന്റിനേയും നോമിനികളും ഒത്തുകൂടിക്കൊണ്ട് പിന്നോക്ക സമുദായങ്ങളേയും ഹരിജനങ്ങളേയും അവഗണിക്കുന്നു. അതിന് കർശനമായ ഒരു നിയന്ത്രണം ആവശ്യമാണ്. കോളേജ് പ്രവേശനത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ച് ഹരിജൻ വിദ്യാർത്ഥികൾക്കും പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികൾക്കും—ഏത് സമ്പ്രദായം നടത്തുന്നു എന്നുള്ളതല്ല നോക്കേണ്ടത്—എല്ലാ വിഭാഗങ്ങൾക്കും വിദ്യാഭ്യാസ സൗകര്യം തുറന്നുകൊടുക്കാനുള്ള കർശനമായ നിയന്ത്രണം ഗവൺമെന്റ് ഏർപ്പെടുത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ഇവിടെ ബഹുമാനപ്പെട്ട രാധാകൃഷ്ണനും ശ്രീ. ഹസ്സനും ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഡയറക്ട് പേമെന്റ് എഗ്രിമെന്റും അതിനോടനുബന്ധമായ മറ്റ് കാര്യങ്ങളെ സംബന്ധിച്ചുമാണ്. ഡയറക്ട് പേമെന്റ് എഗ്രിമെന്റിനകത്ത് നമ്മൾ വച്ചിരിക്കുന്ന വ്യവസ്ഥ അനുസരിച്ചാണ് ഗവൺമെന്റ് നോമിനി, സബ്ജക്ട് എക്സ്പർട്ട്, മാനേജ്മെന്റിന്റെ ഒരു നോമിനി, ഈ മൂന്ന് അംഗങ്ങൾ കൂടുന്ന ഒരു കമ്മിറ്റിയാണ് ഈ കോളേജുകളിലേക്കുള്ള തസ്തികകളിലെ നിയമനം നടത്തേണ്ടതെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനകത്ത് ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞു, കളക്ടർമാരോ മറ്റ് ആളുകളോ ഇതിന് വിളിച്ചാൽ പോകാനില്ല എന്ന്. അങ്ങനെ ചെയ്യാൻ സാദ്ധ്യമല്ല. ഈ മൂന്ന് ആളുകളും കൂടി ഒപ്പിട്ടുകൊടുക്കുന്ന അപ്പോയിന്റ്മെന്റ് ആണ് വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് അപ്രൂവ് ചെയ്യുന്നത്. ഗവൺമെന്റ് അപ്രൂവ് ചെയ്യുന്നുവെങ്കിൽ മാത്രമേ അവർക്ക് ശമ്പളം കിട്ടുകയുള്ളു. അതുകൊണ്ട് ഈ മൂന്ന് ആളുകളും പങ്കെടുക്കണം. പിന്നെ പോകുന്ന ആളുകൾ എങ്ങനെ പെരുമാറുന്നു എന്ന് എനിക്ക് ഇവിടെ ഒരു നിർദ്ദേശം കൊടുക്കാൻ കഴിയുകയില്ല. പോകുന്ന ആളുകളെ മെറിറ്റടിസ്ഥാനവും മറ്റെല്ലാ വിഷയങ്ങളും ചുമതലപ്പെടുത്തിയാണ് നമ്മൾ അയ്ക്കുന്നത്. ഇവർ ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കാൻ ബാദ്ധ്യസ്ഥരാണ്. അവർ അങ്ങനെ ചെയ്യേണ്ടതുമാണ്. പ്രവേശനത്തിന്റെ കാര്യത്തിൽ—മെരിറ്റടിസ്ഥാനത്തിലുള്ള പ്രവേശനമുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് ഹരിജൻ ഗിരിജൻ വിഭാഗത്തിന് റിസർവേഷനുണ്ട്. കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷനുണ്ട്. അങ്ങനെയുള്ള പല തരത്തിലാണ് കുട്ടികളെ പ്രവേശിപ്പിക്കുന്നത്. അതിനകത്ത് എവിടെയെങ്കിലും വീഴ്ചകൾ വരുത്തുന്നുണ്ടെങ്കിൽ തീർച്ചയായും ചൂണ്ടിക്കാണിച്ചാൽ നടപടികൾ സ്വീകരിക്കാൻ കഴിയും, അങ്ങനെ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ സംഗതി ഈ ബില്ലിന്റെ ആവശ്യമില്ല എന്നാണ്. അത് ശരിയല്ല. നമ്മൾ ഇവിടെ ഓർഡിനൻസ് ഇറക്കിക്കഴിഞ്ഞപ്പോൾ ആ നിയമം പ്രാബല്യത്തിൽ വന്നു. അതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രവേശനം കിട്ടി, 1982—ൽ കയറിയ കുട്ടികൾ പഠിച്ച് പുറത്തിറങ്ങി. പക്ഷേ അത് നിയമമായി മാറിയില്ലെങ്കിൽ ഈ നിയമം വഴി പ്രവേശനം കിട്ടുകയും കോഴ്സ് പൂർത്തിയാക്കുകയും ചെയ്ത കുട്ടികളുടെ ഭാവി കുഴപ്പത്തിലാകും. അതുകൊണ്ട് നിയമം നിയമമായി തന്നെ വരേണ്ടത് ആവശ്യമായിട്ടുണ്ട്.

ശ്രീ. ബേബി ജോൺ: ഒരു ഓർഡിനൻസിന്റെ നിയമ പ്രാബല്യത്തിന്റെ അടിസ്ഥാനത്തിൽ പ്രവേശനം കിട്ടിയ കുട്ടികൾക്ക് അത് എങ്ങനെയാണ് ഇല്ലാതാകുന്നത്?

ശ്രീ. ടി.എം. ജേക്കബ്: അങ്ങനെയാകും; കാരണം അന്ന് ആ നിയമ പ്രാബല്യത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു. പിന്നീട് സബ്സിക്വന്റായിട്ട് അത് ചെയ്തില്ലെങ്കിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്ന് ആണ് എനിക്ക് കിട്ടിയിരിക്കുന്ന ഉപദേശം. എനിക്ക് കിട്ടിയ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ഇവിടെ പറഞ്ഞതാണ്. അതുകൊണ്ട് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി നമ്മൾ കൊണ്ടുവരേണ്ടതായിട്ടുള്ളത്. അങ്ങനെയാണെങ്കിൽ അത് ഒരു നിയമമായി മാറേണ്ടതാവശ്യമാണ്.

മറ്റൊരു കാര്യംകൂടി ബഹുമാനപ്പെട്ട ബേബിജോണിനറിയാം. സാധാരണ ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞാൽ അത് നിയമമാക്കി മാറ്റുക എന്നുള്ള ധാർമ്മികമായ ചുമതല കൂടി ഗവൺമെന്റിനുണ്ട്. ആ ഉത്തരവാദിത്വം കൂടി ഗവൺമെന്റ് ഏറ്റെടുക്കുന്നു. ഈ രണ്ട് കാരണങ്ങളാലും ഇത് നിയമമായി മാറേണ്ടതാണ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1983—ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ അവസാനമായി സഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly